2014 ഏപ്രിൽ 12 മുതൽ മെയ് 11 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം




| | |
|---|---|
| പി.ആർ നാഥൻ | (ലേഖനം ) |
| ഇ. വാസു. | (കഥ) |
| എം.എസ്.കുമാർ | (കഥ) |
| രാജൻ ചിന്നങ്ങത്ത് | (കഥ) |
| സുകുമാർ കൂർക്കഞ്ചേരി | (ലേഖനം) |
| വത്സൻ നെല്ലിക്കോട് | (കഥ) |
| സി. കെ. രാഘവൻ | (കഥ) |
| വിനോദ്കുമാർ ദാമോദർ | (ലേഖനം) |
| അഷറഫ്. വി | (കഥ) |


വിഷു ആശംസകൾ




മുഖചിത്രം
**ശ്രുതിഹാസൻ**
(ഫിലിംസ്റ്റാർ)

Nakshathra Rajyam
(Monthly Magazine)
2014 April 12
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher & Owned by
**Nakshathrarajyam** E. Radhakrishnan
Edoli House, Kommeri P.O.
Kozhikode - 673007
Address
Managing Editor
NAKSHATHRA RAJYAM
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email: nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

**എഡിറ്റോറിയൽ**



# 2014 മേടം 1 വിഷു

2014 ഏപ്രിൽ 15ന് കേരളത്തിൽ വീണ്ടുമൊരു വിഷു ആഘോഷദിനം കൂടി സമാഗതമായിരിക്കുന്നു. സംസ്ഥാന ഭരണകൂടവും കേന്ദ്രഭരണകൂടവും കേരളത്തിലെ കേന്ദ്രമന്ത്രിമാരും പ്രതിപക്ഷവും 16-ാം പാർലിമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെരെഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെയും തുടർന്നുള്ള തെരെഞ്ഞെടുപ്പ് വിജയ കണക്കുകൂട്ടലുകളുടെയും തിരക്കിൽതന്നെയാണ് ഇപ്പോഴും. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സാധാരണ ജനങ്ങളാകട്ടെ തെരെഞ്ഞെടുപ്പ് പ്രവർത്തനത്തിലും.


ജനാധിപത്യ രാജ്യമായി ഒന്നാം സ്ഥാനത്ത് ലോകരാജ്യങ്ങൾ ആദരിക്കുന്ന ഭാരത ഭരണകൂടവും ഭാരതത്തിലെ പരമപ്രധാന സാക്ഷരരെ ഭരിക്കുന്ന കേരള സംസ്ഥാന ഭരണകൂടവും ജനങ്ങളുടെ ദുരിതത്തിന് നേരെ കണ്ണടച്ച് ഇരുട്ടാക്കുന്നതിനൊരുങ്ങാതെ പൊതു വിപണിയിൽ ജനങ്ങൾക്ക് ആവിശ്യമായ നിത്യോപയോഗ സാധനങ്ങളും മറ്റും എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അമാന്തിച്ചുകൂടാ. സദ്യയുണ്ടും പുതുവസ്ത്രം ധരിച്ചും പടക്കം പൊട്ടിച്ചും വേണമെങ്കിൽ എല്ലാദിവസവും കയ്യിൽ പണമുള്ള കേരളീയർക്ക് വിഷു ആഘോഷിക്കാം എന്നാൽ മേടം 1 വിഷു വർഷത്തിലൊരിക്കലെ ആഘോഷിക്കാൻ സാധിക്കൂ എന്ന തിരിച്ചറിവ് ഭരിച്ചുകൊണ്ടിരിക്കുന്ന ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്നവർക്കുദിക്കണം. എന്നാൽ ജനങ്ങൾക്ക് യാതൊന്നും നൽകാതെ മനസ്സ് കല്ലാക്കി വച്ചവരാണ് ഭരണക്കാർ എന്ന് എഡിറ്റോറിയൽ വായിച്ച് ആരും വ്യാഖ്യാനിക്കേണ്ടതായുമില്ല.

എന്തിനുമേതിനും സാധാരണ ജനങ്ങൾ പോലും പെരുന്നാളിനും വിഷുവിനും ഓണത്തിനും കൈനീട്ടം നൽകിയും മറ്റും കേരളത്തിൽ പരസ്പരം സഹായിക്കുന്നുണ്ടെന്ന തിരിച്ചറിവിൽ ഭരണകൂടം സാധ്യമായ നിത്യോപയോഗ സാധനങ്ങളും ഭക്ഷണ സാധനങ്ങളും ന്യായവിലക്ക് ജനങ്ങൾക്ക് ലഭിക്കാൻ വേണ്ടതായ നടപടികൾ സ്വീകരിക്കാൻ തത്പരരാവട്ടെ !

**മാനേജിംഗ് എഡിറ്റർ**

ലേഖനം

# സാങ്കൽപികം





**പി.ആർ. നാഥൻ**

ഒരു സംഘം യുവാക്കൾ വനത്തിലൂടെ നടന്നുപോകുകയാണ്. എന്തിനേയും പരിഹസിക്കുന്ന പ്രായം. ഇത്തരം പരിതസ്ഥിതിയിൽ മോശമായ രീതിയിൽ പെരുമാറുന്നുണ്ടെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇതെഴുതുന്ന വ്യക്തി ഈ പ്രായമെല്ലാം കടന്നുവന്ന ആളാണ്. സ്വാഭാവികമായും യൗവനത്തിൽ അതിന്റേതായ അഹങ്കാരം ഉണ്ടായിരുന്നു. താൻ വലിയ ജ്ഞാനിയാണെന്ന തോന്നൽ. തനിക്കു തുല്യമായി മറ്റാരുമില്ല എന്ന ധാരണ. ലോകത്തെ ചൂണ്ടുവിരലിന്റെ മുനയിൽ നമുക്കു നിർത്താൻ കഴിയുമെന്ന തോന്നൽ എന്തായാലും യുവാക്കളുടെ കുറ്റമല്ല ഇതൊന്നും. സ്വൽപം ലഹരിയൊക്കെ കഴിച്ച് അവർ വനത്തിലൂടെ നടന്നു. കാണുന്ന മൃഗങ്ങളെയൊക്കെ ദ്രോഹിച്ചു. കൈയ്യിലുള്ള പിച്ചാത്തി കൊണ്ട് വൃക്ഷത്തലപ്പുകൾ വെട്ടിമാറ്റി അവിടെ ഒരു ആശ്രമം. ആശ്രമത്തിന്റെ മുമ്പിൽ താടിക്കാരനായ ഒരു സന്യാസി ഇരിക്കുന്നു. ഈ പ്രായത്തിൽ സന്യാസിമാരെ കളിയാക്കുന്നത് രസകരമാണ്. എല്ലാവരും കൂടി ആശ്രമത്തിലേക്ക് കയറി. സന്യാസിയോട് അവർ ചോദിച്ചു.

''സ്വാമിയാണല്ലേ?''

''അതെ''

''തൊഴിലൊന്നും ചെയ്യാതെ സമൂഹത്തെ ദ്രോഹിച്ചു കഴിഞ്ഞുകൂടുന്നവരെ വിളിക്കുന്ന പേരാണല്ലെ. സ്വാമി എന്നത്. എന്താണ് സ്വാമിയുടെ വരുമാനമാർഗ്ഗം''.

''സ്വാമി ക്ഷുഭിതനായില്ല. അദ്ദേഹം പുഞ്ചിരിയോടെ യുവാക്കളോടു പറഞ്ഞു.

''വരുമാനമൊന്നുമില്ല.''

''പിന്നെ എങ്ങനെ ആഹാരം കഴിക്കും? ഭിക്ഷ യാചിക്കുമോ?''

''ഇല്ല്യ. ഞാൻ ആഹാരം കഴിക്കാൻ പോകുകയാണ്. കൂടെ ഇരിക്കുന്നതിൽ വിരോധമുണ്ടോ?''

''ഒരു വിരോധവുമില്ല. ഞങ്ങൾ കൂടെയിരുന്നു കഴിക്കാം.''

യുവാക്കൾ സ്വാമിയോടൊത്ത് ആഹാരം കഴിക്കാനിരുന്നു. സ്വാമി ഇലയിടുന്നതായി ആംഗ്യം കാണിച്ചു. നാടക ഭാഷയിൽ പറഞ്ഞാൽ മൈമിങ്. തുടർന്ന് ആഹാര വസ്തുക്കൾ ഓരോന്നായി വിളമ്പുന്നതായി ആഗ്യം തന്നെ. സ്വാമി ഗൗരവത്തിലാണ്. സ്വാമി ഒരിടത്തിരുന്ന് തൃപ്തിയോടെ ആഹാരം കഴിക്കാൻ തുടങ്ങി. സ്വാമി ഏമ്പക്കം വിടുന്നു. മുഖത്ത് സന്തോഷം ആംഗ്വരൂപത്തിലുള്ള സദ്യയുണ്ണൽ കണ്ട് യുവാക്കൾക്ക് മനഃപ്രയാസം. സ്വാമി സങ്കൽപ സദ്യ ആസ്വദിച്ചുകൊണ്ടിരുന്നു.

''എത്ര നല്ല സാംമ്പാറ്. എന്തു നല്ല അവീൽ പായസം ഉഷാറായിരിക്കുന്നു.'' സ്വാമി പറഞ്ഞുകൊണ്ടിരുന്നു.

ആഹാരം കഴിഞ്ഞ് സ്വാമി കൈകഴുകുമ്പോൾ യുവാക്കൾ സ്വാമിക്ക് അവരുടെ താമസസ്ഥലം പറഞ്ഞുകൊടുത്തു. സ്വാമിനാളെ ഉച്ചക്ക് അങ്ങോട്ടുവരണം. സ്വാമിക്ക് ആഹാരം തന്ന് സൽക്കരിക്കാനാണ്. വിരോധമില്ല എന്ന് സ്വാമി. യുവാക്കൾ യാത്രപറഞ്ഞ് സ്ഥലംവിട്ടു.

പിറ്റേന്ന് സ്വാമി സദ്യയുണ്ണാനായി യുവാക്കളുടെ താമസസ്ഥലത്തെത്തി. യുവാക്കൾ സ്വാമിയെ ഒരിടത്തിരുത്തി.സദ്യ വിളമ്പാൻ തുടങ്ങി. സംഭവം മൈമിങ്ങ് തന്നെ. സകലതും ആംഗ്യം. യുവാക്കൾ സദ്യ കഴിക്കുന്നതായി അഭിനയിച്ചു.

''സാമ്പാറ് തീരെ മോശമായിപ്പോയി. എന്താ ചെയ്യുക. അവീലാകട്ടെ അതിലും മോശം''.

രണ്ടാമൻ അയാളുടെ അഭിപ്രായം പറഞ്ഞുതുടങ്ങി.

''ഓലൻ ഒന്നിനും കൊള്ളാത്തതായിപ്പോയി. പായസമാകട്ടെ അതിലും ബോറ്.


സ്വാമി പറഞ്ഞു. ''നിങ്ങൾ ആഹാരമൊന്നും വിളമ്പിയിട്ടില്ലല്ലോ. ഇത് സങ്കൽപമല്ലെ''?

''സ്വാമിയും അന്ന് സങ്കൽപാഹാരമല്ലെ കഴിച്ചത്?''


''ആയിരിക്കാം. സങ്കൽപമെങ്കിലും നിങ്ങൾ കഴിച്ച ആഹാരത്തെ നിങ്ങൾ മോശമായി പറഞ്ഞു. ഞാൻ കഴിച്ചത് വളരെ സ്വാദുള്ള ആഹാരമായിരുന്നു. സങ്കൽപമായാലും നല്ല ആഹാരം കഴിക്കണം. നിങ്ങൾ പറയുന്നു. സാമ്പാറ് മോശം, പായസം മോശം എന്നൊക്കെ''.

യുവാക്കൾ കണ്ണുതുറിച്ചു. ജീവിതം ഒരു സാങ്കൽപിക സമസ്യയാണ്. നരകമെന്നാണ് പറയുന്നതെങ്കിൽ നരകം തന്നെ. സ്വർഗ്ഗമാണെന്ന് പ്രഖ്യാപിച്ചാൽ സ്വർഗ്ഗം തന്നെ.

# ഋഷിയുടെ അച്ഛൻ



സുകുമാർ കൂർക്കാഞ്ചേരി



കാക്കനാടൻ

മക്കളുടെ പേരുകൾ നോക്കി അച്ഛനമ്മമാരുടെ മനസ്സറിയാൻ പറ്റും. രാജൻ എന്ന പേര് മനസ്സിൽ ബാക്കി നിൽക്കുന്ന ഫ്യൂഡലിസ്റ്റിക് താൽപര്യമാണെന്ന് കാണിക്കുന്നതെന്നുപറയാം. പൊയ്പ്പോയ രാജ ഭരണത്തോടുള്ള ഉപബോധതലത്തിലെ ആരാധനയും ആ പേരിടുന്നതിനു കാരണമായിട്ടുണ്ടാവാം. ഋഷി എന്നു പേരിട്ട് മകനെവിളിക്കുന്നയാൾ എല്ലാ അർത്ഥത്തിലും മനസ്സിനുമേൽ ആധിപത്യം സ്ഥാപിക്കുന്ന യഥാർത്ഥ സന്യാസി സമൂഹത്തെപ്പറ്റി സ്വകാര്യമായ ആദരം കൂടെ കൊണ്ടുനടക്കുന്നുണ്ടാവും.

ഒരർത്ഥവുമില്ലാത്ത ഏതൊക്കയോ അക്ഷരദ്യായങ്ങൾ പേരാക്കി മാറ്റുന്നവരും ഉണ്ടല്ലോ. എന്നാൽ ജീവിതമെന്ന മഹാപ്രവാഹത്തിലെ വെറുമൊരു ബിന്ദുവെന്ന അർത്ഥം ഗ്രഹിച്ച് ഏതെങ്കിലുമൊരു സാധാരണക്കാരൻ തന്റെ മകൾക്ക് ബിന്ദുവെന്ന് നാമകരണം ചെയ്യുന്നതായി വിചാരിക്കാൻ കഴിയില്ല. എന്നാൽ ഏറെ വിദ്യാസമ്പന്നരും സാംസ്ക്കാരികോന്നതി നേടിയവരുമായ ജനവിഭാഗത്തിന്റെ കാര്യം ഒരിക്കലും അങ്ങനെയാവാൻ തരമില്ലല്ലോ.

ലബ്ധ പ്രതിഷ്ഠരായ ഏതാനും സാഹിത്യകാരന്മാരുമായി അടുത്തും അകലെയും നിന്നുള്ള ഇടപെടലുകൾ വഴി അവരുടെയൊക്കെ വാത്സല്യ ദൂദ്ധം നുകരാൻ ഇതെഴുതുന്നയാൾക്ക് അവസരങ്ങളുണ്ടായിട്ടുണ്ട്. എം.ടി., മുകുന്ദൻ, സി. രാധാകൃഷ്ണൻ, കുഞ്ഞബ്ദുള്ള ഇങ്ങനെചിലരൊക്കെ അതിൽപ്പെടും. എന്നാൽ ഋഷിയുടെ അച്ഛനായ ജോർജ്ജ് വർഗ്ഗീസ് കാക്കനാടൻ എന്ന മലയാള സാഹിത്യ സാഗരതീരത്തെ ഒറ്റപ്പെട്ട വിളക്കു മരത്തിനു ചുവട്ടിലെത്താനോ ആർക്കും എപ്പോഴും വെച്ചുനീട്ടിയ ആ സ്നേഹവെളിച്ചം കാണാനോ കഴിയാഞ്ഞത്. ഇപ്പോഴും കനത്ത നഷ്ട ബോധം തരുന്നുണ്ട്.

ഒരിക്കൽ കാക്കനാടന്റെ മകൻ ഋഷിയുടെ ഭാര്യ (അവർക്കു മലയാളം നന്നായി അറിയില്ലത്രേ) ഭർത്താവിന്റെ കയ്യിലിരുന്ന പുസ്തകത്തിന്റെ പുറംചട്ട തപ്പിതടഞ്ഞുവായിച്ചിട്ട് 'കാക്കനാടൻ എന്നത് കഥയുടെ പേരാണോ' എന്നു ചോദിച്ചു. അലല അതൊരു ലജന്റിന്റെ പേരാണെന്ന് ഋഷി മറുപടി പറഞ്ഞു. അച്ഛൻ അല്ലങ്കിൽ അമ്മ എന്നതിനപ്പുറം അവരാരാണെന്ന് മക്കൾ ശരിക്കും തിരിച്ചറിയുന്നത് ഒരപൂർവ്വ സൗഭാഗ്യമാണെന്ന് ഇതേക്കുറിച്ച് അശോകൻ ചരുവിൽ മനോരമയിൽ എഴുതിയിരിക്കുന്നു. മറിച്ച് മക്കളെപ്പറ്റിയുള്ള യഥാർത്ഥമായ തിരിച്ചറിവിന് സാധിക്കുന്ന അച്ഛനമ്മമാരും സുകൃതം ചെയ്തവർ തന്നെ.

1935ൽ തിരുവല്ലയിൽ ജനിച്ച ജോർജ്ജ് വർഗ്ഗീസ് കാക്കനാടന്റെ പിതാവ് കോട്ടയം ഈരാറ്റുപേട്ട അമ്പലക്കാട് ജോർജ്ജ് കാക്കനാടനു ക്രിസ്ത്യൻ മിഷനറി പ്രവർത്തകനായിരുന്നു. അമ്മ പാലക്കാരിയായ റോസമ്മ. പിതാവ് ജോർജ്ജ് സമുദായത്തിൽ ഒരു റിബലായിരുന്നു. കത്തോലിക്ക സഭയുമായി പിണങ്ങി സഭവിട്ടു ആളാണദ്ദേഹം. പിന്നീട് മാർത്തോമ സഭയിൽ ചേർന്ന് മിഷനറിയാവുകയായിരുന്നു. ഗാന്ധിയൻ ആദർശങ്ങൾക്കൊപ്പം കമ്മ്യൂണിസ്റ്റ് സൗഹൃദങ്ങളും കൊണ്ടുനടന്ന ആൾ. ആ കുടുംബം കൊട്ടാരക്കര മൈലത്ത് താമസിക്കുമ്പോഴാണ് എം.എൻ. ഗോവിന്ദൻ നായർ, പി.കെ. വാസുദേവൻ നായർ, പി.ടി. പുന്നൂസ് തുടങ്ങിയ നേതാക്കൾക്ക് ഒളിസങ്കേതം ഒരുക്കിയത്. വർഗ്ഗീസ് കാക്കനാടനെകൂടാതെ അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഇഗ്നേഷ്യസ് കാക്കനാടൻ അനുജന്മാരായ തമ്പി കാക്കനാടൻ, രാജൻ കാക്കനാടൻ എന്നിങ്ങനെയുള്ള ജോർജ്ജിന്റെ മക്കളെല്ലാം ബുദ്ധിജീവികളായിരുന്നു. ഒളിവിലായിരുന്ന കമ്മ്യൂണിസ്റ്റുകാർക്ക് വീട്ടിൽ അഭയവും ഭക്ഷണവും നൽകിയ പിതാവിന്റെ മഹത്വം മക്കൾക്കും കിട്ടിയിരുന്നു.

1955ൽ കെമിസ്ട്രി ഐച്ഛിക വിഷയമായെടുത്ത് ബി.എസ്.സി. പാസായശേഷം വർഗ്ഗീസ് കാക്കനാടൻ രണ്ട് വർഷം സ്വകാര്യ സ്കൂൾ അദ്ധ്യാപകനായി 1957 മുതൽ നാലുവർഷം സതേൺറെയിൽവേയിലും 1967 വരെ റെയിൽവേ മന്ത്രാലയത്തിലും ജോലി ചെയ്തു. അതിനിടെ ആഗ്രാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഘാസിയബാദ് എം.എം. എച്ച് കോളേജിൽ എം.എ. ഇക്കണോമിക്സിനു ചേർന്നു. 1967ൽ ജർമനിയിലേക്കുപോയി. ആറുമാസം ലിപ്സിഗിൽ ഭാഷാപഠനം. ആറുമാസം യൂറോപ്പുമുഴുവനും സഞ്ചരിച്ചു. പിന്നീട് കേരളത്തിൽ

മടങ്ങിയെത്തി. 1971–73 കാലത്ത് കൊല്ലത്ത് മലയാളനാട് വാരികയുടെ പത്രാധിപസമിതിയംഗമായി.

2008ൽ കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം ലഭിച്ചിരുന്നു. അതിനു മുമ്പേ 1980ൽ മികച്ച ചെറുകഥ സമാഹാരത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡും (അശ്വത്ഥാമാവിന്റെ ചിരി) 1984ൽ മികച്ച നോവലിനുള്ള അവാർഡും (ഒറോത) നേടിയിരുന്നു. 2003ൽ കേരള സാഹിത്യ അക്കാദമിയുടെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ്, മുട്ടത്തുവർക്കി അവാർഡ് (ഉഷ്ണമേഖല) പത്മപ്രഭ പുരസ്ക്കാരം, 2005ലെ മികച്ച ചെറുകഥ സമാഹാരത്തിനുള്ള കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് (ജാപ്പാണം പുകയില) എന്നിവയും കരസ്ഥമാക്കി. സാക്ഷി ഈ നായ്ക്കളുടെ ലോകം, ഉഷ്ണമേഖല, ഏഴാം മുദ്ര, ഒറോത, വസൂരി എന്നിവയാണ് പ്രധാനനോവലുകൾ. ഓണപ്പുടവ, പറങ്കിമല, ചിതലുകൾ എന്നീ രചനകൾ ചലച്ചിത്രമാവുകയുണ്ടായി. ഭരതൻ, കെ.ജി. ജോർജ്ജ്, കമൽ എന്നിവരായിരുന്നു യഥാക്രമം ആ ചിത്രങ്ങൾ സംവിധാനം ചെയ്യുന്നത്. നിരവധി കഥാ സമാഹാരങ്ങൾക്കു പുറമേ കുടജാദ്രിയുടെ സംഗീതം, കുളിര്, വേനൽ മഴ എന്നീ യാത്രവിവരണ ഗ്രന്ഥങ്ങളും എഴുതി പ്രസിദ്ധീകരിച്ചിരുന്നു.

1961ലാണ് ആദ്യത്തെ കഥയായ 'കാലപ്പഴക്കം' മാതൃഭൂമിയിലൂടെ പുറത്ത് വന്നത്. 1965ൽ ഡൽഹയിൽ നഴ്സായിരുന്ന അമ്മിണിയെ വിവഹം കഴിച്ചു. രാജനും രാധയും ഋഷിയുമാണ് മക്കൾ മരുമകനായ ഗിരിധരൻ പ്രശസ്ത സാഹിത്യകാരനായ വൈക്കം ചന്ദ്രശേഖരൻ നായരുടെ മകനാണ്.

കഥാസാഹിത്യത്തിലെ പാരമ്പര്യ വഴികളെ നിഷേധിച്ച് ആധുനികതയുടെ നൂതനധാരകളെ ആശ്ലേഷിക്കുകയും പിന്നീടുവന്ന തലമുറയെ ആ വഴി സഞ്ചരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്ത എഴുത്തുകാരനാണ് കാക്കനാടൻ. ആധുനികതയുടെ ക്ഷുഭിത സൗന്ദര്യം സാഹിത്യത്തിലും സാധാരണ ജീവിതത്തിലും ആവിഷ്ക്കരിക്കുവാൻ നിരന്തരം ശ്രമിച്ചുപോന്നു. അദ്ദേഹം.

മലയാള കഥയുടെ പഴയ സമ്പ്രദായങ്ങളെ നിരാകരിച്ചുകൊണ്ടായിരുന്നു കാക്കനാടന്റെ വരവ്. പഴയ അഭിരുചികളിൽ കുടുങ്ങിക്കിടന്ന സഹൃദയർ ഒരു നടുക്കത്തോടെയാണ് പുതിയ സാഹിത്യാനുഭവത്തെ എതിരേറ്റത് പുതിയ കാലത്തിന്റെ കടുത്ത യാഥാർത്ഥ്യങ്ങളെ കഥകളിൽ സന്നിവേശിപ്പിച്ചുകൊണ്ട് ആധുനിക കഥയുടെ ദീപ്തമായ മുഖം കാക്കനാടൻ മലയാളത്തിൽ കാഴ്ചവെച്ചു. പൊള്ളുന്ന തീവ്രതയുണ്ടായിരുന്നു ആ കഥകൾക്ക്. രചനയിലെ വൈകാരിക ഭംഗി പുതിയ വായനക്കാരെ വല്ലാതെ മോഹിപ്പിച്ചു. പരുക്കൻ സൗന്ദര്യത്തിന്റെ ഒരു സമുദ്രം അതിൽകിടന്ന് തിളച്ചുമറിയുകയായിരുന്നെന്ന് പെരുമ്പടവം ശ്രീധരൻ. മതത്തേയും രാഷ്ട്രീയത്തെയുമൊന്നും കാക്കനാടൻ വെറുതെ വിട്ടില്ല. നിരങ്കുശമായ സ്വാതന്ത്ര്യബോധത്തോടെയായിരുന്നു ആ ജീവിതം. ജീവിതത്തിന്റെ മരുഭൂമിയിൽ ഇനിയെന്തന്നറിയാതെ ഇടറിനിന്ന നിസ്സഹായനായ മനുഷ്യന് സാന്ത്വനമാവുകയല്ല അവന്റെ വിഹ്വലതകൾ യഥാർത്ഥമായി കഥകളിൽ ആവിഷ്ക്കരിക്കുകയാണ് ചെയ്തത്. ആ കഥാ കാലത്തിൽ വെച്ച് സമൂഹത്തിന്റെ കപട സദാചാര മൂല്യങ്ങളെ നിഷേധിക്കുകയും വിചാരണ ചെയ്യുകയും ഉണ്ടായി.

സാഹിത്യത്തിൽ ഒരു കൊടുങ്കാറ്റായിട്ടാണ് കാക്കനാടൻ വന്നതെന്ന് എം. മുകുന്ദൻ ദാർശനിക തലത്തിലും പ്രത്യയ ശാസ്ത്രത്തിലും മാത്രമല്ല അവനവനോടു പോലും അദ്ദേഹം കലഹിച്ചു. വ്യവസ്ഥാപിതമായ എന്തിനേയും ചോദ്യം ചെയ്തു. ആ കൊടുങ്കാറ്റ് കടന്നുപോയ വഴികളിൽ നമ്മുടെ പ്രത്യയശാസ്ത്ര നിലപാടുകളും യാഥാസ്ഥിതിക സൗന്ദര്യബോധവുമെല്ലാം നിലംപതിച്ചു. മലയാളികളുടെ ഭാവുകത്വ പരിണാമത്തിന് ഇത്ര വലിയ പങ്ക് വഹിച്ച മറ്റൊരാളില്ലെന്നും മുകുന്ദൻ. ആൽബേർ കമ്യൂവിനേയും സാർത്രിന്റെ 'സെയിന്റ് ഴെനെ' കുറിച്ചുള്ള അദ്ദേഹത്തിന്റെ അവഗാഹം അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഏഴാം മുദ്ര എന്ന നോവലിലെ ഭാഷ കടലിരമ്പമാണ്. സാർത്രന്റെ '....................' വായിച്ചപ്പോൾ മാത്രമേ ഈ കടലിരമ്പം താൻ കേട്ടിട്ടുള്ളു. എന്ന് എം. മുകുന്ദൻ. 'നീലഗ്രഹണവും', 'ശ്രീചക്രവും' പോലുള്ള കാക്കനാടന്റെ കഥകളിൽ മലയാള ഭാഷയുടെ മാസ്മരികത അനുഭവിച്ചറിയാൻ പറ്റും തകഴി 'രണ്ടിടങ്ങഴി എഴുതിയ അതേ ഭാഷയിൽ തന്നെയാണോ ഇതെന്ന് അത്ഭുതപ്പെട്ടുപോകും. ആ രചനയിലെ കലാപം പോലും ലോകവുമായി താദാൽമ്യം പ്രാപിക്കാൻ കഴിയാത്തതിന്റെ ഫലമായുണ്ടായതത്രെ.


കാക്കനാടൻ അമ്മയുമൊന്നിച്ച്
"ഒറോത" സമർപ്പിച്ചത് ഈ അമ്മയ്ക്കാണ്

മുകുന്ദന്റെ കാഴ്ചപ്പാടിൽ കലഹിക്കുന്ന ഒരു ഇടതുപക്ഷ എഴുത്തുകാരനായി കാക്കാടൻ. തന്നപ്പോലെ തന്നെ സമൂഹവും ആർദ്രമനസ്ക്കരായിരിക്കണമെന്ന് ആഗ്രഹിച്ച ഒരാൾ. തന്റെ പ്രതീക്ഷയ്ക്കു വിപരീതമായി പ്രവർത്തിക്കുന്ന സാമൂഹ്യമനസ്സ് ഈ എഴുത്തുകാരനെനിരന്തരം പ്രകോപിപ്പിച്ചു. രതിയും കലാപവും അവയുടെ ഏറ്റവും നൈസർഗീകമായ ആവിഷ്ക്കാരങ്ങളായാണ് കാക്കനാടന്റെ കൃതികളിൽ പ്രത്യക്ഷപ്പെട്ടത്. രതിയെ എന്നും വാണിജ്യവൽക്കരിക്കാൻ ശ്രമിച്ചിട്ടുള്ള സമൂഹം ഈ നൈസർഗീകതയെ നെഞ്ചിലേറ്റി.

അരാജകവാദിയായ എഴുത്തുകാരനെന്ന് ചിലരെങ്കിലും കാക്ക

നാടനെവിശേഷിപ്പിച്ചിരുന്നു. എന്നാൽ അഗാധമായ മനുഷ്യസ്നേഹവും സഹാനുഭൂതിയുമാണ് ഇദ്ദേഹത്തെ അനാർക്കിസ്റ്റാക്കി മാറ്റിയിട്ടുണ്ടെങ്കിൽ അതിനു കാരണമെന്നാണ് എം. മുകുന്ദന്റെ മതം. അനാർക്കിസത്തിന് ശുഭോദർക്കമായൊരു മാനം നൽകുകയാണത്രെ അദ്ദേഹം ചെയ്തത്. തകഴിയും പൊൻകുന്നം വർക്കിയും കർഷകരേയും തോട്ടികളേയും പോലെ പാർശ്വവൽക്കരിക്കപ്പെട്ട ജനസഞ്ചയത്തെക്കുറിച്ച് എഴുതിയതിന്റെ തുടർച്ചയായിരുന്നു കാക്കനാടന്റെ എഴുത്തും! വേശ്യകളേയും മയക്കുമരുന്നുകച്ചവടക്കാരേയും പോലെ പ്രാന്തവൽക്കരിക്കപ്പെട്ട മനുഷ്യരെക്കുറിച്ചും കാക്കനാടൻ ഹൃദയസ്പർശിയായ ഭാഷയിലെഴുതി. 'യൂസഫ് സരായിലെ ചരസ് വ്യാപാരി' അദ്ദേഹത്തിന്റെ മികച്ച കഥകളിലൊന്നാവും.

സ്വന്തം കാഴ്ചപ്പാടുകൾ മാത്രമാണു ശരിയെന്നും തന്റെ കണ്ണുകളിലൂടെ വേണം മറ്റുള്ളവരും ലോകത്തെ വീക്ഷിക്കേണ്ടതെന്നും ശഠിക്കുന്ന എഴുത്തുകാർക്കിടയിൽ കാക്കനാടൻ ഉണ്ടാവില്ല. ഭൂമി തനിക്കുവേണ്ടിതിരിയണമെന്ന് ഒരിക്കലും ആഗ്രഹിക്കാത്തയാൾ. എന്നാൽ ഭൂമി അപഥ സഞ്ചാരം ചെയ്താൽ കാക്കനാടൻ ഒച്ചവെക്കും. വശ്യമായ സർഗ്ഗാത്മകതയത്രെ ആ രചനകളിൽ ഉടനീളം. അധികാരസ്ഥാനങ്ങളോ പദവികളോ കാക്കനാടനെമോഹിപ്പിച്ചിരുന്നില്ല. സർക്കാർ ഉദ്യോഗവും ജർമ്മനിയിലെ ഗവേഷമ ഗ്രാന്റുമെല്ലാം സ്വയം ഉപേക്ഷിച്ചു പോന്നയാൾ. എന്നും മത്സരങ്ങളുടെ വേദിക്കുപുറത്തായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനം. ആരുമായും മത്സരിക്കാൻ കാക്കനാടനെകിട്ടുമായിരുന്നില്ല. ഉള്ളിലെ ഊർജ്ജം നിലനിൽക്കണമെങ്കിൽ എഴുത്തുകാരന് എഴുത്തു ഉണ്ടായിരിക്കണം. സ്വപ്നങ്ങൾ ഉണ്ടായിരിക്കണം. കാക്കനാടന് അതൊന്നുമുണ്ടായിരുന്നില്ലെന്ന് അദ്ദേഹത്തെ ഏറ്റവും വലുതായി ആദരിക്കുന്ന മുകുന്ദൻ പറയുന്നു. തൃഷ്ണയാണ് ദുഃഖത്തിനാധാരം എന്നാദ്യമേ കണ്ടെത്തിയ ബുദ്ധദർശനങ്ങളിൽ ഒരു പക്ഷേ ആരുമറിയാതെ അദ്ദേഹം ആകൃഷ്ടനായിട്ടുണ്ടാവാം. എല്ലാവർക്കും സ്നേഹം വാരിക്കൊടുത്തു. അവനവനു കൊടുക്കാൻ ഒന്നും ബാക്കി വെച്ചില്ല. മുകുന്ദന്റെതന്നെ വാക്കുകളിൽ സ്നേഹരഹിതമായ ലോകത്ത് നിരാർദ്രരായ എഴുത്തുകാർക്കിടയിൽ ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടാതെ, ആരോടും അസൂയയോ മത്സരമോ ഇല്ലാതെ എല്ലാവരെയും സ്നേഹിച്ച, തന്റെ അലങ്കോലപ്പെട്ട ചെറിയ ലോകത്തിൽ ജീവിച്ച് യാത്ര പറഞ്ഞ വലിയ എഴുത്തുകാരൻ.

ജീവിതത്തിൽ ഏതുരംഗത്തായാലും വ്യക്തമായ നിലപാടുകളുണ്ടായിരുന്നു. സൗഹൃദങ്ങളോ സ്ഥാനമാനങ്ങളോ സ്വന്തം അഭിപ്രായ പ്രകടനത്തിനു തടസ്സമാകാറില്ല. കൊല്ലത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മലയാളനാടു' വാരികയുടെ പത്രാധിപ സമിതിയിൽ ഉണ്ടായിരുന്ന കാലത്ത് എഴുത്തുകാരായ മൂന്നു ചെറുപ്പക്കാർ കൂടി ഒരു ദിവസം കാണാൻ ചെന്നു. മൂന്നുപേരും നിരന്തരം വാരികയിലേക്ക് രചനകൾ അയച്ചുകൊണ്ടിരുന്നെങ്കിലും ഒന്നുപോലും അതിനകം വെളിച്ചം കണ്ടിരുന്നില്ല. സൃഷ്ടികളെല്ലാം കാക്കനാടൻ വായിച്ചുനോക്കി ഉപേക്ഷിച്ചവതന്നെ. എന്നിരുന്നാലും കാണാനെത്തിയ മൂന്നുപേരെയും സ്നേഹപുർവ്വമാണ് സ്വീകരിച്ചത്. സാഹിത്യത്തെക്കുറിച്ചും പ്രസിദ്ധീകരണത്തെക്കുറിച്ചും കുറച്ചുകാര്യങ്ങൾ എഴുതിതുടങ്ങുന്നവർക്ക് വെളിച്ചവും കരുത്തുമായി കിട്ടിയ നേരം കൊണ്ടു പകർന്നു കൊടുത്തു. വീണ്ടും എഴുതണം, വീണ്ടും വരണം എന്നുകൂടി പറഞ്ഞിട്ടേ അവരെ വിട്ടയച്ചുള്ളു. പിന്നീട് പലപ്പോഴും ആ കൂടികാഴ്ചകൾ ആവർത്തിച്ചു അപ്പോഴേക്കും മലയാള നാടുവിട്ടു കൊല്ലത്ത് തേവള്ളിയിലെ വീട്ടിലേക്കു മാറിയിരുന്നു.

മറ്റൊരിക്കൽ വഴിവക്കിൽ നിന്നും കണ്ടെടുത്ത അർദ്ധപ്രാണനായ ഒരു പ്രാവിനോടുള്ള സഹാനുഭൂതി കാരണം അതിനേയും കൊണ്ട് മൃഗഡോക്ടറെ അന്വേഷിച്ചുപോവുകയും അയാളോടു കലഹിക്കുകയും ചെയ്ത കാര്യം സി. രാധാകൃഷ്ണൻ എഴുതിയിരുന്നു. ജീവൻ വീണ്ടെടുക്കാൻ കഴിയാതെ പ്രാവിന്റെ ജഢം മടികൂടാതെ കുപ്പത്തൊട്ടിയിൽ നിക്ഷേപിച്ചപ്പോൾ ഓട്ടോ ഡ്രൈവർ പരിഹസിച്ചു. അത്ര പ്രിയപ്പെട്ടതായിരുന്നെങ്കിൽ ശരിയായ രീതിയിൽ അടക്കം ചെയ്തുകൂടെ എന്നു ചോദിച്ച അയാളുടെ വായടപ്പിച്ചുകൊണ്ട് കാക്കനാടൻ പറഞ്ഞു. "ജീവനുള്ളതിനെയാണ് സ്നേഹിച്ചത്. ചത്തതിനെവെച്ച് നാടകം കളിക്കാൻ വേറെ ആളെ നോക്കണം".

ഒരു സന്ധ്യക്ക് ഡൽഹിയിലെ ലോദിഗാർഡനിൽ ഏതോ ശവകുടീരത്തിനു മുന്നിലെ പുൽത്തകിടിയിൽ സി. രാധാകൃഷ്ണനുമൊന്നിച്ചിരിക്കവേ കാക്കനാടൻ പറഞ്ഞു". ഓരോരുത്തരായി നമ്മളൊക്കെ ചത്തുപോവും എന്ന് നിശ്ചയം. അതിനാൽ ഉള്ള നേരം നമുക്കു പരസ്പരം സ്നേഹിക്കാം."


കാക്കനാടനും കുടുംബവും

76-ാം വയസ്സിൽ ഈ ലോകത്തോടുയാത്ര പറയുമ്പോൾ തനിയ്ക്ക് എഴുതുവാൻ കഴിയുന്നതൊക്കെ എഴുതി തീർന്നിരുന്നു. നാട്യങ്ങൾ ഒട്ടുമില്ലാതിരുന്ന മനുഷ്യൻ! ഈ ലോകത്തിന് കൊടുക്കാൻ കഴിയുന്ന സ്നേഹം മുഴുവൻ വാരിക്കോരിക്കൊടുത്തു. ലോകത്തോടു കലഹിക്കേണ്ടിവന്നപ്പോൾ ഒട്ടും മറച്ചുവെയ്ക്കാതെ കലഹിച്ചു. ചുറ്റുമുള്ളവരുടെ മുഖംമൂടികൾ ഒട്ടും കനി

ശേഷം പേജ് 26ൽ

കഥ

# ഇളകുന്ന നിറങ്ങൾ



രാജൻ ചിന്നങ്ങത്ത്

സ്നേഹം വിൽക്കുകയും വിലയ്ക്കുവാങ്ങുകയും ചെയ്യുന്ന കുറെ മനുഷ്യരുടെ ഇടയിൽ എട്ടൊമ്പതുമാസക്കാലം ഒരു തടവുകാരനെപ്പോലെ കഴിഞ്ഞുകൂടിയ ശേഷം, ആ ജീവിതത്തെ കഠിനമായി വെറുത്ത്, അയാൾ വീണ്ടും മറുനാട്ടിലെ തന്റെ പഴയ സങ്കേതത്തിൽ തിരിച്ചെത്തി.

വളരെയേറെ ലജ്ജയുണ്ടായിരുന്നു വീണ്ടും മടങ്ങിവരാൻ കാരണം, ഒമ്പതു മാസം മുമ്പ്, മഞ്ഞുമൂടിക്കിടക്കുന്ന ഒരു പ്രഭാതത്തിൽ ടെർമിനസ്സിൽ നിന്ന് ട്രെയിൻ കയറുമ്പോൾ അയാൾ നഗരത്തോടു പറഞ്ഞിരുന്നു;

ഇതവസാനത്തെ യാത്രയാണ്. ഇനിതീരിച്ചുവരില്ല.....

സ്വന്തം ജീവിതത്തെ ഒരു കളിപ്പാട്ടും പോലെ കിലുക്കിക്കൊണ്ടു നടന്നിരുന്ന യുവാവായിരുന്നു അയാൾ. പക്ഷേ, പുതിയ ബന്ധങ്ങളും പുതിയ അവകാശികളും അയാളിൽ ആത്മസംഘർഷം വളർത്തി.

ഒടുവിൽ, ആഹ്ലാദമെന്ന വികാരം എന്നോ കണ്ടുമറന്ന ഒരു സ്വപ്നംപോലെയായിത്തീർന്നപ്പോൾ, നിസ്സഹായതയോടെ മനസ്സിലാക്കി.

സിൻബാദിന്റെ കഥയിലെ കിഴവനെപ്പോലെയാണ് ഈ ദുഃഖം. ഒരിക്കൽ അത് മനസ്സിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ പടിയിറങ്ങി പോവുകയേയില്ല.

ദാദറിൽ ട്രെയിനിറങ്ങി, ബോംബെ–അഹമ്മദാബാദ് ഹൈവേയിലൂടെ ജോഗേശ്വരിയിലേക്കു പോകുമ്പോൾ സ്വയം പറഞ്ഞു.

ഒരു മാറ്റവുമില്ലാത്ത നഗരം. പഴയ സ്ഥലങ്ങൾ, പഴയ കെട്ടിടങ്ങൾ, പഴയ മുഖങ്ങൾ......ടാക്സിയിൽ നിന്നിറങ്ങി, പണ്ട് സ്മശാനമായിരുന്ന പച്ചിലക്കാടുകൾ നിറഞ്ഞ പറമ്പിന്റെ നടുവിലെ ചെറിയ ബിൽഡിങ്ങിനകത്തേക്കു കാലെടുത്തുകുത്തുമ്പോൾ വിസ്മയം തോന്നാതിരുന്നില്ല.

ഈ ചെറിയ കാലയളവുകൊണ്ട് ഈ അപരിചിതത്വം എങ്ങനെയുണ്ടായി?

സമൂഹമുറിയന്മാരെല്ലാം ഒന്നിച്ചു പറഞ്ഞു.

"താൻ വല്ലാതെ ക്ഷീണിച്ചുപോയി കേട്ടോ...."

പതുക്കെ ചിരിച്ചു.



ശരീരത്തിന്റെ ക്ഷീണത്തെക്കുറിച്ചാണവർ പറയുന്നത്. മനസ്സിന്റെ ക്ഷീണം കാണാൻ അവർക്ക് കണ്ണുകളില്ലല്ലോ.

വെള്ളപൂശിയ പഴയ ചുമര്. ചുമരിൽ, മുക്കാലും നഗ്നമായ ജാപ്പനീസ് യുവതിയുടെ ചിത്രമുള്ള ആ വലിയ കലണ്ടർ.

താൻ ഇരുന്നെഴുതുമായിരുന്ന മേശയും കസേരയും ഇവയെല്ലാം ജീവിതത്തെ കൂടുതൽ യാന്ത്രികമാക്കിക്കൊണ്ടിരിക്കുകയാണ്.

ഊണുകഴിഞ്ഞ് പുറത്ത് ചെന്ന് നിൽക്കുമ്പോൾ, കരിമ്പനകളുടെ പട്ടകൾക്കിടയ്ക്ക് കൂടു കൂട്ടിയിരിക്കുന്ന പഴയ കാക്കകളുടെ കരച്ചിൽ.

കരിമ്പനകൾക്ക് മുകളിൽ ജൂലൈ മാസത്തിന്റെ കറുത്ത മുഖമുള്ള ആകാശം.

ഉള്ളിൽ അടുക്കിവെച്ചിരിക്കുന്ന വേദനകളുടെ കെട്ടുകളഴിയുന്നതായി അയാളറിഞ്ഞു.

കരഞ്ഞുപോകും അയാൾ ഭയന്നു.

നിർദ്ദോഷിയായ താൻ ചുമക്കേണ്ടി വന്നിരിക്കുന്ന തീവ്ര ദുഃഖങ്ങളെക്കുറിച്ച് തുറന്നുപറയുവാനും ഒന്നുമതിയാവോളം പൊട്ടിക്കരയുവാനും മോഹിച്ച് ധർമ്മസങ്കടങ്ങളുടെ ബന്ധങ്ങൾ പൊട്ടിച്ച് അയാൾ ഓടിയെത്തിയത് ബന്ധങ്ങളെ പണത്തിന്റെ ത്രാസിൽവെച്ച് തൂക്കിനോക്കാത്ത ഒരോർമ്മയുടെ മുഖമന്വേഷിച്ചായിരുന്നു.

മിനിക്കുട്ടി.

ഹൃദയത്തിൽ കരച്ചിലും ചിരിയും ഒന്നിച്ചുപൊട്ടിയുയരുമ്പോൾ അയാൾ തന്നത്താൻ ചോദിച്ചു.

ഈശ്വരാ, ഞാനെങ്ങനെഅവളെ നേരിട്ടും?

അയാൾ ഓർമ്മിച്ചു.

ആ ഉരുണ്ട മുഖം ചുവന്ന ചുണ്ടുക

ളിൽ വിരിയുന്ന നേർത്ത ചിരി. ദയയുടെ തിളക്കമുള്ള കണ്ണുകൾ.

അയാൾ ശബ്ദമില്ലാതെ പറഞ്ഞു.

ഇല്ല. മിനിക്കുട്ടി നിന്നെ ഞാൻ അൽപംപോലും മറന്നിട്ടില്ല.

മാസങ്ങളുടേയും വർഷങ്ങളുടെയും അളവുകൾ കാണിച്ച്, നിന്റെ ഓർമ്മയെ എന്നിൽനിന്നകറ്റി നിർത്താൻ കാലത്തിനൊരിക്കലും കഴിയുകയില്ല. വൈകീട്ട് ഷേവ് ചെയ്ത്, കുളിച്ച്, കണ്ണാടിയുടെ മുന്നിൽനിന്ന് മുടി ചീകുമ്പോൾ ആകസ്മികമായി ഇന്നുതന്നെ കാണുമ്പോൾ അവളിൽ വിടരുന്ന അത്ഭുതം എങ്ങനെയായിരിക്കും എന്നയാൾ കൗതുകത്തോടെ ഓർത്തു. പിന്നെ അയാൾ തീരുമാനിച്ചു.

ഇന്നു കാണുമ്പോൾ തന്റെ മനഃപ്രയാസങ്ങളെക്കുറിച്ച് അവളെ അറിയിക്കാതിരിക്കയാണു നല്ലത്. നാളെ അവളെ എവിടേക്കെങ്കിലും വിളിക്കാം. എന്നിട്ട് സാവകാശം എല്ലാം തുറന്നുപറയാം. അല്ലെങ്കിൽ കുറച്ചുമിനിട്ടുകൾകൊണ്ടോ, ഒന്നോരണ്ടോ മണിക്കൂറുകൾകൊണ്ടോ പറഞ്ഞു തീർക്കാൻ കഴിയുന്ന കാര്യങ്ങളാണോ അവ?

പാവം പെൺകുട്ടി. സങ്കടപ്പെടുത്തുന്ന എന്തെങ്കിലും കേട്ടാൽ, അതുമതി അവളെ ആകെ തകിടം മറയ്ക്കാൻ. മുഖം വാടും. കണ്ണുകൾ നനയും. പിന്നെ അതുമാലോചിച്ചിരുന്ന് അവൾ ഏറെ നേരം വ്യസനിക്കും.

മറ്റുള്ളവരുടെ വേദന സ്വന്തം വേദനയായി കരുതുന്ന സ്വഭാവക്കാരി.

ഒന്നോ ഒന്നരയോ മണിക്കൂറിനു ശേഷം, കിംഗ്സ് സർക്കിളിൽ അവൾ താമസിക്കുന്ന ലോഡ്ജിൽ ചെല്ലുന്നത്, ആരോ തന്നെ കാണാൻ വന്നിരിക്കുന്നു എന്നറിഞ്ഞ് അവൾ ഇറങ്ങിവരുന്നത്, കാണുമ്പോൾ അവിശ്വസനീയതയോടെ അവൾ നോക്കി പോകുന്നത്. പിന്നെ അവൾ ആഹ്ലാദത്തിന്റെ ഒരു തിരമാലയായി മാറുന്നത്. എല്ലാം അയാൾ ഭാവനയിൽ കണ്ടു. ആ സങ്കൽപം തന്നെ ഏറെ രസകരമായി അയാൾക്കുതോന്നി.

നാളെ അയാൾ വരുമ്പോൾ, ആൾത്തിരക്കിൽ നിന്നൊഴിഞ്ഞ്, ഏതെങ്കിലും കോണിലഭയം തേടി, പിടയുന്ന ഹൃദയദുഃഖങ്ങളുടെ ചിറകുകളൊതുക്കിപ്പിടിച്ചുകൊണ്ട്.പറഞ്ഞുതുടങ്ങാം.

ജീവിതത്തിന് ഇത്ര ക്രൂരമായ ചില വശങ്ങളുണ്ടെന്നും ഒരു മനുഷ്യന് ഇത്രമാത്രം ഭേദ്യങ്ങൾ സഹിക്കാൻ കഴിയുമെന്നും ഞാനിപ്പോഴാണ് മനസ്സിലാക്കുന്നത്.

അവൾ എല്ലാം കേട്ടിരിക്കും. കേട്ടിരുന്ന് കേട്ടിരുന്ന് അവളും കരയും.

അവളുടെ ആത്മാവിന്റെ അടിത്തട്ടിൽ നിന്നുയർന്നുവരുന്ന നിർമ്മലമായ ആ കണ്ണുനീരിനോളം തന്നെ ആശ്വസിപ്പിക്കുന്ന മറ്റെന്താണുള്ളത്?

പക്ഷേ, പൊടുന്നനെ അയാൾ വിഷാദിച്ചു. ചിലപ്പോൾ മിനിക്കുട്ടിയെ കാണുമ്പോൾ, അവൾ സ്നേഹത്തിന്റെ അതിമനോഹരമായ പളുങ്കു പ്രതിമപോലെ തൊട്ടടുത്തിരിക്കുമ്പോൾ, ഒരു പക്ഷേ എനിക്കൊരക്ഷരംപോലും പറയാൻ കഴിഞ്ഞെന്നു വരില്ല. എന്തു കൊണ്ടെന്നാൽ എന്റെ വികാരങ്ങൾ ഇളകാത്ത പാറപോലെയും ഉരുകാത്ത ലോഹംപോലെയും കടുത്തുപോയിട്ടുള്ളതായി ഞാൻ ഭയപ്പെടുന്നു. ആകാശം കൂടുതൽ കറുത്തിരിക്കുന്നു. പെയ്യാത്ത മഴമേഘങ്ങൾ വീർത്ത വയറുമായി ഇഴഞ്ഞുകൊണ്ടിരിക്കുന്നു.

മഴ തകർക്കുമോ എന്നു ശങ്കിച്ച് ബാൽക്കണിയിൽ നിൽക്കുമ്പോൾ കേവ്സ്റോഡിനപ്പുറത്തെ കരോണസാഹു എന്ന കൂറ്റൻ കമ്പനിക്കെട്ടിടത്തിനു മുകളിലൂടെ രാത്രി വരുന്നത് അയൾ കണ്ടു.

അയാൾ വേഗം പുറത്തിറങ്ങി.

വൃത്തികെട്ട കാക്കക്കൂട്ടങ്ങൾ ചേക്കേറുന്ന കരമ്പനകൾക്കു ചുവട്ടിലെ കൈവഴിയിലൂടെ നടക്കുമ്പോൾ ഒരു സത്യം പെട്ടെന്നോർമ്മിച്ചു.

ഈ മഹാനഗരത്തെ എത്രമാത്രം താൻ വെറുക്കുന്നുവോ, അത്രമാത്രം സ്നേഹിക്കുന്നുമുണ്ട്.

വൈകുന്നേരത്തിന്റെ തിരക്ക് ഒഴുക്കുകൾ സൃഷ്ടിക്കുന്ന കേവ്സ് റോഡിൽ അയാൾ മുങ്ങി.

ജോഗേശ്വരീ റെയിൽവേസ്റ്റേഷനിൽ മൂന്നാം നമ്പർ പ്ലാറ്റുഫോമിലെ ടീസ്റ്റാളിനടുത്ത്, തനിക്കുവേണ്ടി ഗോരഗോണിൽ നിന്ന് പാഞ്ഞുവരുന്ന ട്രെയിൻ കാത്തു നിൽക്കുമ്പോൾ അയാൾ വിയർത്തു കുളിച്ചു.

ആറുപതിനഞ്ചിന് മഞ്ഞയും ചുവപ്പും നിറമുള്ള ഇലക്ട്രിക്ക് ട്രെയിൻ സാവധാനം വന്നുനിന്നു.

വൈകുന്നേരങ്ങളിലെ ആപട്രെയിനുകളിൽ താരതമ്യേനതിരക്കു കുറവായിരിക്കും.

കമ്പിയഴികളിട്ട വിൻഡോയ്ക്കരികെ ഒരൊഴിഞ്ഞ സീറ്റിൽ ചെന്നിരുന്നു.

ട്രെയിൻ അന്ധേരി റെയിൽവേ സ്റ്റേഷനിലെ നിയോൺ പ്രകാശ പ്രളയത്തെ ലക്ഷ്യമാക്കി വീണ്ടും കുതിക്കുമ്പോൾ, അയാൾ സ്വയമറിയാതെ പൂർവ്വകാല സ്മൃതികളുടെ കയത്തിൽ വീണ്ടും ഒന്നര വർഷം മുമ്പ്.

അന്നയാൾ ഉത്തരബോംബെയിലെ ഒരു ചെറിയ റബ്ബർ ഫാക്ടറിയിലെ മാനേജരായി ജോലിചെയ്യുകയായിരുന്നു.

ഒരു തിങ്കളാഴ്ച ഉച്ചനേരത്താണ് അവൾ ആദ്യമായി അയാളുടെ ജീവിതത്തിലേക്ക് കടന്നുവന്നത്.

അന്നവൾ മിനിക്കുട്ടിയായിരുന്നില്ല. നാട്ടിൽനിന്ന് ഉദ്യോഗം തേടിയെത്തുന്ന അനേകം പെൺകുട്ടികളിലൊരുവളായി, നിരാശയായി ജീവിക്കുന്ന പത്മിനിയെന്ന പെൺകിടാവായിരുന്നു.

ഇന്റർവ്യൂവിന് വന്ന ഒരു സാധാരണ യുവതി. യാതൊരു പ്രത്യേക കാരണവും കൂടാതെ തന്നെ അവളെ അയാൾക്ക് പെട്ടെന്നിഷ്ടപ്പെട്ടു. കാണാൻ സുന്ദരിയായതുകൊണ്ടും, ഷോർട്ട്ഹാന്റ് തെറ്റില്ലാതെ എഴുതി സാമാന്യം നന്നായി ടൈപ്പു ചെയ്തതുകൊണ്ടോ ഒന്നുമല്ലായിരുന്നു അത്. എന്തോ ഒരു പ്രത്യേകത അവളിലുള്ള എന്തോ ഒരാകർഷക ശക്തി. അതെന്താണെന്ന് ഇന്നും അയാൾക്കറിഞ്ഞുകൂടാ.

ഏതോ ഒരു വകയിലമ്മാവന്റെ നിഴൽ പറ്റിവന്ന അവൾ, വലിയ നാണക്കാരിയും വിനയക്കാരിയുമായി നിന്നപ്പോൾ, നാട്ടുമ്പുറത്തെ ഒരു ഗ്രാമീണ ഭവനത്തിന്റെ തിണ്ണയിലിരുന്ന പ്രതീതിയായിരുന്നു അയാൾക്ക്.

അവളെ സ്റ്റെനോ ടൈപ്പിസ്റ്റായി നിയമിച്ചു കഴിഞ്ഞു. അടുത്ത ദിവസം അയാൾ ചോദിച്ചു.

"പത്മിനിയുടെ നാടെവിടെയാണ്?"

"പട്ടാമ്പിക്ക് പോണ വഴ്യാ"

"പോണ വഴിയല്ല, സ്ഥലത്തിന്റെ

പേരാ ചോദിച്ചത്".
അപ്പോഴവൾ ചോദിച്ചു:
"കൂറ്റനാട്ടെന്ന് കേട്ടിട്ടുണ്ടോ?
അയാൾ പറഞ്ഞു. "ഇല്ല"
"എന്നാ കുന്നംകുളംന്ന് കേട്ടിട്ടുണ്ടോ?"
നാടിന്റെ ചുവവിട്ടുമാറാത്ത വാക്കുകളുടേയും സ്വരത്തിന്റേയും ഭംഗിയും മധുരവുമാസ്വദിച്ചുകൊണ്ട്, അതേ രീതിയിൽത്തന്നെ അയാൾ പറഞ്ഞു.
"കുന്നംകുളംന്ന് കേട്ടിട്ടുണ്ട്!"
"കുന്നംകുളത്തൂന്ന് കുട്ടനാട്ടേക്ക് ബസ്സിപോവുമ്പോ ഒറ്റപ്ലാവ് എന്നൊരു സ്ഥലത്ത് അവിടെ ഇറങ്ങി ഒരു മൈൽ കിഴക്കോട്ടു നടക്കണം".
"വീട്ടിലാരൊക്കെയുണ്ട്".
"അമ്മയുണ്ട്. ഒരു ചേച്ചീം, ഒരനുജത്തീം, ഒരനിയനുമുണ്ട്".
"അച്ഛൻ"
"അച്ഛനില്ല. മരിച്ചുപോയി ആറുകൊല്ലം മുമ്പ്".
അധികമൊന്നും സംസാരിക്കാത്ത പ്രകൃതക്കാരിയായ അവൾ, അയാളുടെ മുന്നിൽ മാത്രം എപ്പോഴും വാചാലയായി. സ്വൽപ്പസമയം കിട്ടിയാൽ അവൾ നാടിനെക്കുറിച്ചുപറയും. വീട്ടുകാരെക്കുറിച്ചും കൂട്ടുകാരികളെക്കുറിച്ചുമൊക്കെപറയും.
ക്രമേണ ചെങ്കല്ലും കുമ്മായവും കൊണ്ടു പണിത ഒരു പൂമുഖവും മൂന്നു നിലയുള്ള ഒരു തറവാടും, മുറ്റത്തെ തുളസിത്തറയും തെക്കുപുറത്തെ കുളവും, കുളത്തിനും മുറ്റത്തിനുമിടയ്ക്ക് പൂവിട്ടു നിൽക്കുന്ന നന്ത്യാർവട്ടവും അയാൾ കണ്ടു. അവളുടെ അമ്മയും മണി എന്നു വിളിക്കുന്ന ചേച്ചിയും, രത്നവല്ലി എന്ന അനുജത്തിയും, രവി എന്ന അനുജനും, ഇൻസ്റ്റിറ്റ്യൂട്ടിലെ സഖികളായ മാധവിയും, തങ്കമണിയും രാധയുമെല്ലാം അയാൾക്കു സുപരിചിതരായി.
അവൾ തുരുതുരാ സംസാരിക്കുമ്പോൾ, അയാൾ റബ്ബർ ഫാക്ടറിയെ മറന്നു. മഹാനഗരത്തെ മറന്നു. യന്ത്രം പോലെ തിരിയുന്ന ജീവിതം മറന്നു.
ചമ്പത്തെങ്ങുകളും കശുമാവിൻ തോട്ടങ്ങളും കാക്കത്തമ്പുരാട്ടികളും ചിത്രശലഭങ്ങളുമൊക്കെയുള്ള ഏതോ നാട്ടമ്പുറത്തായിരുന്നു അയാളന്നേരങ്ങളിലൊക്കെ; ഒരിക്കലയാൾ ചോദിച്ചു.
"ഞാനൊരു ആഗ്രഹം പറഞ്ഞാൽ പത്മിനി പിണങ്ങുമോ?"
"എന്താ പറഞ്ഞത്?" അവൾ കണ്ണുകളുയർത്തിക്കൊണ്ടു ചോദിച്ചു.
"ഞാൻ പത്മിനിയെ മിനിക്കുട്ടി എന്നു വിളിച്ചോട്ടെ?"
അവൾ മറുപടിയൊന്നും പറയാതെ തെല്ലിട അയാളെത്തന്നെ നോക്കിയിരുന്നു.
അയാൾ പെട്ടെന്ന് തുടർന്നു പറഞ്ഞു.
"എനിയ്ക്കത്രയ്ക്ക് ഇഷ്ടമായതുകൊണ്ടാ"
അവളുടെ മുഖം എന്തുകൊണ്ടോ മാറുന്നത് ഞാൻ ശ്രദ്ധിച്ചു. ഓർത്തിരിക്കാതെ അവൾ കരഞ്ഞുപോയി. അവളുടെ കണ്ണുകളിൽ നിന്ന് നീർക്കണികകൾ അടർന്നടർന്ന് വീണു. ഒരു സ്ത്രീയുടെ കണ്ണുനീർ അത്രയ്ക്കടുത്തിരുന്ന് അയാളതിനു മുമ്പു കണ്ടിരുന്നില്ല. അയാൾ വല്ലാതെ പരിഭ്രമത്തോടെ പറഞ്ഞു.
"അയ്യോ. കരയുന്നോ? അതിനുമാത്രം എന്താ ഉണ്ടായത്. ഞാൻ ചോദിച്ചത് ഇഷ്ടമായില്ലെങ്കിൽ തിരിച്ചെടുത്തിരിക്കുന്നു. പോരെ?
"അതുകൊണ്ടല്ല...." അവൾ വിക്കി വിക്കി പറഞ്ഞു.
പിന്നെന്തുകൊണ്ടാണെന്ന് അയാൾ ചോദിച്ചില്ല.
അന്നുമുതൽ അയാളവളെ മിനിക്കുട്ടി എന്നുവിളിച്ചു.
മിനിക്കുട്ടി ഒരിക്കലും പൊട്ടുതൊട്ടിരുന്നില്ല. പെൺകുട്ടികൾക്കെല്ലാമുള്ള ഈ സ്വഭാവം അവൾക്കുമാത്രം ഉണ്ടാകാതിരുന്നത് അയാളെ അൽപ്പസ്വൽപ്പം ആശ്ചര്യപ്പെടുത്തിയിരുന്നു. ഒരു ദിവസം ചോദിക്കുകയും ചെയ്തു.
"മിനിക്കുട്ടി എന്താണ് പൊട്ടുതൊടാത്തത്?"
അവൾ ഉത്തരം പറയാതെ ലഘുവായി ചിരിക്കുക മാത്രമേ ചെയ്തുള്ളു.
അയാൾ പറഞ്ഞു "എനിക്ക് ചുവന്ന പൊട്ട് വലിയ ഇഷ്ടമാണ്. മിനിക്കുട്ടി ഒരു പൊട്ടുകൂടി തൊട്ടാൽ എന്തൊരു ഭംഗിയായിരിക്കും."
"കാലത്ത് സമയം കിട്ടാഞ്ഞിട്ടാണ്". അവൾ പറഞ്ഞു.
"ഓ. പൊട്ടിടാൻ എത്ര സമയം വേണം?"
പിറ്റേന്ന് രാവിലെ ഓഫീസിൽ വന്നപ്പോൾ അയാൾ ആദ്യം കണ്ടത് അതാണ്. അവളുടെ നെറ്റിയിലെചുവന്ന വലിയ കുങ്കുമപ്പൊട്ട്.
അവൾ ചുമ്മാ ചിരിച്ചു.
അയാളും
പിന്നെ എന്നും രാവിലെ ചാന്തുപൊട്ടോ കുങ്കുമപ്പൊട്ടോ അണിയാൻ അവൾ നേരം കണ്ടെത്തി.

ഒരു ദിവസം അയാൾ പറഞ്ഞു.
"എനിക്കൊരാഗ്രഹംകൂടി മിനിക്കുട്ടി. എന്നാണത് സാധിക്കുക എന്ന് ഈശ്വരനറിയാം".
"എന്താണാവോ മാനേജർ സാറിന്റെ ആഗ്രഹം?"
"മിനിക്കുട്ടിയുടെ കൈകൊണ്ടുണ്ടാക്കിയ ഒരു ചായകുടിക്കാൻ?"
ഇതാണോ ഇത്രവലിയ കാര്യം? സാറൊരു ദിവസം വീട്ടിലോട്ടുവന്നാട്ടെ. ഒന്നല്ല ഒരൊമ്പതു ചായ ഞാനുണ്ടാക്കിത്തരാം".
"അതുവേണ്ട. മറ്റുള്ളവർ തെറ്റിദ്ധരിക്കും".
"എങ്കിൽ ഞാൻ സാറിന്റെ റൂമിലേക്ക് വരാം".
"അതുമതി. അതാ നല്ലത്".
മഴക്കാലമായിരുന്നു.
തോരാത്ത മഴയെ കെട്ടഴിച്ചുവിട്ട ആഗസ്റ്റ് മാസം
അയാൾ ഒരു ദിവസം അവധിയെടുത്ത്, തന്റെ ഫ്ളാറ്റിൽ മിനിക്കുട്ടിയെ കാത്തിരുന്നു.
അവൾ പുതിയ സിൽക്ക് സാരിയുടുത്ത് ചുണ്ടിലും കണ്ണിലും കവിളിലുമെല്ലാം പ്രസാദാത്മകത്വം വാരിപ്പൂശി, വന്നു. ഒരു വിരുന്നുകാരിയെപ്പോലെ.
അകത്ത് കടന്ന് അയാളുറങ്ങാറുള്ള കട്ടിലിൽ അവളിരുന്നപ്പോൾ ചാരുകസേരയിൽ ഇരുന്നുകൊണ്ട് അയാൾ ചോദിച്ചു.
"മിനിക്കുട്ടിക്ക് പേടിയുണ്ടോ? ഒറ്റക്കൊരു ചെറുപ്പക്കാരന്റെ കൂടെ ഒരു മുറിക്കകത്തിരിക്കാൻ?"
അവൾ ശിരസ്സുയർത്തിനോക്കി.
ഭയമുണ്ടെങ്കിൽ ദാ, കതകു തുറന്നു കിടക്കുന്നുണ്ട്. പോകാം, കേട്ടോ"
അവൾ വൈര്യത്തോടെ പറഞ്ഞു. "വിസ്വാസംല്യങ്കിലല്ലേ ഭയപ്പെടേണ്ട കാര്യോള്ളു. ഇയ്ക്കറിയില്ലേ ആളെ?"
അവൾക്കയാളെ പൂർണ്ണ വിസ്വാസമായിരുന്നു.
അവൾ പിന്നെ എഴുന്നേറ്റ് അടുക്കളയിൽ കടന്നു.
സ്റ്റൗ കത്തുന്ന മൂളിച്ചയും, പാത്രങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദവും ശ്രവിച്ച് ഏതോ അറിയപ്പെടാത്ത നിർവൃതിയിലലിഞ്ഞ് അയാളിരുന്നു.

കിച്ചണിൽനിന്നുയരുന്ന സ്വരങ്ങൾ ഒരു പുതിയ സംഗീതം പോലെ അയാൾക്കുതോന്നി.

ആവി പറക്കുന്ന ചായകപ്പുമായി അടുത്തുവന്ന് നിന്ന് അവൾ ചിരിച്ചു.

"ഇനിയെന്ത് കൊതിയാണാവോ ഉള്ളത്?"

അയാൾ അവളെ നോക്കുകയും മുഖം കുനിക്കുകയും ചെയ്തു.

അയാൾ കേക്കുമുറിച്ച് ഒരു കഷണം അവളുടെ വായിലേക്ക് നീട്ടി. കുനിഞ്ഞ് നിന്ന് അവളത് കടിച്ചെടുത്തു.

അപ്പോഴും അയാളും അവളും ചിരിച്ചു.

നാടകീയമായ ചില സംഭവങ്ങളോടെയാണ് മനസ്സും നവംബർ മാസവും വന്നത്.

വീട്ടുകാർ അയാൾക്കുവേണ്ടി ഒന്നാന്തരമെന്ന് പറഞ്ഞൊരു വിവാഹ കാര്യം കൊണ്ടുവന്നു.

രാഷ്ട്രീയ-ഭരണ തലങ്ങളിൽ വലിയ പിടിപാടുള്ള ഒരാളുടെ മകൾ.

വിവാഹശേഷം നല്ലൊരുദ്യോഗവും വാഗ്ദാനം ചെയ്തിരിക്കയാണത്രെ, പെൺകുട്ടിയുടെ അച്ഛൻ.

എല്ലാവരും പറഞ്ഞു. "അവന്റെ ഭാഗ്യം നല്ലാണ്ട് എന്താ പറയാ"

ആ വിവാഹം നിരസിക്കാൻ കാരണങ്ങളൊന്നും കാണാതെ അയാൾ വിഷമിച്ചു.

മിനിക്കുട്ടി പറഞ്ഞു. "സാറുപോകണം, നാട്ടിൽ നല്ലൊരു ജോലി കിട്ടാന്ന് വെച്ചാൽ എന്തു നല്ല കാര്യാ. സാറുനാട്ടിലായാലും ഞാനിവിട്യയിരുന്നാലും നമ്മുടെ സ്നേഹബന്ധം നിലനിന്നാൽ മതി."

അയാൾ വിഷമവൃത്തത്തിൽ കിടന്ന് മുങ്ങിത്തുടിക്കുമ്പോൾ ലേശം ഫലിതം കലർത്തി അവൾതന്നെ പറഞ്ഞു. ''പക്ഷേ ഇവിടുന്നുപോയാൽ എന്നെ മറക്കും അതെനിക്കറിയാം".

''എങ്ങനെ അറിയാം?''

അയാൾ വിഷാദപൂർവ്വം ആരാഞ്ഞു.

"ആണുങ്ങളൊക്കെ അങ്ങനാ?"

''എല്ലാവരേയുംപോലെയാണോ എന്നേയും കരുതിയിട്ടുള്ളത്.?

അവളുടെ കണ്ണുകൾ പെട്ടെന്ന് നിറഞ്ഞുതുളുമ്പി.

"എഴുത്തയക്കില്ലേ". അവൾ ചോദിച്ചു.

"അയയ്ക്കാം".

ആദ്യമാദ്യമൊക്കെ എഴുതുമായിരുന്നു. പക്ഷേ ആ കത്തുകളും ജീവിതത്തിൽ പ്രശ്നങ്ങൾ വർദ്ധിപ്പിച്ചു. അതോടെ അതവസാനിപ്പിച്ചു.

ഒമ്പതു മാസങ്ങൾ....

അയാൾ ഒരു ദൃക്സാക്ഷിയെപ്പോലെ നോക്കിയിരിക്കേ, ശബ്ദങ്ങളും ചലനങ്ങളുമുണ്ടാക്കി മുന്നിലൂടെയും പിന്നിലൂടെയും കടന്നുപോയ കാലം....

ട്രെയിൻ കിംഗ്സ് സർക്കിളിലെത്തി. മഞ്ഞ ബോർഡിൽ കറുത്ത മഷി കൊണ്ടെഴുതിയ സ്റ്റേഷന്റെ പേരുവായിച്ച് അയാൾ ധൃതിയിൽ എഴുന്നേറ്റു.

പ്ലാറ്റ് ഫോമിൽ നിന്ന് പുറത്ത് കടന്ന്, റോഡിന്റെ ഇടതുവശത്തെ ഫുട്പാത്തിലൂടെ ലോകമാന്യതിലക് മെമ്മോറിയൽ ഹോസ്പിറ്റലിന് മുന്നിലൂടെ നടക്കുമ്പോൾ മനസ്സിൽ ഒരു പുതിയ പ്രകാശം.

ഇരുട്ടിന്റെ കാരാഗൃഹത്തിൽനിന്നും മോചനം നേടി ഒരു പുതിയ ജീവിതം. ഒരു പുതിയ ലോകം.

അതു പറയുമ്പോൾ മിനിക്കുട്ടിയുടെ പ്രതികരണം എന്തായിരിക്കും?

അവളെ ഓർമ്മിപ്പിക്കണം. ചേരേണ്ടത് തമ്മിൽ ചേരണം. ഇല്ലെങ്കിൽ ഇടയിലെ അകലം അവസാനിക്കില്ല മിനിക്കുട്ടീ.

പിന്നെ സംശയിച്ചു. ഇപ്പോൾ അകാരണമായ ഒരു പരിഭ്രമം തന്നെ വേട്ടയാടുന്നുണ്ടോ?

എന്തിന്? തന്നോടുതന്നെ ചോദിക്കാൻ തോന്നി; എന്തിന്?

ലോഡ്ജിനടുത്തെത്തിയപ്പോൾ, തന്റെ ഹൃദയം ഒരു ബലൂൺ പോലെ വീർത്തുവരുന്നത് അയാളറിഞ്ഞു.

ലോഡ്ജിൽ അവളില്ലായിരുന്നു.

തിരക്കിയപ്പോൾ അറിഞ്ഞു. ''പുറത്തു പോയിരിക്കുന്നു. എപ്പോൾ വരുമെന്നറിയില്ല. എട്ടിനു മുമ്പേ എന്തായാലും എത്തും"

അയാൾ ഖിന്നനായെങ്കിലും ക്ഷമയോടെ കാത്തുനിന്നു.

മഴ ചാറിതുടങ്ങിയപ്പോൾ അയാൾ അടുത്തുകണ്ട ഇറാനിക്കടയിൽ കയറി ചായകുടിച്ചു. ഒരു സിഗററ്റും കത്തിച്ചു വലിച്ചു.

എട്ടുമണിക്ക് അഞ്ചുമിനിറ്റ് ബാക്കിയുള്ളപ്പോൾ ലോഡ്ജിനുമുന്നിൽ ഒരു ടാക്സിവന്നു നിന്നു. അതിൽനിന്നും ആദ്യം ഒരു ചെറുപ്പക്കാരൻ ഇറങ്ങി. അയാളുടെ നീട്ടിയ കയ്യിൽപ്പിടിച്ച് ഒരു യുവതിയും.

മിനിക്കുട്ടിയായിരുന്നു അത്....

"മിനിക്കുട്ടി.." എന്നുറക്കെ വിളിച്ചുകൊണ്ട് മുന്നോട്ടു കുതിക്കാൻ വെമ്പിയതായിരുന്നു അയാൾ.

പക്ഷേ....

നിന്നനിൽപിൽ അയാളുടെ പാദങ്ങൾ നിലത്തുറഞ്ഞുപോയി.

മിണ്ടുവാൻ ഒച്ചകിട്ടിയില്ല. അനങ്ങുവാൻ ശക്തി കിട്ടിയില്ല.


മിനിക്കുട്ടിയും അവളുടെ അരയിലൂടെ കൈചുറ്റി ചെറുപ്പക്കാരനും ലോഡ്ജിന്റെ ഗേറ്റിലേക്കു നടക്കുന്നത്, ജീവിതത്തിലെ ഏറ്റവും ഭീകരമായ പേക്കിനാവുപോലെ അയാൾ നോക്കിനിന്നു.

പിന്നീടെപ്പഴോ ശക്തിയായി പെയ്യുന്ന മഴയത്ത് ശൂന്യമായ ഫുട്പാത്തിലൂടെ അയാൾ തിരക്കിട്ടിറങ്ങിനടന്നു. ജീവിതത്തിൽ ഇനിയൊന്നും നഷ്ടപ്പെടാനില്ല എന്നയാളുടെ മനസ്സ് വിതുമ്പിക്കൊണ്ടിരുന്നു.

■

മഹാത്മ കോളേജ്
ചെറുവണ്ണൂർ, കോഴിക്കോട്
ഫോൺ: 9388968863, 0495 3060600
+1, +2, B.A./B.Com, M. com
8, 9, 10 Tuition
നടരാജ നൃത്തവിദ്യാലയം
ചെറുവണ്ണൂർ, കോഴിക്കോട്
ഫോൺ: 9388968863, 0495 3060600
നൃത്തം, ഭരതനാട്യം ഡിപ്ലോമ, ഡി.ടി.ടി.സി., സംഗീതം, കഥകളി, കഥകളി സംഗീതം, ചിത്രരചന, വയലിൻ, ഫ്ലൂട്ട്, തബല, ഗിറ്റാർ, പിയാനോ, ജാസ്ഡ്രംസ്, ഇടയ്ക്ക, ഹാർമോണിയം, ഇലക്ട്രോണിക് കീബോർഡ്, മൃദംഗം


കഥ



എം.എസ്. കുമാർ

# കുട്ടിമോൻ എന്ന കുട്ടി

പതിവുപോലെ വൈകിയെത്തിയ കുട്ടിമോനോട് നീനാ മിസ്സ് ചോദിച്ചു. എന്തേ പോന്നെ ആവോ?

ചോദ്യത്തിലെ പരിഹാസം അവനുൾക്കൊള്ളാനായില്ല. മൂന്നാം ക്ലാസ്സ് ബിയിലെ കുട്ടികൾ ചിരിച്ചു. കുട്ടിമോൻ തല താഴ്ത്തിനിന്നു.

പലതവണ പറഞ്ഞിട്ടും ശാസിച്ചിട്ടും വൈകിത്തന്നെ വരുന്ന കുട്ടിമോനോട് നീനാ മിസ്സ് തറപ്പിച്ചുപറഞ്ഞു.

'ഇനി നീ വൈകി വന്നാൽ ക്ലാസ്സിൽ കയറ്റില്ല'.

പിറ്റേദിവസം കുട്ടിമോൻ സ്കൂളിൽ വന്നതേയില്ല.

മുഷിഞ്ഞ വസ്ത്രവും മൂല കീറിയ തോൾ ബാഗുമായി അലസമായി നടന്നുവരുന്ന കുട്ടിയെ കാണുമ്പോൾത്തന്നെ നീനാ മിസ്സിന് ശുണ്ഠി വരും. അവർ ക്ലാസ്സിലെ കുട്ടികൾ കേൾക്കുമാറ് തന്റെ മനോഗതം പ്രകടിപ്പിക്കും.

'പറഞ്ഞാലും മനസ്സിലാവില്ല. സ്കൂൾ ബസ്സുവരുന്ന നേരത്ത് സ്റ്റോപ്പിലെത്തില്ല. യൂണിഫോമിട്ടു വരാൻ പറഞ്ഞാൽ അനുസരിക്കില്ല. രക്ഷിതാവിനെകൂട്ടി വരാൻ പറഞ്ഞാൽ കൂട്ടാക്കില്ല. എന്തൊരു കുട്ടിയാണപ്പാ.

അന്ന് കുട്ടിമോൻ പതിവിലും വൈകിയാണ് വന്നത്. നീനാ മിസ്സ് ക്ലാസ്സിനു മുന്നിൽവെച്ച് അവനോട് പറഞ്ഞു.

'നിൽക്ക്'

കുട്ടിമോൻ നിന്നു.

'എന്തേ രണ്ടു ദിവസം വരാതിരുന്നത്? രക്ഷിതാവിനെകൊണ്ടുവന്നിട്ടുണ്ടോ?'

കുട്ടിമോൻ വെറുതെ തലയാട്ടി. ടീച്ചർക്കു ദേഷ്യം വന്നു.

'നിന്റെ അമ്മയെവിടെ?'

'തൊഴിലുറപ്പിനുപോയി'.

തൊഴിലുറപ്പോ? അതെന്താ? മിസ്സ് കൈ മലർത്തി കൺമിഴിച്ചു.

കുട്ടിമോൻ പറഞ്ഞു. 'പണി'

'അതെന്തുപണിയാ തൊഴിലുറപ്പു പണി' അവർ ശബ്ദം താഴ്ത്തി സ്വയം പിറുപിറുത്തു. 'ബാക്കിയുള്ളവരുടെ തൊഴിലിനുമാത്രം ഒരുറപ്പുമില്ല.

'നിന്റെ അച്ഛനെവിടെ?' ടീച്ചർ വീണ്ടും ചോദിച്ചു.

'ആ...... അവൻ വാ പിളർത്തി. അറിയില്ല എന്നർത്ഥത്തിൽ'

'എങ്ങോട്ടുപോയി?'

'ആ്'.കുട്ടിമോൻ വീണ്ടും കൈമലർത്തി.

'എന്തേ രണ്ടു ദിവസം വരാതിരുന്നത്?'

'നായ കടിച്ചു'. അവൻ പറഞ്ഞു.

'എവിടെ'

'ദാ ഇവിടെ'. അവൻ തിരിഞ്ഞുനിന്ന് ഷർട്ട് പൊക്കി. പാന്റ് താഴ്ത്തി ചന്തി കാണിച്ചു.

ക്ലാസിലെ കുട്ടികൾ ആർത്ത് ചിരിച്ചു.

'ശ് ശ്. സൈലൻസ്. മിസ്സിന്റെ ശബ്ദം ഉയർന്നു. കുട്ടിമോനോടു ചോദിച്ചു.

'എന്നിട്ട് ആസ്പത്രീ പോയില്ലേ?'

'ഉം ഉം! അവൻ തലയാട്ടി.

'ങ്ങേ! എന്തേ പോവാത്തത്! വേഗം പോയി അച്ഛനേയോ- അമ്മയേയോ കൂട്ടി ആശുപത്രി പോണം. പൊയ്ക്കോ....'

കുട്ടിമോൻ നിർവ്വികാരനായി നിന്നു. പതുക്കെ നടന്നു നീങ്ങി. സ്കൂൾ ഗേറ്റു കടന്ന ഉടൻ അവൻ ഒന്നു തിരിഞ്ഞുനിന്നു. തന്റെ ക്ലാസിനേയും വെള്ളയും കറുപ്പും യൂണിഫോം ധരിച്ച കൂട്ടുകാരെയും നോക്കി ഒരു നിമിഷം നിന്നു.

നീനാ മിസ്സ് ക്ലാസ് ആരംഭിക്കുകയാണ്. അറ്റൻഡൻസ് നമ്പർ വൺ....ടൂ....

വെള്ളിയാഴ്ചയായിരുന്നു കുട്ടി

മോൻ വന്നില്ല. മോണിങ്ങ് അസംബ്ലിയിൽ വെള്ള ഷർട്ടും നീല ഷർട്ടുമിട്ട കുട്ടികളുടെ ഇടയിൽ യൂനീഫോമിടാത്ത കുട്ടിമോനെകണ്ടില്ല.
ശനിയും ഞായറും കഴിഞ്ഞു. തിങ്കളാഴ്ചയും ടീച്ചർ ഹാജർ എടുത്തു.
നമ്പർ ട്വൽവ് കുട്ടിമോൻ സി.വി....
ആബ്സെന്റ്.
മൂന്നാം ബഞ്ചിന്റെ നാലാം സ്ഥാനത്തിരിക്കാറുള്ള കുട്ടിമോൻ
ഒരാഴ്ചയായി കുട്ടിമോൻ ആബ്സെന്റാണ്. കുട്ടികളാരും കണ്ടിട്ടില്ല. നീനാ മിസ്സ് ഹെഡ്മിസ്ട്രസ്സിനോട് റിപ്പോർട്ട് ചെയ്തു. കുട്ടിയെക്കുറിച്ച് പി.ടി.എ. പ്രസിഡണ്ടിനെഅറിയിച്ചു. പ്രസിഡണ്ട് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനും വാർഡ് മെമ്പറുമായ സുഗുണനെഅറിയിച്ചു.

ഒരാഴ്ചയായി സ്കൂളിൽ വരാത്തൊരു കുട്ടിയെപ്പറ്റി അന്വേഷിക്കാൻ വൈകിയതിൽ പി.ടി.എ. പ്രസിഡണ്ട് അൽപം ചൂടായി.
ഹെഡ്മിസ്ട്രസ്സ്, പി.ടി.എ. പ്രസിഡണ്ട്, മെമ്പർ സുഗുണൻ, നീനാമിസ്സ്, നാലുപേർ പി.ടി.എ. പ്രസിഡണ്ടിന്റെ കാറിൽ യാത്രയായി. ടാറിടാത്ത പഞ്ചായത്തു റോഡിലൂടെ വണ്ടി നീങ്ങി. സുഗുണൻ നിർദ്ദേശിച്ച വളവും കയറ്റവും പിന്നിട്ടു.

പുഴയോരത്തെ മണൽപരന്ന റോഡിലെത്തിയപ്പോൾ പ്രസിഡണ്ട് പറഞ്ഞു.
'ഇനി വണ്ടി നീങ്ങില്ല. മണലും ചെളിയും നിറഞ്ഞ റോഡാ ഇനി എത്രകണ്ടുപോകണം മെമ്പറേ?
'എവിടാ ആ ചെക്കന്റെ വീടെന്നാവോ? ആ തൊഴിലുറപ്പിനുപോകുന്ന കൂട്ടരിലൊരുത്തിയുടെ മകനാത്രെ. ആ കടയിൽ അന്വേഷിക്കാം. സുഗുണൻ മെമ്പർ പറഞ്ഞു.
അവർ കാറിൽ നിന്നിറങ്ങി. റോഡരികിലെ ചായക്കടയുടെ അടുത്തു ചെന്നു. നേർത്ത ചാറ്റൽമഴ.
പെട്ടെന്ന് രണ്ടു പുരുഷന്മാരേയും സ്ത്രീകളെയും കണ്ട് കടയിലിരുന്നവർ എഴുന്നേറ്റു. കടക്കാരൻ പരിചയം പുതുക്കി.

ഇതാര് നമ്മടെ മെമ്പറോ. ഈയിടെ കാണാനെകിട്ടാറില്ലല്ലോ. എല്ലാവരും കൂടി എന്താണാവോ വിശേഷിച്ച്?

ഹെഡ്മിസ്ട്രസ്സ് ചോദിച്ചു. 'ഞങ്ങളുടെ സ്കൂളിൽ പഠിക്കുന്ന കുട്ടിമോൻ എന്ന കുട്ടിയെ നിങ്ങളറിയുമോ? ആ കുട്ടി കുറേ ദിവസമായി സ്കൂളിൽ വന്നിട്ട്.
കുട്ടിമോൻ.... അവിടെ നിന്നവർ പേര് പറഞ്ഞ് ആലോചിച്ചു. മെമ്പർ വിശദമാക്കി. ഇവിടെ നിന്ന് റോഡുപണിക്കു വന്നിരുന്ന ഒരു സ്ത്രീയുടെ ഒരു 'ചിന്നമ്മാളു'.
ചായക്കടക്കാരൻ പെട്ടെന്നു പറഞ്ഞു. ആ. ആ, ആ, പുഴമണലില് കൂരകെട്ടി താമസിച്ചിരുന്ന കൂട്ടമല്ലെ?

അവറ്റയൊക്കെ തമ്മിൽ ത്തല്ലി ലഹള കൂടി ഇവിടുന്നുപോയില്ലേ. അവറ്റ പട്ടീം നായ്ക്കളും പൂച്ചയും കോഴികളുമൊക്കെ ഒന്നിച്ചായിരുന്നു കിടപ്പ്. രാത്രി കള്ളുകുടീം തല്ലും. ഇന്നാളൊരു നായ്ക്ക് വിഷമിളകി. കുറെയെണ്ണത്തിനെകടിച്ചു. ചിലര് ആശുപത്രീലുണ്ട്. ഒരു ചെക്കൻ പേയിളകി ചത്തൂന്നും കേട്ടു'.

മൈഗോഡ്! ഹെഡ്മിസ്ട്രസ്സ് തല കറങ്ങി വീഴാനാഞ്ഞു. നീനാ മിസ്സ് അവരെ താങ്ങി. കടക്കാരൻ തുടർന്നു. അവറ്റയൊക്കെ കുടിലും പൊളിച്ച് ചട്ടിയും കലവും തട്ടിയുടച്ചുപോയി.

വിദ്യാലയത്തിന് ഒരു ദിവസം അവധിയുണ്ടായി.

പിറ്റേന്ന് ക്ലാസ് ആരംഭിച്ചു.
നീനാമിസ്സ് മൂന്നാംക്ലാസ് ബിയിലെ ഹാജർ എടുത്തു. നമ്പർ ടൂ-അവർ പറയാൻ ശ്രമിച്ചു നിർത്തി.
'അയ്യൂ....ഹൗ.... ടീച്ചർ' കുട്ടികളൊന്നിച്ചു. ശബ്ദിച്ചെഴുന്നേറ്റു.

ഒരു നായക്കുട്ടി. ശരീരത്തിന്റെ പിൻപകുതി കറുപ്പും മേൽഭാഗം വെളുപ്പും നിറം. കഴുത്തിൽ ടൈ കെട്ടിയപോലെ കടും നീല. അവൻ ക്ലാസ്സുമുറിയിലേക്കു കടന്നുവന്നു.

കുട്ടികൾ ഭയപ്പെട്ട് ബഞ്ചിലും ഡസ്കിനു മുകളിലും കയറിനിന്നു. ബഹളമായി. നീനാ മിസ്സ് ഒരു നിമിഷം അന്തിച്ചു നിന്നു. പിന്നെ കൈവീശി ശ്ശൂ-ശൂ ശബ്ദമുണ്ടാക്കി.

നായക്കുട്ടി നാവുനീട്ടി ചെവി വിറപ്പിച്ച് നീനാ മിസ്സിന്റെ മേശക്കുചുറ്റും നടന്നു. അവരെ നോക്കി ഹ്യൂം.... ഹ്യൂം..... ശബ്ദമുണ്ടാക്കി ക്ലാസ് മുറിയുടെ ചുറ്റുമായി നടന്ന് സാവകാശം പുറത്തേക്കു നടന്നു. മുറ്റത്തുകൂടെ ഓടി ഗേറ്റു കടന്നു.

ഗേറ്റുകടന്ന് അവൻ തിരിഞ്ഞു നിന്നു. സ്കൂളിനേയും മൂന്നാം ക്ലാസ്സ് ബിയേയും നോക്കി. പിന്നെ വാ പിളർന്ന് ശബ്ദമുണ്ടാക്കി.
ഓ....ഓ.....ഓ.......!!!

■


*അമ്മേ നാരായണ*

**ശ്രീ ചെങ്ങോട്ട് ദേവീക്ഷേത്രം**

**മൈലാമ്പാടി, കുതിരവട്ടം**

**താലപ്പൊലി മഹോത്സവം**

**(1189 മേടം 21) 2014 മെയ് 4 ഞായർ**

*അമ്മേ നാരായണ*

**പാലാട്ട് ശ്രീ ഭഗവതിക്ഷേത്ത്രം**


**എൻ.എച്ച്. ബൈപ്പാസ്, നെല്ലിക്കോട് പി.ഒ.**

**കനലാട്ടം താലപ്പൊലി മഹോത്സവം**


**1189 മേടം 17,18,19, 2014 ഏപ്രിൽ 30, മെയ് 1,2)**




# One Day



C.K. Raghavan




This incident occured some deeades ago. At that time there were no mobile phones or stationary phones available as of now for the use of common people, their quick source of Communication was only by Telegraphy. Reena a higher income family member, after passing B.A. degree in English language from Kerala university left for U.K., then Britain, seeking a better job. During her air travel she met with another person from South Kerala, then Travancore, named Shaji, Who is running now a domestic cleaning franchise in a London subrub area. He promissed Reema a P.G. accommadation on her landing at London. and a job after wards. After her arrival at London she stayed for 2 days in P.G. Home which was arranged by Shaji. Then on 3rd day she reached Hari Andy's house to attend domestic help work. There lived Hari Andy and his wife Santa, both were at their mid seventies. The English couple had owned several grape gardens in the country sides of U.K. So they were financially very sound people. Hari Andy had a peculiar kind of hobby, which still being maintained. He is highly interested in running court cases, especially Civil desputes. For engaging Reena as a domestic help at his house, Andy had already executed a writen agreement with franchisee Shaji. Santa Andy welcomed Reena to her home with a pleasant smile at 9 o clock G.M.T. They were engaged in talk on some common interest subjects for some time. Now it is to be mentioned here that Reena is good conversationalist. So at most difficult situations she could grab support of others. Now Reena narrated her story to Santa adding some colours. So she is able to get sympathy of Santa quickly. Now Hari Andy also came there. Santa requested her husband to permit Reena to take rest on that day with full payment since she has had come here only 2 days ago from a distant land. Andy also agreed to that idea. Then Santa treated Reena with offering a good break fast which was not mentioned with agreement. Three were still talking, sitting in the drawing room. Now Reena has been able to notice a spider web on one the corner of wall by they were sitting. Reena showed it to Santa and Andy. Andy brought a ladder and broom. Reena climbed up the ladder,

Removed the spider web with the broom. Then swept the wall completely, With broom in less than 5 minutes time. The wall had only less than 100 sqft area. After that work Reena again started the dialogue with Santa. It continued till dinner time. After taking dinner with the English couple, Reena left the house promissing that she will come next day on time for duty. Santa did not forget to give Reena 40 pounds, which equals one day wage of Reena, as per the agreement terms only as a compliment. On the way to her P.G. Home, whilst Reena was in bus, from Santa's home, when the bus stopped at a place, a young lady seemed as an Indian, especially as Keralite, stepped up inside the bus. She occupied the vacant seat in front of Reena. Reena gazed at the face of the lady. Now Reena infered that the lady was no one else but her child hood intimate friend Suma. Suma also had been watching Reena keenly with a deep thinking. She now wispered focusing her eyes on Reena's face". Reena".

Before the time of finishing Suma's voice, Reena with much more intensity of sound replied "Suma"

Both were appeared too much perplexed as two have been meeting now at a very distantplace, unexpectly after the gap of ten years. Both ladys are now entered in a very serious talk, this lasted for about half an hour. They alighted from the bus when the bus had been stopped near Suma's home. After 5 minutes walk from the bus stop, both are now in Suma's home. Which is huge, beautiful two storied structure elegantly decorated in and out using high cost materials. We can see inside the home filled with all latest forms of furniture. Every modern electrical or electronic home appliance is there. Suma had been married to a highly rich well to do NRI business man named Ravi three years ago. Since then the couple were living here. Now Suma is also partner of Ravi's business empire, so Suma is ready to give Reena a good job at their business organization. Suma told Reena that they were looking for an able and sincere one to fill that job vacancy. Suma added. "Now I have found out a suitable person". Suma also arranged an appartmet near by her residence for Reena. On that day Reena Stayed at Suma's home. On next day Reena joined for new job. But Reena did not divulge any thing about her previous job at Andy's house. In the evening Reena got a telegram from Shaji enquiring about her absence for work at Andy's residence. Reena sent reply telegram on that day itself. Since Reena did not come to attend work at Andy's home, he was angry with Shaji, the domestic cleaning franchisee. Andy approched shaji. when Andy asked Shaji about Reena's absence for work, Shaji replied that she might had left the job at Andy's home,as she was not well paid by Andy. Hearing these from shaji, Andy was seen more inflamed. Andy left Shaji's office after thretening him. "I will teach you alesson". Then Andy approched his lawyer Chander Kant and discussed his plan to file a petition in court against Shaji. Really barrister Chander Kant tried to disciurage Andy by warning that such plans might have been ended in huge money loss, so not to proceed further with such plans. But all of his efforts ended in vain At last Chander Kant has been compelled to file a petition on behalf of Andy in the court against Shaji for breach of trust. It also claimed an amount of 500 pounds as a compensation to wards loss incured by Shaji's improper actions. Even though Shaji had sent another domestic help to Andy's house, Andy did not allowed her to work and sent her back. When Shaji knew that Andy is planing to take legal action against him, He tried to make a compromise deal with Andy, but Andy refused to make any such deals. Shaji is also a very wealthy man, even in terms of Britain, now U.K. Now he consulted with Barister I. Dixit about the case and appointed Dixit to plead the case for him. I. Dixit is such abarrister who did not have much wins in the court cases to be credited to his account. Many of his former clients accusing him of not studying the case history properly before appearing in court. So in most times his clients would be met with failure. Court sent summons to Shaji, the dependant, and Reena, the witness to attend the court on trail day. Both were present on the trial day at court. Barrister Chander Kant, the plaintiff's lawyer presented his client's grievance before the judge, Inder Paul. Main content of his arguement was that, by frequently changing the workers, the net effect would be a lesser work out put, culminating in a financial loss to his client. On completion of Chander Kant's arguments, defandant lawyer barrister I. Dixit tried to counter the arguements placed up by

barrister Chandir Kant "your honour, my client had sent this lady Reena'', pointing at Reena, "to Andy's home for domestic help job'' she was present there in date and time'' Her daily wage had been fixed as 40 pounds. Upon reaching Andy's home on first day of work, she was compelled to carry out the work there for 24 hours continually. Hearing these from I. Dixit, Andy seemed guite stunned. Trembling with angry Andy shouted "It is an utter lie''.

The judge warned Andy to keep quiet The judge read out the telegram which had been sent by Reena to Shaji. "I worked there round the clock. Santa, wife of Andy gave me 40 pounds''. The judge asked her to explain really what had happened on that day at Andy's home. Reena narrated the incident "Your homour.'' "I reached Andy's house at 9 o clock G.M.T. on that day. Andy and Santa allowed me to take rest on the same day. As I noticed a spider web in the wall by which Santa and me were seated, I swept wall with the broom. It finished in just five minutes''. Judge now questioned Reena. "How could you claim that you had been worked there for 24 hours continually. Rema responded - "Sir I have never claimed so. There was clock hung up at the centre of the wall''. "I meant that I had carried out my work, sweeping, without taking away the clock from the wall." Reena added. "As I got a better job, I decided to leave the first job''.

The judge wondered about the pitiful standard she had in English language. The court of law made following observations before pronouncing the final judgement upon Andy's petition.

Now our nation is being faced with a shortage of human power. Being a developed and most foreign people friendly nation, people from some over populated countries are trying to enter this nation and settle here permanently by employing many many different ways. Really this petition has been dragged into this court of law only by the insistence of plaintiff Hari Andy. Otherwise this issue would have been settled outside the court. So the court could have used its precious time in solving much more important issues.

After two days, the judge, Inder Paul spelled out his verdict. This court of law here by quashed the petition filed by barrister Chander Kant on behalf of Hari Andy. This court ordering that plaintift H. Andy should pay a sum of 500 pounds to defendant Shaji as the court expence. Now the court also directing the government department concerned to enact a law to curb the flow of foreign nationals into this country without proper English language skills. The judgement finished here. All persons concerned were present at court to hear the verdiet on that day. Reena had never dreamed the things would go to this extent. Andy had expected that he could appreciate a good argument between two lawyers and a final win in favour of him, but both did not materialize now. This story ends here. I would like to state here that I have never seen a one day's clock so far.

***Address***
C.K. Raghavan
H: No. 424, B: No. 49 Shirke
Appartments , P.O. K.S. Town
Bangalore - 560060
Email: ckraghavanputhoor@gmail.com

**ആവശ്യമുണ്ട്**


**നക്ഷത്രരാജ്യം മാസികയിൽ തുടക്കം മുതൽ സ്ഥിരം പംക്തിയായി പ്രസിദ്ധീകരിക്കുന്ന ജോബി – ഷാലി ഹാസ്യ കാർട്ടൂൺ തുടർന്നു വരക്കാൻ ആശയ –ഭാവനസമ്പന്നരായ കാർട്ടൂണിസ്റ്റ് നവാഗതർ ബന്ധപ്പെടുക.**
**മാനേജിങ്ങ് എഡിറ്റർ**
**9847649567, 9744233997**

**നക്ഷത്രരാജ്യം മാസികയിൽ പുതുതായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന സിനിമാ നടൻമാരുടെയും നടിമാരുടെയും മുഖരൂപത്തിൽ സ്ഥിര ഹാസ്യ കാർട്ടൂൺ പംക്തി വരക്കാൻ ആശയ –ഭാവനസമ്പന്നരായ കാർട്ടൂണിസ്റ്റ് നവാഗതർ ബന്ധപ്പെടുക.**
**മാനേജിങ്ങ് എഡിറ്റർ**
**9847649567, 9744233997**

*വർഷങ്ങളുടെ സേവന പാരമ്പര്യവുമായി*
**പ്രിൻസ് സ്റ്റീൽ ഇൻഡസ്ട്രിയൽസ്**
**പാറോൽതാഴം, പി.ഒ. കൊമ്മേരി**
**കോഴിക്കോട് 7**
**പ്രൊപ്രൈറ്റർ : വി.കെ. സുധാകരൻ - 9946389320**



# ഭരണസുഖം



ഇ. വാസു

ശ്രീധരൻ എന്നതിന് ഒരു ഗുരുത്വമുണ്ട്. അത് അലിയ്ക്കനാണ് ശ്രീധരനാക്കുന്നത് അല്ലാതെ വാഴുന്നവർക്ക് ശ്രീധരൻ എന്ന വാക്ക് വഴങ്ങാത്തതുകൊണ്ടല്ല. അകത്തേക്ക് നോക്കി അദ്ദേഹം ഉറക്കെ വിളിയ്ക്കും. ശ്രീധരാ.

അടിസ്ഥാനവർഗ്ഗത്തിന് ഇഷ്ടമാകണം. അതിനുള്ള ഭാഷാ, ഫലിതം, ആംഗ്യം
അതുകൊണ്ടൊക്കെയാണ് മുഖ്യമന്ത്രിയായി വാഴുന്നവർ അടിയ്ക്കടി തെരഞ്ഞെടുക്കപ്പെടുന്നത്. അല്ലാതെ വാഴുന്നവർക്ക് ശ്രീധരൻ എന്ന വാക്ക് വഴങ്ങാത്തതുകൊണ്ടല്ല. അകത്തേക്ക് നോക്കി അദ്ദേഹം ഉറക്കെ വിളിയ്ക്കും : ശ്രീധരാ
അടിസ്ഥാനവർഗ്ഗത്തിന് ഇഷ്ടമാകണം. അതിനുള്ള ഭാഷാ ഫലിതം, ആംഗ്യം

അതുകൊണ്ടൊക്കെയാണ് മുഖ്യമന്ത്രിയായി വാഴുന്നവർ അടിയ്ക്കടി തെരഞ്ഞെടുക്കപ്പെടുന്നത്. അല്ലാതെ തറ വേലകൾ കൊണ്ടല്ല.

തെരഞ്ഞെടുക്കപ്പെട്ട ഉടൻ വിളഞ്ഞ മോൻ എല്ലായ്പ്പോഴും മുഖ്യമന്ത്രിയും ആകും. അനന്തകൃഷ്ണനെത്തന്നെ പ്രൈവറ്റ് സെക്രട്ടറിയാക്കും. ചുറ്റും നോക്കുമ്പോൾ സർവ്വാണി സദ്യ നടക്കുന്ന സാമൂതിരിക്കോവിലകത്ത് ചെന്നുപെട്ട മട്ടിലായി. ശ്രീധരനും അനന്തകൃഷ്ണനും പുറമെ മുപ്പത്തെട്ട് പേരാണ് പേഴ്സണൽ സ്റ്റാഫ്. മുഖ്യമന്ത്രി ഓരോ യാത്രയിലും ജനങ്ങളുടെ കൈയിൽനിന്ന് വാങ്ങിക്കൊണ്ടുവരുന്ന കടലാസിൽ അടിയന്തിര നടപടി എടുക്കുകയാണവർ. ജനങ്ങളുടെ കടലാസിലെ നീറുന്ന പ്രശ്നങ്ങളാണ് പരിഹരിക്കുന്നത്. എണ്ണം അതിനാൽ കുറയും, കൂടും. അമ്പതായാൽ നിർത്തും.

"താങ്കളുടെ അപേക്ഷ കിട്ടി. മേൽനടപടിയ്ക്കായി കൊടുത്തിട്ടുണ്ട്. എന്ന് അച്ചടിച്ച് കാർഡ് കിട്ടുന്നതോടെ ഹരജിക്കാരന് സന്തോഷമായി. ഹജ്യൂർ കച്ചേരിയിൽ പാസ്സെടുത്ത് ക്യൂ നിന്ന് കഷ്ടപ്പെടാതെ കഴിഞ്ഞു. ശുപാർശയും വേണ്ടിവന്നില്ല. മുഖ്യമന്ത്രിക്ക് നേരിട്ട് കടലാസ് സമർപ്പിച്ചതുകൊണ്ട് ഫലമുണ്ടായി. അദ്ദേഹം കടലാസ്സിൽ നടപടിയെടുത്തു. പി.എസ്. അനന്തകൃഷ്ണൻ ഇംഗ്ലീഷിൽ ഒപ്പിട്ട കാർഡും വന്നു.
അതിൽപരം എന്ത് വേണം? അഥവാ എന്ത് പറ്റും?

കാര്യം നടക്കാത്തത് ചുവപ്പുനാട കാരണമാണ്. അത് നീങ്ങാനാണ് വാഴുന്നവർ പണ്ട് സെക്രട്ടറിയേറ്റിന് തീ വെയ്ക്കണം എന്ന് പറഞ്ഞത്. ഉസ്മാൻ അത് കേട്ടാണ് അറിയാതെ കൈ ഉയർത്തിപ്പോയത്.

ഇപ്പോൾ വരുന്നവരോടൊക്കെ അനന്തകൃഷ്ണനും ഉസ്മാനും പറയുന്നത് മുഖ്യമന്ത്രി തിരക്കിലാണ് എന്നാണ്. അകത്ത് കടലാസ് നോക്കുകയാണ് അദ്ദേഹം.

മുഖ്യമന്ത്രിക്ക് പിന്നെ തിരക്കില്ലാതിരിക്കുമോ? ഒന്ന് നോക്കി ഉറപ്പുവരുത്തട്ടെ എന്ന് അകത്തേയ്ക്ക് എത്തിനോക്കുന്നവരെ പിടിച്ച് പുറത്താക്കാൻ സെക്യൂരിറ്റി പുറത്ത് കാവലുണ്ട്. അതിനുള്ള ക്ഷാമബത്ത അവർക്കും പാസ്സായി.

ഒന്ന് കണ്ടാൽ മതി. വിശേഷിച്ച് കാര്യമുണ്ടായിട്ടില്ല. അഥവാ ഉണ്ടെങ്കിലും അത് നടക്കണമെന്നില്ല. വാതിൽക്കൽ സന്ദർശകരുടെ തിരക്ക് വർദ്ധിക്കുമ്പോൾ മുൻമുഖ്യൻ അതുകൊണ്ട് വാതിൽ തന്നത്താൻ തുറന്ന് പുറത്ത് എല്ലാവരേയും നോക്കി ചിരിച്ചുവന്നു. ശ്രീകോവിൽ തുറന്ന് ശ്രീകൃഷ്ണൻ ദർശനം നൽകാൻ പ്രത്യക്ഷപ്പെടുംപോലെയാണ് അത്. ഹർജികൾ കെട്ടുകെട്ടായി സ്വീകരിക്കുന്നത് ലിഫ്ടിന്റെ അഴികൾക്കിടയിലൂടെയും തുടരും. ഹോട്ടലുകൾ ഫുൾ. ടാക്സികൾക്ക് നല്ല ഓട്ടം. മുൻ മുഖ്യന്റെ ചിരിയിൽ മുഴുകി സന്ദർശകൻ റെയിൽവേസ്റ്റേഷനിലെത്തുകയും ബർത്ത് കിട്ടാതെ തന്നെ വീട്ടിൽ ക്ഷീണം കൂടാതെ തിരിച്ചെത്തുകയും ചെയ്യും.

കാര്യപ്രാപ്തന് കടലാസ് നോക്കണമെന്നില്ല. അദ്ദേഹം പ്രജകങ്ങളുടെ നേരെ കണ്ണിറുക്കി നോക്കിയാൽ മതി. അത്തരം ചപ്പടാപ്പികളൊന്നും വാഴുന്നവർക്ക് വശമില്ല. പുറത്തിട്ട കസാലകൾ ഒഴിഞ്ഞു കിടക്കും. ഇരിയ്ക്കാൻ ധൈര്യപ്പെടുന്നവരെ ശ്രീധരൻ ഓടിവന്ന് അത് മറ്റാർക്കോ ഒഴിച്ചിട്ടതാണെന്നു പറഞ്ഞ് എണീപ്പിക്കും.

വാഴുന്നവർ മലർന്നുകിടന്ന് പത്രകടലാസ് വായിക്കുകയാവും. ഫയലിന്റെ വായനയും തീരുമാനവും വേറെ സ്ഥലത്ത് നടക്കുന്നതിനാൽ ഒപ്പിടുന്ന പണി മാത്രമാണ് അദ്ദേഹത്തിന്. അതിനു മുമ്പ് എല്ലാ കടലാസും വായിക്കും. അബദ്ധത്തിന് ഏതെങ്കിലും വാതിലിലൂടെ അകത്തെത്തിയ സന്ദർശകൻ പരുങ്ങുന്നത് കാണുമ്പോൾ വാഴുന്നവർ അന്വേഷിക്കും.

"ഇന്ന് ശീകുമാറിലെന്താ പിച്ചറ്?"

അന്നത്തെ സിനിമ കണ്ടും അന്നന്ന് ഇറങ്ങുന്ന എല്ലാ കടലാസുകളും വായിച്ചും അറിവ് വർദ്ധിച്ചുകഴിഞ്ഞുകൊള്ളാനാണ് പാർട്ടി അനുവദിച്ചിരിക്കുന്നത്. അതൊക്കെ വെച്ച് നന്നായി പ്രസംഗിക്കണം. ഓരോ പ്രസംഗവും ഭരണത്തെ അടിമുടി ഇളക്കുന്നതാകയാൽ അസംബ്ലിയിൽ എഴുതിവായിക്കാനേ പാടുള്ളു. ഭരണം ഇളകിയാൽ പാർട്ടി കൊഴിയും.

ഡോക്ടർ പുകവലി പാടില്ലെന്ന് വിധിച്ചതുകൊണ്ട് കുളിമുറിയിൽ കൊണ്ടുപോയാണ് അദ്ദേഹം ബീഡി പുകയ്ക്കുന്നത്.

എങ്ങിനെപുകയ്ക്കാതിരിക്കും? തൊഴിലാളികൾ വിയർപ്പ് ചിന്തി തിരച്ചുണ്ടാക്കുന്ന ബീഡി ആരും വലിയ്ക്കാതിരുന്നാൽ അവര് പട്ടിണിയാവില്ലെ? തന്നാലാവുന്ന മാതൃക കാട്ടണം. ഒരു പ്രസംഗത്തിൽ കാർഷികത്തൊഴിലാളികളോട് രണ്ട് ഗ്ലാസ് കള്ള് കുടിക്കാൻ പറഞ്ഞുപോയത് പാർട്ടി നേതൃത്വത്തിന് തലവേദനയായി. അടിസ്ഥാനവർഗ്ഗത്തിന്റെ വിയർപ്പിന് കള്ളിന്റെ മണമാണെന്ന് വാഴുന്നവർ മറക്കുന്നില്ല.

കള്ള് എല്ലാവരും കുടിയ്ക്കാൻ തുടങ്ങിയാൽ റാക്ക് കാച്ചുന്നവർ എന്ത് ചെയ്യും? അവരാണ് പാർട്ടി ഫണ്ട് ശക്തിപ്പെടുത്തുന്ന സ്പിരിറ്റ്.

പാപ്ക്കോ ഡിസ്റ്റിലുറീസിന്റെ പി.ആർ.ഒ. ആയി മുഖ്യമന്ത്രിയുടെ മരുമകനാണ് കമ്പനി പണി കൊടുത്തിട്ടുള്ളത്. അത് പാർട്ടി പറഞ്ഞിട്ടാണ്. അധികാരം കിട്ടിയതോടെ വാഴുന്നവർ ഒറ്റപ്പെട്ടു. ആരും കടന്നുവരാതെയായി. ലോക്കൽ കമ്മറ്റിയിൽപോയി പറയാനാണ് ഹർജിക്കാരെ ഉപദേശിക്കുക. പിന്നെ എന്തിന് മുഖ്യമന്ത്രിയെ കാണണം? അതുകൊണ്ട് മുന്നിലിട്ട കസാല എപ്പോഴും ഒഴിഞ്ഞ് കാണപ്പെടും. ശവപ്പെട്ടി തുറന്ന് ശ്രീധരൻ കെട്ടുകെട്ടായി മുന്നിൽ വെയ്ക്കുന്ന ഉത്തരവുകൾക്കു താഴെ സി.എം. എന്ന സീലിനുമുകളിൽ വിരൽ വലുപ്പമുള്ള വിടവിൽ 'ശൂ' വരയ്ക്കുന്നതോടെ മുഖ്യൻ നെറ്റി ചുവന്ന ടവ്വൽ കൊണ്ട് തുടയ്ക്കും.

മുഖ്യമന്ത്രിയായി ചാർജെടുത്ത ഉടൻ മുൻമുഖ്യമന്ത്രിയിൽനിന്ന് വ്യത്യാസമുണ്ടെന്ന് തെളിയിക്കാൻ വാഴുന്നവർ ശ്രമിച്ചതാണ്. ജില്ലയിലെ ഗസ്റ്റ്ഹൗസിൽ മുൻമുഖ്യമന്ത്രിക്ക് മുമ്പാകെ കലക്ടറും എക്സിക്യൂട്ടീവ് എഞ്ചിനീയറും പാതിരാത്രിയും ഹാജരാകണം. അത് മുൻ മുഖ്യന്റെ കാര്യപ്രാപ്തിയുടെ ഭാഗമായിപ്പോയി. യൂണീഫോമിലുള്ള പോലീസ് സൂപ്രണ്ട് ബ്രേക്ക്ഫാസ്റ്റിന് മുമ്പുള്ള കട്ടൻ പോലെയാണ്. ആദ്യം വന്ന് സല്യൂട്ടടിയ്ക്കണം. പിന്നെ മാറി നിൽക്കണം. ഭരിയ്ക്കാനറിയുന്നവൻ എന്ന് പേരെടുത്തതിങ്ങിനെയാണ്. അദ്ദേഹം അങ്ങിനെയെങ്കിൽ ഇദ്ദേഹം ഇങ്ങിനെ.

"നിങ്ങളെ ഞാൻ വിളിച്ചൊ?" ഗസ്റ്റ്ഹൗസ് മാനേജരുടെ മേശയ്ക്കടുത്തുചെന്ന് താമസത്തിനും ഭക്ഷണത്തിനുമുള്ള ബില്ല് എഴുതി വാങ്ങുന്ന വാഴുന്നവർ ചോദിച്ചത് എക്സിക്യൂട്ടീവ് എഞ്ചിനീയറോടാണ്.

''നിങ്ങളിവിടെ വന്നു നിന്നാല് ജില്ലയിലെ കെട്ടിടം പണി ആര് നോക്കും.? എങ്ങിനെനടക്കും? സിമന്റിൽ അധികം പൂഴി ചേർക്കില്ലേ?"

മുഖ്യമന്ത്രി പേഴ്സ് എടുക്കാൻ ജുബ്ബയുടെ പോക്കറ്റിൽ കൈയ്യിട്ടപ്പോൾ പുറത്തുവന്ന ദിനേശ് ബീഡിയുടെ വലിയ പായ്ക്കറ്റ് കണ്ടില്ലെന്ന് എഞ്ചിനീയർ നടിച്ചു.

ഒരു പുതിയ ജില്ലയോ വകുപ്പോ ഉണ്ടാകാതെ എങ്ങിനെ കെട്ടിടംപണിയുണ്ടാവും? കെട്ടിടം പണിയുണ്ടാകാതെ എങ്ങിനെയാണ് രാജ്യം വികസിക്കുന്നത്? വികസനപ്രവർത്തനം മന്ദീഭവിക്കില്ലേ? അതിനൊക്കെയുള്ള കാര്യപ്രാപ്തി മുൻമുഖ്യമന്ത്രിക്കുണ്ടായിരുന്നു. അദ്ദേഹം അന്ന് തുടങ്ങിവെച്ചത് ഉൽഘാടനം ചെയ്യാനാണ്. ഇദ്ദേഹം വരുന്നത്.

"ഒറ്റ കെട്ടിടം പണി ഇപ്പഴില്ല, സർ! വികസനപ്രവർത്തനം ആകെ സ്തംഭിച്ചു."

ചീഫ് എഞ്ചിനീയർമാർ തൊട്ട് താഴെയുള്ളവരൊക്കെ ഒരേപല്ലവിയാണ്. അഴിമതിഭരണം അവസാനിപ്പിച്ചതോടെ വികസനം നിന്നു. കേന്ദ്രത്തിൽനിന്ന് വരൾച്ച, വെള്ളപ്പൊക്കം ദുരിതാശ്വാസമായി കിട്ടിയ പണം ജില്ലയിലെ കെട്ടിടം പണിക്ക് പകരം റേഷനരിക്ക് തിരിച്ചുവിടുകയാണ്.

"ആ ബില്ല് ഞാൻ കൊടുക്കാം, സാർ"

എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പത്തെ പതിവനുസരിച്ചാണ് പറഞ്ഞത്. മന്ത്രിയുടെയും കൂടെവരുന്ന സ്റ്റാഫിന്റെയും പാർട്ടിക്കാരുടെയും ബില്ല്, ഗസ്റ്റ് ഹൗസിന്റെ ചാർജ്ജുള്ള എഞ്ചിനീയർ നൽകുന്നതാണ് കീഴ്വഴക്കം. വാഴുന്നവരാണെങ്കിൽ തന്റെ സന്ദർശനവിവരം എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കപോലും ചെയ്യില്ല. കീഴ് ഉദ്യോഗസ്ഥരാച്ചികൾക്ക് വഴങ്ങാത്തവനാണ് വാഴുന്നവർ. "മന്ത്രിയുടെ ബില്ല് ഉദ്യോഗസ്ഥന്മാർ കൊടുക്കണം എന്ന് വകുപ്പുണ്ടോ?"

വാഴുന്നവർ അറിയാൻ വേണ്ടിയാണ് ചോദിച്ചത്. റെയിൽവേ കോൺട്രാക്ടർ കോലപ്പന്റെ മകനാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. പാമരന്മാരുടെ പ്രതിനിധിയാണ് പുതിയ മന്ത്രിയെന്ന് അറിയുന്നില്ല.

"എന്തിനാണ് സർ വകുപ്പ്? വകുപ്പ് ബാർട്ടൻ സായിപ്പിന്റെ കാലത്ത് എഴുതിവെച്ചത് വള്ളി പുള്ളി പകർത്തിവെച്ചതല്ലേ? അത് പ്രകാരം റോഡുവക്കിലെ കരിങ്കല്ല് കഷ്ണംവരെ എണ്ണി എം. ബുക്കിൽ ചേർക്കണം. അതൊക്കെ പുറത്ത് കാണിയ്ക്കാതെ ബുക്കിത്തന്നെ കിടക്കും. അളമാരയിൽ പറയാൻ പാടില്ലെങ്കിലും പറയുകയാണ്. എഴുതപ്പെടാത്ത ബില്ലുകളും വൗച്ചറുകളും ആണവ. ഒന്നരലക്ഷം രൂപയ്ക്ക് ഗ്രീക്ക് റോമൻ വാസ്തുശിൽപ്പ കലകളിൽ കച്ചേരി കെട്ടിയ സായിപ്പ് ചത്തില്ലെ?

അതല്ല സർ, സ്വാതന്ത്ര്യാനന്തരം ആഗസ്റ്റ് 16-ാം തിയ്യതി തന്നെ എം. ബുക്ക് പൂട്ടിവെച്ചു. നിർമ്മാണ പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ല.


പിന്നെ എല്ലാം വേഗം നീങ്ങി. പൊങ്ങിയവനെമുക്കുന്ന പണി വാഴുന്നവർക്കറിയാം. അഴിമതി അവസാനിപ്പിച്ചതോടെ വികസനം സ്തംഭിച്ചു എന്നുപറഞ്ഞ എഞ്ചിനീയറെ സസ്പൻഡ് ചെയ്തു. മസ്റ്റർറോളിലെ പേരുകൾ കൃത്രിമമാണെന്നും കെട്ടിയ മതിലുകൾ എഞ്ചിനീയറുടെയും കരാറുകാരന്റെയും ഭാവനയിൽ മാത്രമാണെന്നും ടെക്ക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് വാങ്ങിയ ശേഷമാണ് അനന്തകൃഷ്ണൻ ഉത്തരവ് പുറപ്പെടുവിച്ചത്.

കോടതിയിൽ സസ്പെൻഷൻ നിലനിൽക്കണമെങ്കിൽ അതൊക്കെ കാണിക്കണം. സിമന്റിൽ ചേർത്ത ആറ്റുമണലിന്റെ അനുപാതം ഇരട്ടിയായെന്ന് ടെക്ക്നിക്കൽ എക്സാമിനർ തെളിയിക്കണം.

മുൻമുഖ്യൻ വീണ്ടും അധികാരത്തിൽ വരുമ്പോൾ കോടതിയിൽ പോകാതെ തന്നെ സസ്പെൻഷൻ റദ്ദാക്കിക്കളയും. എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂപ്രണ്ടിങ് എഞ്ചിനീയറായി തിരികെക്കയറി ഇരിക്കും.

■

# പകരം വനം നടൽ നിയമം : വഞ്ചിക്കപ്പെടുന്നത് പരിസ്ഥിതിയോ സംരക്ഷകരോ?



വിനോദ്കുമാർ ദാമോദർ

കുറച്ചുകാലമായി ഭാരതം ഞെട്ടുന്ന അഴിമതികഥകളുമായി വാർത്തകൾ പുറത്തുവന്നു കൊണ്ടിരിക്കുകയാണ്. ഇതിൽ പ്രധാനമായും സി. എ. ജി. (കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ) വെളിപ്പെടുത്തലുകളാണ് വൻ വിവാദത്തിലെത്തിച്ചത്.


കേരളാ കാഡറിലുള്ള ഐ.ഐ.എസ്സ് ഉദ്യോഗസ്ഥനായ വിനോദ് റായ് സി.ഐ.ജി. സ്ഥാനത്ത് ഉണ്ടായിരുന്ന സമയങ്ങളിലായിരുന്നു ഏറ്റവും വലിയ അഴിമതികൾ പുറത്ത് വിട്ടിരുന്നത്. അതിന് തുടർച്ചയായിട്ടാണ് ഇപ്പോൾ പൊങ്ങിവന്നിട്ടുള്ള മറ്റൊരു വൻ അഴിമതിയുടെ റിപ്പോർട്ടാണ് മാസങ്ങൾക്ക് മുമ്പ് പാർലിമെന്ററിൽ അവതരിക്കപ്പെട്ടത്. അതായത് വ്യവസായികൾക്ക് വേണ്ടി വനങ്ങൾ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം വിട്ടുകൊടുക്കുമ്പോൾ നടപ്പാക്കേണ്ട പകരം വനം നടൽ പദ്ധതി പല സന്ദർഭങ്ങളിലും നടപ്പാക്കിയിരുന്നില്ലയെന്നാണ് സി.എ.ജി. (കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ) വ്യക്തമാക്കുന്നത്.

ഈ തരത്തിൽ മരം നട്ടുപിടിപ്പിക്കുവാനുള്ള പണം മറ്റു വഴിയ്ക്ക് തിരിച്ചുവിട്ടു വാഹനങ്ങൾ വാങ്ങുന്നതിനും ബംഗ്ലാവുകൾ ഉണ്ടാക്കുന്നതിനും ഉപയോഗപ്പെടുത്തുകയായിരുന്നുവെന്നും സി.എ.ജി. കണ്ടെത്തുകയായിരുന്നു.



അവാന്തര ആവശ്യങ്ങൾക്ക് വനം ഉപയോഗിക്കുമ്പോൾ അതിന് പകരമായി വനം വെച്ചുപിടിപ്പിക്കുവാൻ വേണ്ടിയാണ് കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിങ്ങ് അതോറിറ്റി (കാംപാ) രൂപീകരിച്ചത്. എന്നാൽ ഈ തുക വൻ രീതിയിൽ മാറ്റി ചില വാക്കിയതായി സി.എ.ജി. കണ്ടെത്തി.

2.54 ലക്ഷം ഹെക്ടാർ വനം വ്യവസായ സ്ഥാപനങ്ങൾ നിബന്ധനകൾ പാലിയ്ക്കാതെയാണ് വെട്ടിമാറ്റിയത്. ഇതിനുപകരമായി പദ്ധതികണ്ടെത്തിയ 103381.91 ഹെക്ടാർ വനഭൂമിയാക്കാനുള്ളതിൽ വെറും 7 ശതമാനം മാത്രമാണ് വനഭൂമി ആക്കിയിരുന്നുള്ളു. എന്നിട്ടും വ്യവസായികളുടെ സമ്മതപത്രം ഒന്നും തന്നെ റദ്ദാക്കിയിരുന്നില്ല. ഇത് നിയമങ്ങളുടെ പൂർണ്ണലംഘനം തന്നെ. ഇന്ത്യയിൽ മൊത്ത വനഭൂമി വർദ്ധിച്ചതായി വന സർവ്വേ വിഭാഗം അവകാശപ്പെടുന്നുണ്ട്. സർക്കാരിതരസംഘടനകൾ ഇതിൽ അതിശയപ്പെടുന്നു.



വനനിയമം 1980ന്റെ ലംഘനം എന്ന ആരോപണം ഉന്നയിക്കപ്പെടുന്ന വയനാട്ടിലേ പൂക്കോട് വെറ്റിനറി യൂനിവേഴ്സിറ്റിയ്ക്കടുത്തുള്ള വെട്ടിമാറ്റാനുദ്ദേശിക്കുന്ന വനപ്രദേശം.

സി.എ.ജി. റിപ്പോർട്ടുകളിൽ കണ്ടത്. കമ്പനികൾക്ക് വനം പതിച്ചുനൽകുമ്പോൾ പകരം വനം ഭൂമി വെച്ചുപിടിപ്പിക്കുവാനുള്ള നിയമാവലി കേന്ദ്ര സർക്കാറും സംസ്ഥാനസർക്കാറും വർഷങ്ങളായി സ്ഥിരമായി തെറ്റിച്ചു കൊണ്ടിരിക്കുന്നതായിട്ടാണ്.

ആയിരത്തിലധികം പദ്ധതികളാണ് വനം നശിപ്പിച്ചുകൊണ്ടു നടപ്പിലാക്കിയത്. ഇവയിൽ ഒന്ന് പോലും നിയമലംഘനം കാരണം റദ്ദ് ചെയ്തിട്ടില്ല.

അന്നത്തേ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം സഹമന്ത്രിയായിരുന്ന ജയറാം രമേശ് പറഞ്ഞത്. പകരം വനം വെച്ചുപിടിപ്പിക്കൽ പദ്ധതി വെറും ഒരു പരിഹാസപദ്ധതിയാണെന്നുതന്നെയാണെന്നാണ്.

ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക പരിഷ്ക്കാരങ്ങളോടുകൂടിയാണ് പകരം വനം വെച്ചുപിടിപ്പിക്കൽ പൂർണ്ണമായും താളംതെറ്റിയത്. വൻ വ്യവസായ

ങ്ങൾ വരുന്നതിനു അനുകൂല്യം കുത്തകകൾക്ക് അളവറ്റ രീതിയിൽ നൽകുമ്പോൾ സംഭവിക്കാൻ സാധ്യതയുള്ള നാശങ്ങളൊന്നും കാര്യമായി എടുത്തില്ലയെന്ന് മാത്ര മല്ല പകരം വനം, വെച്ചുപിടിപ്പിക്കു വാൻ കമ്പനികൾ കെട്ടിവെച്ച തുക വഴി മാറ്റി ചിലവാക്കുകയായിരുന്നു.

ഈ കാര്യത്തിൽ കേര ളവും ഒട്ടും പിന്നിലല്ല. കേരളത്തിന് പകരം വനം വച്ചുപിടിപ്പിക്കുവാൻ 1.37 കോടി രൂപ ലഭിച്ചതിനാൽ 97 ലക്ഷം ചിലവിട്ടെങ്കിലും ഇതിൽ 96 ലക്ഷം ചിലവാക്കിയത് വനം വന്യ ജീവി വകുപ്പിന് ആഡംബര വാഹ നങ്ങൾ വാങ്ങുവാനാണെന്നാണ് സി.എ.ജി. റിപ്പോർട്ട് പറയുന്നു.

സുപ്രീംകോടതിയുടെ ഉത്തരവിന്റെ പൂർണ്ണ ലംഘനവും കൂടിയാണിത്.

കൂടാതെ പദ്ധതികൾ നട പ്പാക്കുമ്പോൾ നശിപ്പിക്കപ്പെടുന്ന വനങ്ങൾക്ക് പകരം ഉണ്ടാക്കപ്പെ ടുന്നതായി പറയുന്ന വനങ്ങൾ വെറും രേഖകളിൽ മാത്രമാണ് കാണുന്നത്.

സുപ്രീം കോടതി ഉത്തരവ നുസരിച്ച് വനം അവാന്തര ആവശ്യ ങ്ങൾക്ക് ഉപയോഗിക്കുമ്പോൾ അതിന് പകരം വനം വെച്ചുപിടിപ്പി ക്കുന്നതിലേക്ക് ഒരു തുക കാംപയി ലേക്ക് കെട്ടിവെക്കണം. എന്നാൽ സി.എ.ജി. കണ്ടെത്തിയത് സ്വ ഉദ്ദേ ശത്തോടെ രൂപീകൃതമായ കാംപേ തന്നെ തിരിമറികൾ നടത്തിയെ ന്നാണ്.

വനമാക്കിമാറ്റുന്നുവെന്ന പേരിൽ നീക്കിവെച്ചിരിക്കുന്ന ഭൂമി പലയിടങ്ങളിലും വെറും കടലാസ്സു വനങ്ങളായി നിലകൊള്ളുന്നു. അതിനിടെ വയനാട്ടിലെ പൂക്കോ ടിൽ നടന്ന സംഭവം വലിയ വനനശീകരണത്തിന്റെ തെളിവ് എടുത്തുകാണിക്കുന്നു.

അവിടത്തെ കേരള വെറ്റി നറ്റി ആന്റ് ആനിമൽസ് യൂനിവേ ഴ്സിറ്റിയുടെ അനുബന്ധസ്ഥലം കേന്ദ്ര വനനിയമം (1980)ലംഘിച്ചു കൊണ്ട് വനപരിസ്ഥിതി മന്ത്രാലയ ത്തിന്റെ സമ്മതമില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സമ്മതം നൽകിയതായിട്ടാണ് റിപ്പോർട്ടുകൾ പറയുന്നത്.

പകരം വനം നടൽപ്പദ്ധതികളൊന്നും തന്നെ നടപ്പാക്കാതെ 40 ഹക്ടർ പുൽപ്രദേശം ചളി പ്രദേശം എന്നിവ യടങ്ങുന്ന പരിസ്ഥിതി പ്രാധാന്യമുള്ള കുന്നുകൾ നിരപ്പാക്കി പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകു വാനാണ് തീരുമാനം (വന മായി പ്രഖ്യാപിക്കപ്പെട്ട മേഖലാ വനംവകുപ്പിന്റെ, നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുവാൻ വെറ്റിനറ്റി യൂനിവേ ഴ്സിറ്റിയ്ക്കു നൽകിയ ഉത്തരവ് മറിക ടക്കുവാനുള്ള

തീരുമാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഗൗരവമായി എടുക്കുമെ ന്നാണനുമാനം.

ഈ കാര്യത്തിൽ കഴിഞ്ഞ ദിവസം ബഹു. കേരള ഹൈക്കോടതി പറഞ്ഞത് സംസ്ഥാനത്തിന് പരി സ്ഥിതി സംരക്ഷണത്തിൽ തീരെ താൽപര്യമില്ലെന്നാണ്.

കൂടാതെ മുകൾ പറഞ്ഞ പകരം വനം നടൽ കാര്യങ്ങളിൽ വനം എന്ന് പറയുമ്പോൾ ലഭിക്കുന്ന ഒരു ഗുണങ്ങളും പകരം നടൽ ചെടി കൊണ്ട് ലഭിക്കുന്നില്ല. പ്രത്യേകിച്ചും ഇവ വലുതാകുമോയെന്ന് യാതൊരു റപ്പും ലഭിക്കുന്നില്ല.

അതുകൊണ്ടുതന്നെ പദ്ധതിയേ പറ്റി ആലോചനതുടങ്ങു മ്പോൾ തന്നെ വനം നടൽ തുടങ്ങിയി രിക്കണം. എന്നാൽ മാത്രമേ വന്യജീ വികൾക്കും മറ്റും ഇതുകൊണ്ടു ഗുണ മുണ്ടാവുകയുള്ളൂ.

വനം എന്ന് പറയുമ്പോൾ ലഭിക്കുന്ന ഗുണങ്ങളൊന്നും തന്നെ പേരിന് മാത്രം വലുതാവുന്ന മരങ്ങളേ കൊണ്ടില്ല.

പേരിന് മാത്രം നില കൊള്ളുന്ന ഇവ ഗുണം ചെയ്യാറില്ല.

അതുകൊണ്ടുതന്നെ വന ങ്ങൾ വെട്ടിമാറ്റി പദ്ധതികൾ തുടങ്ങു ന്നതിന് മുൻപുതന്നെ സ്ഥലം കണ്ടെത്തി വനമാക്കി മാറ്റുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യ ണം.

അതുകൊണ്ടുതന്നെ സി.എ. ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം വനംനടൽ പദ്ധതി പുനരവ ലോകനം ചെയ്തു വനനിയമം 1980



വൻ കെട്ടിടങ്ങൾ കെട്ടി പൊക്കിയ വനമേഖല നശിപ്പിച്ചുള്ള വയനാട്ടിലെ സർക്കാർ സ്ഥാപനം

ശക്തമായി നടപ്പാക്കേണ്ടതുണ്ട്.

മാത്രവുമല്ല കഴിഞ്ഞ ദിവസം കേരളം പറഞ്ഞത് തങ്ങൾ കാംപ ഫണ്ടുപയോഗിച്ച് 23 ജീപ്പു കൾ വാങ്ങിയിട്ടുണ്ടെന്നാണ്. ഫോസ്റ്റ്, സ്റ്റേഷനുകളിൽ ഉപയോഗി ക്കാനാണ് ജീപ്പുകളെന്നാണ് വിശദ കരണം. ഇതിന് സംസ്ഥാനകാംപ ഫണ്ട് കമ്മിറ്റി അംഗീകാരവും നൽകിയിട്ടുണ്ടെന്നാണ് വാദം. എന്നാൽ ഈ ജീപ്പുകൾ എങ്ങനേപകരം മരങ്ങളാകുമെന്ന് പരിസ്ഥിതി പ്രവർത്തകർ ചോദിക്കു ന്നു. ഉത്തരം മുട്ടുന്ന ചോദ്യം തന്നെ.

കേരളത്തിന് പകരം വനം വെച്ച് പിടിപ്പിക്കുവാൻ 137 കോടി രൂപ ലഭിച്ചതിൽ 97 ലക്ഷം ചിലവാക്കിയെങ്കിലും 96 ലക്ഷം ചില വാക്കിയത് വനം വന്യജീവി വകു പ്പിന് ആഢംബര വാഹനങ്ങൾ വാങ്ങുവാനാണെന്നാണ് സി.എ.ജി. റിപ്പോർട്ടിൽ പറയുന്നു.

വനം മുറിച്ചുമാറ്റി പദ്ധതി നടപ്പാക്കുമ്പോൾ പകരം വനം നടൽ നടക്കാത്തതുമൂലം വെള്ളച്ചാ ട്ടങ്ങളും മറ്റും ക്രമേണ ഇല്ലാതാകുന്നു.

വൻ കെട്ടിടങ്ങൾ കെട്ടി പൊക്കിയ വനമേഖല നശിപ്പിച്ചുള്ള വയനാട്ടിലെ സർക്കാർ സ്ഥാപനം


വനനിയമം 1980ന്റെ ലംഘനം എന്ന ആരോപണം ഉന്ന യിക്കപ്പെടുന്ന വയനാട്ടിലേ പൂക്കോട് വെറ്റിനറ്റി യൂനിവേഴ്സിറ്റി യ്ക്കടുത്തുള്ള വെട്ടിമാറ്റാനുദ്ദേശി ക്കുന്ന വനപ്രദേശം.

■

കഥ



# ഒരിടത്തേക്കുള്ള വഴികൾ



വത്സൻ നെല്ലിക്കോട്

പനോത്ത് തറവാട്ടുകാരണവർ പന്ത്രണ്ടാനയും നാടുനീളെ പറമ്പും എട്ടു ഭാര്യമാരും ചെല്ലുന്നേടത്തൊക്കെ സംബന്ധവും അവരിലൊക്കെ മക്കളും ഉള്ള യോഗ്യനായിരുന്നു.

ഏഴാമനെകാണുമ്പോൾ തിയ്യരും ചെറുമക്കളും കീഴാളന്മാരുമൊക്കെ ഭയഭക്തിയോടെ തൊഴും. തീണ്ടലും തൊടീലുമൊന്നും ലവലേശം മാനുകുട്ടൻ തമ്പുരാനെഏശിയിരുന്നില്ലെന്നതാണ് അധികൃതർക്ക് തമ്പുരാൻ പ്രിയങ്കരനായത്. അടുത്തോൻ രാമൻകുട്ടി ഒരു ദിവസം തലേക്കെട്ടഴിച്ചു കക്ഷത്തുവെച്ചു വരമ്പിലേക്കുചാടി മാറി നിൽക്കുന്നതുകണ്ട് കൂടെയുണ്ടായിരുന്ന നത്ത് ഗോപാലനോടു തമ്പുരാൻ പറഞ്ഞു.

''അതി വിനയക്കാരൻ അപകടകാരിയാ. സൂക്ഷിക്കണം ഓനെ". എന്നിട്ട് ഗോപാലനെവിളിച്ചു.

"എടോ നത്ത് ഗോപാലാ ഇവടെ വാ"

ഗോപാലൻ വളരെ ഭക്തിയോടെ തമ്പുരാന്നടുത്തേക്കു ചെന്നപ്പോൾ തമ്പുരാൻ അവനെ രണ്ടു കൈകൾകൊണ്ടും വാരിപുണർന്ന് ഇങ്ങനെപറഞ്ഞു.

"അന്നെ എനിക്കിഷ്ടാ. കോന്തുണ്ണീന്റെ ചായപ്പീട്യേൽ അനക്കൊരു പറ്റ് ഏർപ്പാടാക്കിത്തര. മാസാമാസം അറുപതുറുപ്യ പറ്റിക്ക്യോ. അതിലധികായാൽ അന്ന് പറ്റ് നിർത്തുട്ട്വോ".

തമ്പുരാൻ മനുഷ്യസ്നേഹിയും ദയാലുവുമാണെന്ന കീർത്തിപരന്നു. അത് തമ്പുരാൻ പയറ്റിയ ഒരടവായിരുന്നെന്നും ആർക്കും മനസ്സിലായില്ല. ബാപ്പു, തമ്പുരാന്റെ കാര്യസ്ഥനായിരുന്നു. അവനെകൂട്ടുപിടിച്ച് ഒപ്പിച്ച വേലയായിരുന്നു. തമ്പുരാനെക്കുറിച്ച് നാട്ടുകാർക്കിടയിലുള്ള പേരുദോഷം മാറ്റാനായിരുന്നു. ഈ വിദ്യ.

അതെന്തായാലും അതിനു ശേഷം തമ്പുരാന് ഒരു പുതിയ മുഖം നാട്ടുകാരുടെ ഇടയിലുണ്ടായി.

മാസത്തിന്റെ ആദ്യ ആഴ്ചയിൽ നാലു ഭാര്യമാർക്കൊപ്പവും രണ്ടാമത്തെ ആഴ്ചയിൽ മറ്റേ നാലു ഭാര്യമാർക്കൊപ്പവും മൂന്നാമത്തെ ആഴ്ചയിൽ തെരഞ്ഞെടുത്ത വെപ്പാട്ടിമാർക്കൊപ്പവും അവസാനത്തെ ആഴ്ചയിൽ സൽക്കാര പ്രിയരായ സംബന്ധ വീടുകളിലും തമ്പുരാൻ മൃഷ്ടാന്നം ഭോജനവും ഭോഗവുമായി കഴിഞ്ഞു. പിണ്ഡ തൈലവും കൊട്ടംചുക്കാദിയും സമം ചേർത്ത കുഴമ്പു തേച്ചുള്ള കുളിയും ആടിന്റെ കയ്യും കാലും സൂപ്പുവെച്ചുകുടിക്കുകയും കായബലത്തിനു മദനമോഹലേഹ്യം സേവിക്കുകയും ശരീരകാന്തിക്കുള്ള സുകുമാര ചികിത്സയും ഓരോരോ വീടുകളിലായി തമ്പുരാൻ ജീവിതം ആഘോഷിച്ചു.

ഓരോ കൊല്ലവും തമ്പുരാൻ സുഖചികിത്സക്കുവരാൻ സംബന്ധക്കാർ കാത്തിരിക്കാറാണ്. തൊണ്ണൂറു ദിവസത്തെ ചികിത്സയാണ്. വണ്ടിക്കു സാധനങ്ങളാണ് തമ്പുരാൻ വരുന്നതിന്റെ തലേന്നു വീട്ടിലെത്തുക.

കള്ളുകുടിയും കൊയ്ലേറ്റവും വാടക വിഹിതവും ഒത്തുതീർപ്പു മധ്യസ്ഥം പറച്ചിലും പെണ്ണാശാരവും ഇടക്കുള്ള പണികളാണ്. അതിർത്തിത്തർക്കം കള്ള ഗർദ്ദം തുടങ്ങിയവക്കു പഞ്ചായത്ത് പറമ്പിലും ജോറാണ്. കൊയ്ലേറ്റം മേൽനോട്ടവും വാടക വിഹിതവും കാര്യസ്ഥന്മാരെ ഏൽപ്പിക്കാറാണ്. തേങ്ങ കട്ടുവിൽക്കുകയും വാടക കിട്ടിയില്ലെന്നു പറഞ്ഞു. പറ്റിക്കുമെന്നും അറിഞ്ഞുകൂടാഞ്ഞിട്ടല്ല. ഇല്ല്യാഞ്ഞിട്ടല്ലേ, കുറച്ചൊക്കെ കട്ടോട്ടെ എന്നു നിനക്കും ആ നിലയിൽ കുറച്ചു വിശ്രമവും സുഖവും കിട്ടും.

എവിടേക്കു പോകുമ്പോളും അംശം അധികാരി കോന്തുണ്ണിക്കുറുപ്പും നത്ത് ഗോപാലനും കൂടെയുണ്ടാകും. അവരെക്കൊണ്ടും ഒരു ബുദ്ധിമുട്ടുമില്ല. വിശ്വസ്തരും വിനീതരും നന്ദിയുള്ളവരുമാണ്. ദുശ്ശീല മില്ലാത്തവരാണ്. അധികാരി പെൺവിരോധിയായതിനാൽ എവിടേക്കും വിശ്വസിച്ചുകൊണ്ടുപോകുവാനും പെണ്ണുങ്ങളുമായുള്ള വിഷയങ്ങൾ ഏൽപ്പിക്കാനും ബുദ്ധിമുട്ടില്ല. നത്ത് ഗോപാലൻ മദ്യവിരോധിയും ഗുസ്തിക്കാരനുമാണ്.

തമ്പുരാൻ മരിച്ചപ്പോൾ അന്നുവരെയും ഒരു ചാവിനും കണ്ടിട്ടില്ലാത്ത പുരുഷാരംകൊണ്ട് പനോത്തുതൊടി നിറഞ്ഞു കവിഞ്ഞതിനിടക്കാണ് വൈദ്യര് രമാൻകുട്ടിയുടെ തലയിൽ തേങ്ങ വീണത്. തല, നിലത്തുവീണ കുമ്പളങ്ങപോലെ പൊട്ടിച്ചിതറി രാമൻകുട്ടി അവിടെ കിടന്ന് മരിച്ചു.

തമ്പുരാൻ ആരോടെങ്കിലും തോറ്റിട്ടുണ്ടെങ്കിൽ അത് വൈദ്യര് രാമൻ കുട്ടിയോടാണ്. കുടിയിറക്കാൻ ചെന്നപ്പോൾ കൊടുവാളെടുത്ത് രാമൻകുട്ടി വെല്ലുവിളിച്ചപ്പോൾ തമ്പുരാന്റെ മുട്ട് വിറച്ചു. കോണകത്തിൽ മൂത്രമൊഴിച്ചുപോയെന്നാണ് ശ്രുതി. തമ്പുരാൻ ഒന്നു കണ്ണുമിഴിച്ചു നോക്കിയാൽ അടിയങ്ങൾ മൂത്രമൊഴിക്കുന്നേടത്താണ്. രാമൻകുട്ടിയെ പേടിച്ച് തമ്പുരാൻ മൂത്രമൊഴിച്ചുപോയത്. "രണ്ട് കാലും ഞാൻ കൊത്തും. പിന്ന്യേ ഇഴഞ്ഞ്

നടക്കേണ്ടിവരും"ന്ന് പറഞ്ഞപ്പോം തമ്പുരാൻ ശപിച്ചിരുന്നത്രെ. നിന്റെ തലേൽ ഇടിത്തീവീണ് ചാകുംന്ന്. ഇടിത്തീക്കു പകരം തേങ്ങ വീണത് ശാപം കൊണ്ടാണെന്നു ആളുകൾ പറയുന്നു.

അന്നു പത്തുവയസ്സുണ്ടായിരുന്നു. മാങ്ങിണിയമ്മക്കിന്ന് സപ്തതി കഴിഞ്ഞെങ്കിലും തമ്പുരാൻ മരിച്ച ദിവസം വീട്ടുകാരെല്ലാം കൂടി പൊട്ടിക്കരഞ്ഞതിന്റെ പൊരുളറിയുന്നത്. ഇപ്പോൾ അറുപതുകൊല്ലം കഴിഞ്ഞാണ്.

തമ്പുരാൻ ചത്തപ്പോൾ കൂട്ട നിലവിളിയും ആർത്തുകരച്ചിലുമായിരുന്നു. അവിടെ ശവം എടുക്കുന്നതുവരെയും ബഹളമായിരുന്നു. തമ്പുരാന്റെ ഭാര്യമാരും സംബന്ധക്കാരും മക്കളും ഇടപാടുകാരും ഒക്കെ കൂടി കൂട്ടക്കരച്ചിലായിരുന്നു. പ്രായപൂർത്തിയായ ഒരാൾ മരിച്ചാൽ അത് രണ്ടാം കല്ല്യാണമാണ്. കല്ല്യാണക്കത്തടിച്ചു ക്ഷണിക്കും പോലെ ചാവടിയന്തിരത്തിനു കത്തടിച്ചുക്ഷണിച്ചു നാലുതരം പായസം വിളമ്പി സദ്യക്കൊടുക്കുന്നത് അതുകൊണ്ടാണ്. ആ നിലക്ക്, തമ്പുരാൻ മരിച്ചിട്ട് ഭാര്യമാരും കുടുംബക്കാരും ഇത്രയേറെ സങ്കടപ്പെടാൻ കാര്യമെന്തായിരുന്നുവെന്ന് മങ്ങിണിയമ്മക്കു മനസ്സിലായില്ല.

തമ്പുരാനു കയ്യും കണക്കുമില്ലാത്തത്ര സ്വത്തുക്കളുണ്ടായിട്ടും മരിക്കുമ്പോൾ അതൊക്കെ ഉപേക്ഷിച്ചു ദുഃഖിച്ചു പോകേണ്ടിവന്നതിലായിരുന്നു ഭാര്യമാർക്കും ബന്ധുക്കൾക്കും ദുഃഖമെന്ന് ഇപ്പോൾ മനസ്സിലായി. അല്ലാതെ പ്രായപൂർത്തിയായി മരിച്ചുപോയതിലായിരുന്നില്ല. പ്രായമാകുമ്പോൾ ആരായാലും മരിക്കുമെന്നറിയുന്നതിനാൽ കരയരുതെന്നറിയാം. അതിലേറെ, കരഞ്ഞിട്ടു കാര്യമില്ലെന്നറിയാം. കഴിയുമെങ്കിൽ അങ്ങനെയുള്ള മരണത്തിൽ സന്തോഷിക്കണം. അങ്ങനെചെയ്യാതിരുന്നത് സമ്പാദിച്ച ധനം കൊണ്ടുപോകാൻ കഴിഞ്ഞില്ലല്ലോ എന്നോർത്തായിരുന്നു.

പാരഡൈസ് ബംഗ്ലാവിലെ ബാർമുതലാളി ജോണിക്കുട്ടിച്ചായൻ ഇന്നലെ മരിച്ചു. മരിക്കാനുള്ള പ്രായമൊന്നുമായിരുന്നില്ല. മരണ കാരണം ലിവർ സിറോസിസ്. എന്തെങ്കിലുമൊരു കാരണം വേണ്ടേ മരിക്കാൻ. ഒരസുഖവും ഇല്ലായിരുന്നു. പെട്ടെന്ന് മരിച്ചു എന്നാളുകൾ പറയും. അതല്ല ശരി. പെട്ടെന്നു മരിക്കുന്നവർക്കൊക്കെ എന്തോ അസുഖമുണ്ടാകും. അതറിഞ്ഞില്ല എന്നതാണ് ശരി. ജോണിക്കുട്ടിച്ചായൻ ബാർ മുതലാളിയായതിനാലും മരണം ലിവർ സിറോസിസ് കൊണ്ടായതിനാലും മദ്യപാനമാണ് കാരണമെന്ന് ആളുകൾ കൊട്ടിഘോഷിച്ചു. മദ്യപിക്കാത്ത മുതലാളിക്ക് ലിവർ സിറോസിസ് വന്നു മരിച്ചത് മദ്യപാനം കൊണ്ടല്ലെന്നു പറയാനാരും തയ്യാറായില്ല. "കുടിയനല്ലേ. പെരും കുടിയൻ. ബാർ മുതലാളിയായാലും ഇങ്ങനെകണ്ണും മൂക്കുമില്ലാതെ കുടിച്ചാൽ ചാകുന്നറിയത്തില്ലേ അങ്ങേർക്ക്'' ശത്രുക്കൾ അങ്ങനെരസിച്ചു.

ജോണിക്കുട്ടിച്ചായന്റെ മരണം നാട്ടുകാർക്കും വീട്ടുകാർക്കും ഓണം -വിഷുപോലെയായിരുന്നു. നാൽപത്തിയെട്ടാമത്തെ വയസ്സിലുള്ള മരണം. അതും കത്തിനിൽക്കുന്ന സമയത്ത്. ഈ സങ്കടം എങ്ങനെതീർത്താൽ തീരും. ഫോട്ടോ എടുക്കലും വീഡിയോ എടുക്കലും കല്യാണത്തിനുവരും പോലെ ആളുകൾ അണിഞ്ഞൊരുങ്ങി ബോഡികാണാൻ വരുന്നതും ഹാരാർപ്പണവുമൊക്കെ കൗതുകമുള്ള കാഴ്ചകളായിരുന്നു. പള്ളിയിലെ അച്ഛനും കന്യാസ്ത്രീകളും സഭയിലെ മേലധികാരികളും ഒക്കെ എത്തിയിരുന്നു. ബൈബിളിലെ പ്രസക്ത ഭാഗങ്ങൾ കന്യാസ്ത്രീകൾ വായിച്ചുകൊണ്ടിരുന്നു. മന്ത്രിമാർ ആദ്യമാദ്യം റീത്തുസമർപ്പിക്കാൻ മത്സരമായിരുന്നു. എക്സൈസ് മന്ത്രി എത്തിയപ്പോൾ ഉന്തും തള്ളും കാരണം പോലീസിനു ബലം പ്രയോഗിക്കേണ്ടിവന്നു.

ജോണിക്കുട്ടിച്ചായൻ നല്ലൊരു സത്യകൃസ്ത്യാനിയായതിനാൽ ഒരു ഭാര്യയെ ഉണ്ടായിരുന്നുള്ളൂ. ചീത്ത നടപടികളൊന്നും ഉണ്ടായിരുന്നില്ല. പണം സമ്പാദിക്കാൻ വേണ്ടി ജീവിച്ചൊരു മനുഷ്യൻ. കഠിനാദ്ധ്വാനവും എളിമയും കൊണ്ടാണൊക്കെ നേടിയത്.

രണ്ടു പെൺകുട്ടികളാണുള്ളത്. അവർ കോളേജിൽ പഠിക്കുന്നു.

ഭാര്യയും മക്കളും അണിഞ്ഞൊരുങ്ങി കുടുംബാംഗങ്ങളോടൊപ്പം മൃതദേഹത്തിനു സമീപം കസേരയിൽ ഇരിക്കുന്നു. അനുശോചനമറിയിക്കാൻ വരുന്നവർക്കൊക്കെ മനസ്സിലാകണം ഭാര്യയും മക്കളും ആ ഇരിക്കുന്നവരാണെന്ന്.

അകാലത്തിലുള്ള മരണമായതിനാൽ സങ്കടം കരകവിഞ്ഞൊഴുകുന്നത് ഓരോരുത്തോർക്കുമ്പോളാണ്. ഒന്നും ഓർക്കേണ്ടെന്ന് വിചാരിക്കാം. എന്നാൽ തടഞ്ഞു നിൽക്കുന്നതല്ലല്ലോ ഓർമ്മകൾ. ജോണിക്കുട്ടിച്ചായന്റെ മരണത്തിൽ സന്തോഷിക്കുകയാണു വേണ്ടതെന്നറിയാം. ബാറുനടത്തി സമ്പാദിച്ച കോടികളൊക്കെ ഉപേക്ഷിച്ച് പോയതിൽ കരഞ്ഞുകൊണ്ടിരുന്നാൽ ജോണിക്കുട്ടിച്ചായന്റെ ആത്മാവിനു ശാന്തികിട്ടുകയില്ലെന്നറിയാം. "നീ ഒന്നും കൊണ്ടുവന്നിട്ടില്ല. നീ ഒന്നും കൊണ്ടുപോകുന്നില്ല. നിന്റേതായി എന്തെല്ലാമോ ഉണ്ടായി. അതെല്ലാം മറ്റുള്ളവരുടെതാണെന്നറിഞ്ഞു, നീ എല്ലാം ഉപേക്ഷിച്ച് വെറും കയ്യോടെ, സന്തോഷവാനായി പോകുന്നു. ആമേൻ". അച്ഛന്റെ വചനവും കൂടി കേട്ടപ്പോൾ അവർക്ക് കൂടുതൽ സന്തോഷമായി. "വിയാർ ഹാപ്പി ജോണിക്കുട്ടിച്ചായാ. വിയാർ ഹാപ്പി". എന്നവരുടെ ചുണ്ടുകളിൽ തത്തിക്കളിക്കുന്നത് മാങ്ങിണിയമ്മ കണ്ടപ്പോളാണ് തമ്പുരാൻ മരിച്ചിട്ട് ഭാര്യമാരും കുടുംബക്കാരും കരഞ്ഞതെന്തിനാണെന്ന് ബോധ്യമായത്. ഇരുവരെയും താരതമ്യം ചെയ്തപ്പോളാണത് മനസ്സിലായത്.

കഷ്ടപ്പെട്ടു സമ്പാദിച്ചതൊക്കെ മരിച്ചുപോകുമ്പോൾ കൂടെ കൊണ്ടുപോകാൻ കഴിയാത്തതിലായിരുന്നു തമ്പുരാന്റെ ഭാര്യമാരും ബന്ധുക്കളും കരഞ്ഞത്. കഷ്ടപ്പെട്ടുണ്ടാക്കിയ സ്വത്ത് മരിച്ചുപോകുമ്പോൾ ഉപേക്ഷിച്ചുപോയ സന്തോഷത്തിലായിരുന്നു ജോണിക്കുട്ടിച്ചായന്റെ ഭാര്യയും മക്കളും കരയാതിരുന്നത്.

മരണം 1947ലും മരണം 2013ലും ഇങ്ങനെയാണെങ്കിൽ താൻ മരിക്കുന്ന 2063ൽ എങ്ങിനെയായിരിക്കുമെന്നായി മാങ്ങിണിയമ്മയുടെ ചിന്ത. ഇപ്പോൾ ശവം നോക്കിയിരിക്കാനെങ്കിലും ആൾക്കാരുണ്ട്. തനിക്കാരുണ്ട്. സ്വന്തോ മുതലോ അതുമില്ല. ഒരു പെണ്ണുള്ളത് അമേരിക്കയിൽ ജീവിച്ചിരിപ്പുണ്ടെന്നു

(ശേഷം പേജ് 30ൽ)

# M.R BAKERY & SWEETS

സ്വാദിഷ്ടമായ
മധുരപലഹാരങ്ങൾ,
മിക്ചർ, ബനാനചിപ്സ്,
സ്നാക്സ്
മിതമായ നിരക്കിൽ

PUTHIYAPALAM ROAD CALICUT - 2
Ph: 2304036




Fresh Snacks & Sweets

# വളയനാട് ട്രാവൽസ്

വളയനാട് ക്ഷേത്രത്തിന് മുൻവശം
കോഴിക്കോട് – 673 007

ഫോൺ:
(സുജിത്ത്)
8891940153
9947583999
9020757574
9020747575

| | |
|---|---|
| വിവാഹം, വിനോദം, തീർത്ഥ യാത്രകൾക്ക് സമീപിക്കുക. | VALVO TYPE BUS & TEMPO TRAVELER |




# Cool Palace

Opp. Petrol Pump, Kottooli, Kozhikode
Mob: 9645777060





Varieties of Juice,
Fruit Salad,
Faluda,
Ice Creams,
Tea/ Cofee
&
Snacks

*With best Compliments from*

Calicut barbell Club

# MULTY GYM

ESTD : 1972

P.O. Kuthiravattam
Calicut - 16
Ph: 9847010735,
9847941277





# ശങ്കരേട്ടന്റെ ചെറിയ ലോകത്തെ വലിയ കരിനാഗങ്ങൾ



അഷറഫ് വി. നെടിയനാട്

നക്ഷത്രങ്ങൾ ആകാശം സ്വന്തമാക്കിയത് സഹിക്കവയ്യാതെ ചന്ദ്രൻ വൈകിയുദിച്ച തിനാലാവാം നിലാവ് പുഞ്ചിരിവിതറിയ തോട്ടുവരമ്പിൽ ശങ്കരേട്ടന്റെ നിഴൽ ചിത്രം മങ്ങിപ്പോയത്. കൈതച്ചെടികൾ മുണ്ടുവൻപാടവും കൈത്തോടും അതിരുതിരിച്ച വരമ്പിലൂടെയുള്ള ശങ്കരേട്ടന്റെ ഈ രാത്രി സഞ്ചാരം ഒരു പ്രപഞ്ച പ്രതിഭാസമാണ്. കൈത ചെടികളൊന്ന് ശങ്കരേട്ടന്വേണ്ടി എവിടെയെങ്കിലും പൂത്തിട്ടുണ്ടാവും. അതിന്റെ ഭ്രൂമിപ്പിക്കുന്ന സുഗന്ധം തന്റെ അമ്മയുടെതാണെന്ന് ശങ്കരേട്ടൻ വിശ്വസിക്കുന്നു. ഗന്ധങ്ങൾ തിരിച്ചറിയാൻ തുടങ്ങിയ അന്നുമുതൽ ശങ്കരേട്ടന്റെ അമ്മക്ക് കൈതപ്പൂവിന്റെ സുഗന്ധമായിരുന്നു.

അമ്മയുടെ സാമിപ്യം തേടിയുള്ള ശങ്കരേട്ടന്റെ ഈ രാത്രി സഞ്ചാരത്തിന് അദ്ദേഹത്തോളം പ്രായമുണ്ട്. പണ്ടൊക്കെ ഓല ചൂട്ടും കത്തിച്ച് അദ്ദേഹം തോട്ടുവരമ്പിലൂടെ പോകുമ്പോൾ ഞങ്ങൾ കുട്ടികളെ ഒക്കത്തിരുത്തി ചോറുവാരി ഉരുളയാക്കി തരുന്ന അമ്മമാർ പറയുമായിരുന്നു.

തീപന്തവും കെട്ടി ശങ്കരനതാ പോകുന്നു. ഭക്ഷണം കഴിക്കാത്ത കിടാങ്ങളെ തിരക്കി തോട്ടുവരമ്പിലൂടെ നീങ്ങുന്ന തീപ്പന്തത്തിന്റെ നിഴലും വെളിച്ചവും മിന്നിമറയുന്ന ആൾരൂപവും കൗതുകത്തോടെ നോക്കി നിൽക്കുമ്പോൾ അമ്മമൊഴിയും ഭക്ഷണം കഴിച്ചില്ലെങ്കിൽ നിന്നെ ശങ്കരന് കൊടുക്കും . അവൻ നിന്നെ ചാക്കിലാക്കി കൊണ്ടുപോകും നാഗത്തിന് കൊടുക്കാൻ. ഞങ്ങളൊക്കെ വളർന്നിട്ടും ശങ്കരേട്ടന്റെ ഈ യാത്ര നിലച്ചില്ല. അമ്മമാരുടെ പേടിപ്പെടുത്തലും പക്ഷേ ഒരു വ്യത്യാസമുണ്ടായിരുന്നു.

തീപന്തത്തിന് (ചൂട്ടിന്) പകരം മൂന്ന് കട്ട ടോർച്ചാക്കിയിരുന്നു ശങ്കരേട്ടൻ. ഒരിക്കൽ വിളഞ്ഞു നിൽക്കുന്ന പാടവരമ്പിലൂടെ ചൂട്ടുമായി ഓടുമ്പോൾ തീപ്പൊരി വീണ് ഒരു കണ്ടം നെല്ല് കത്തിപ്പോയി. അന്ന് ശങ്കരേട്ടന്റെ പേരിൽ പോലീസ് കേസായി. നാട്ടിൽ വഴക്കായി താമരശ്ശേരി എസ്.ഐ. ആയിരുന്ന അനന്തരാമ അയ്യർ എന്ന സ്വാത്വികനായ മനുഷ്യൻ അന്ന് വാങ്ങിക്കൊടുത്തതാണ് ആ മൂന്ന് കട്ട ബാറ്ററി ടോർച്ച്. ചൂട്ടിന് പകരം ടോർച്ചുമായിട്ടായി പിന്നീട് ശങ്കരേട്ടന്റെ യാത്ര. ഉണ്ണിമോയി മാപ്ലയുടെ പീടികയിൽ നിന്ന് മൂന്ന് മാസം കൂടുമ്പോൾ ഒരു എവറഡി ബാറ്ററി വാങ്ങും. ബാറ്ററിയുടെ ഒരു തല ബൾബ്വെച്ച് മറുതലക്ക് കമ്പി തൊട്ട് മാപ്പിള ചാർജ്ജ് ചെക്ക് ചെയ്യുമ്പോൾ ബൾബ് മിന്നുന്നത് നോക്കി ശങ്കരേട്ടന് ഒരു ചിരിയുണ്ട്. പിന്നെ ഒരു പ്രസ്താവനയും ഇവനാരാ എവറെഡി അതിന് ശേഷം ടോർച്ചിന്റെ മുഖംമൂടി തിരിച്ച് വെളിച്ചം പോയന്റ് ചെയ്യുന്ന ശങ്കരേട്ടൻ എല്ലാം തൃപ്തിയായെന്ന മട്ടിൽ ചിരിക്കും.

സന്ധ്യാ ഭക്ഷണം കഴിച്ച് അൽപം സ്വയമ്പൻ ( വാറ്റിന് ശങ്കരേട്ടൻ ഇട്ടപേര്) കഴിച്ചാൽ അദ്ദേഹത്തിന്റെ മനസ്സ് തിളക്കാൻ തുടങ്ങും. ഈ തിളച്ച് മറയൽ ശരീരത്തെ വിയർപ്പിക്കും. ഈ വിയർപ്പ് അമ്മയുടെ ശങ്കരാ എന്ന വിളിയാണത്രേ. നാട്ടുകാരൊക്കെ ഭക്ഷണം കഴിച്ച് കിടക്കാൻ പായ വിരിക്കുമ്പോളാണ് ശങ്കരേട്ടന്റെ യാത്രയുടെ തുടക്കം. അല്ലെങ്കിൽ ഉണ്ണാനിരിക്കുമ്പോൾ.....

ഇരുളിന്റെ മറവിൽ ശങ്കരേട്ടന്റെ ഈ രാത്രി സഞ്ചാരം ഒരു നിയോഗമായിരുന്നു. ഈ യാത്രയിൽ അരുതാത്തത് പലതും ശങ്കരേട്ടൻ കാണാറുണ്ട്. കേൾക്കാറുണ്ട്. പല അപരിചിത വഴികളിലും പരിചിതരേയും അപരിചിതരേയും അദ്ദേഹം കാണാറുണ്ട്. ഈ രഹസ്യങ്ങളൊന്നും ശങ്കരേട്ടൻ ആരോടും പറയാറില്ല. അതിനാൽ തന്നെ നാട്ടിലെ എല്ലാവർക്കും ശങ്കരേ

ട്ടനെവിശ്വാസമാണ്. അദ്ദേഹത്തിന്റെ വായയിൽ നിന്ന് രഹസ്യം വീണുകിട്ടാൻ ഞങ്ങൾ ചില പോക്കിരിപിള്ളേർ പലപ്പോഴും പല പ്രലോഭനങ്ങളും നൽകിയിരുന്നെങ്കിലും അതിൽ നിന്നെല്ലാം ശങ്കരേട്ടൻ അതിജീവിച്ചു.

ഒരിക്കൽ ശങ്കരേട്ടന്റെ ഒത്താശയോടെയാണ് രാമൻനായരുടെ മകൾ മുണ്ടുവൻ പുഴകടന്ന് കാരൂല് സ്വർണപണിക്കാരനായ തെക്കന്റെ കൂടെ പോയത് - ഒളിച്ചോടിയത്. ആ ആരോപണം തീപിടിച്ച് സംഘം ചേർന്നപ്പോൾ ശങ്കരന്റെ തൊള്ള തൊറന്നാൽ നാട്ടിൽ എന്നെ കല്ലെറിയാനാളില്ലാതാവും എന്ന് ഒറ്റ അലർച്ച. പിന്നെ ശങ്കരേട്ടനെതിരെ ആരും രംഗത്ത്വന്നില്ല.

ഒരിക്കൽ ശങ്കരേട്ടനോട് ആരോ ചോദിച്ചു. അമ്മക്കെങ്ങിനെകൈതപ്പൂവിന്റെ സുഗന്ധംവന്നു ശങ്കരാ?

അമ്മയ്ക്കെന്നും കൈതപ്പൂവിന്റെ ഗന്ധമായിരുന്നു. ഓരോ സന്ധ്യയിലും കൈതപ്പൂവിൽ തൈലം പുരട്ടി അമ്മ ഞാനുറങ്ങുന്നതിനായി അരികിൽ കിടക്കും.... ശങ്കരേട്ടൻ പറഞ്ഞു.

സന്ധ്യകളിലും ആ കൂരയിൽ കൈതപ്പൂവിന്റെ ഭ്രൂമിപ്പിക്കുന്ന സുഗന്ധം നിറയും. കൈതപ്പൂവിന്റെ സുഗന്ധ തൈലം അമ്മ പുരട്ടുന്നത് ഞാൻ നന്നായി ഉറങ്ങുന്നതിനാണെന്ന് കുട്ടിയായ ശങ്കരനോടെന്നും അമ്മ പറയുമായിരുന്നു.

ഒരു പാതിരാവിൽ ഇടിയും മഴയും ഉള്ള രാത്രി ഞെട്ടിയുണർന്നപ്പോൾ അമ്മയെ കാണാനില്ല. ഭയന്നുപോയ ശങ്കരൻ കണ്ണടച്ച് കിടക്കുമ്പോൾ ചെറ്റവാതിൽ തള്ളി തുറന്ന് അകത്തേക്ക് കയറിവന്ന അമ്മയെ കണ്ടു. ആ ശരീരത്തിനപ്പോൾ മദ്യത്തിന്റേയും ബീഡിയുടെയും മണമായിരുന്നു. തന്റെ അരികിൽ വന്നു കിടക്കുന്ന ത് അമ്മയല്ല മറ്റാരോ ആണെന്ന് ശങ്കരന് തോന്നി. അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ ശക്തമായ ഒരു മിന്നലും തുടർന്ന് ഇടിയും മുഴങ്ങി. മിന്നൽ വെളിച്ചത്തിൽ അമ്മയുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പുന്നത് അവൻ കണ്ടു.

പിന്നീടൊരിക്കലും ബീഡിഗന്ധമുള്ള അമ്മയെ കാണുന്നതിന് അവൻ പാതിരാവിൽ ഉണർന്നില്ല. ജനിക്കും മുമ്പെ അച്ഛൻ മരിച്ച്പോയതാണെന്നും, പിഴച്ചു പെറ്റതാണെന്നും നാട്ടുകാർ പറയുന്നതും ശങ്കരൻ കേട്ടില്ല. എങ്കിലും ഒരിക്കൽ ശങ്കരൻ ചോദിച്ചു.

അച്ഛൻ ബീഡി വലിക്കുമോ അമ്മേ അമ്മ ഒന്ന് തലകുലുക്കുകമാത്രം ചെയ്തു.

ശങ്കരന് എട്ട് വയസ്സുള്ളപ്പോഴാണ് അമ്മ മരിക്കുന്നത്. കൈതപ്പൂവിൻ തൈലം പൂശി തന്നോടൊപ്പം നിലത്ത് പുൽപായയിൽ കിടന്ന അമ്മ പിറ്റെ ദിവസം കൂരക്ക് വടക്ക് നാഗത്താൻ കോട്ടക്കടുത്ത് അർദ്ധ നഗ്നയായി മരിച്ചുകിടക്കുന്നതാണ് കണ്ടത്. അമ്മക്ക് ചുറ്റും കള്ളിൻ കൂടങ്ങളും ബീഡി കുറ്റികളും ചിതറിക്കിടന്നിരുന്നു. ഏതാനും രണ്ട് രൂപ നോട്ടുകളും.

വിഷം തീണ്ടിയാണത്രേ അമ്മ മറിച്ചത്. ഏതോ കരിനാഗം കടിച്ചതാണത്രേ.

പാമ്പ് ബീഡി വലിക്കോ എന്ന അവന്റെ ചോദ്യത്തിന് മറുപടിയുണ്ടായില്ല. മുറിയിൽ ട്രൗസറുടുത്ത പോലീസുകാരന്റെ കൊമ്പൻ മീശയും ഉണ്ടകണ്ണുകളും അവനെഭയപ്പെടുത്തി.....

അന്ന് രാത്രി ശങ്കരന് ഉറക്കം വന്നില്ല. കൈതപ്പൂവിന്റെ സുഗന്ധത്തിനായി അവൻ കാത്തിരുന്നു. ദിവസങ്ങളോളം അവന് ഉറങ്ങാൻ കഴിഞ്ഞില്ല. ഉറക്കമില്ലാതെ സമയത്തിന് ഭക്ഷണമില്ലാതെ അവന്റെ മനസ്സ് താളം തെറ്റി പിന്നീട് അമ്മയെ തേടിയായി അവന്റെ യാത്ര. ഒടുവിൽ മുണ്ടുവൻ പാടം പിന്നിട്ട് കൈതച്ചെടികൾ വേലി കെട്ടിയ തോട്ടുവരമ്പിലൂടെ അവൻ നടന്നു.

പൂത്തുനിൽക്കുന്ന കൈതചെടിക്കരികിൽ എത്തി അങ്ങിനെമാസങ്ങൾക്ക് ശേഷം ശങ്കരൻ കൈതപ്പൂവും പറിച്ച് തന്റെ ചെറ്റക്കുടിലിൽ വന്ന് പറിച്ചെടുത്ത കൈതപ്പൂക്കളുടെ ഗന്ധം മാറിയപ്പോൾ വീണ്ടും കൈതപ്പൂവും തിരക്കി യാത്ര.... അങ്ങിനെ ഓരോ രാവും അമ്മയുടെ ഗന്ധം തേടി കൈതപ്പൂവിനായി ശങ്കരൻ യാത്രതിരിക്കും ചൂട്ടുമായി. ആ യാത്ര ഇന്നും തുടരുന്നു.

നാട്ടിൽ പരിഷ്ക്കാരങ്ങൾ വന്നപ്പോൾ, വികസനം കൈത്തോടുകൾ കോൺക്രീറ്റ് മതിലുകൾക്കുള്ളിൽ വീർപ്പ്മുട്ടിയപ്പോൾ കൈത ചെടികൾ തേടിയുള്ള ശങ്കരേട്ടന്റെ യാത്രയുടെ നീളവും ദൂരവും കൂടാൻ തുടങ്ങി.

ഇന്നും ശങ്കരേട്ടൻ നടക്കുകയാണ്. ആഴ്ചകളായി ഉറക്കം നഷ്ടപ്പെട്ടിട്ട്. ഒരു കൈത എവിടെയെങ്കിലും തനിക്കായി പൂത്തിട്ടുണ്ടാവും എന്ന് ശങ്കരേട്ടൻ വിശ്വസിക്കുന്നു.

ശങ്കരേട്ടന്റെ കൂടെ അമ്പിളിമാമനും നടക്കുന്നുണ്ട്. കാർമേഘങ്ങളെന്ന ആട്ടിൻ പറ്റത്തെ തെളിച്ചു മാറ്റി. ഒരു കറുത്ത മേഘം അമ്പിളിയുടെ മുഖം പൊത്തിയോ ശങ്കരേട്ടൻ തന്റെ ടോർച്ച് നീട്ടിയടിച്ചു. മഞ്ഞവെളിച്ചം എന്തിലൊ തട്ടി. കൈതച്ചെടികളിലാണ്. അമ്മയുടെ സുഗന്ധം ശങ്കരേട്ടന്റെ സമീപത്തിലേക്ക് പ്രവഹിച്ചു. ശങ്കരേട്ടന്റെ ടോർച്ചിന്റെ മഞ്ഞവെളിച്ചം ഒരായിരം നിഴൽ ചിത്രങ്ങൾ മുന്നിൽ വരച്ചിട്ടു. തോട്ടിലൂടെ പരൽ മീനുകൾ തുള്ളിച്ചാടി നീന്തി. വെള്ളം ഒരായിരം പാദസ്വരങ്ങൾ കിലുക്കി ചിരിച്ചു. ശങ്കരേട്ടന്റെ മനസ്സും!

തോട്ടിലേക്ക് ചാഞ്ഞ് നിൽക്കുന്ന കൈതച്ചെടിയതാ പൂത്ത് സുഗന്ധ വാഹിനിയായി നിൽക്കുന്നു. പൂവിന്റെ കുലക്ക് നേരെ ശങ്കരേട്ടൻ വെളിച്ചം നീട്ടി..... പൂക്കുലയിൽ ചുറ്റി പിണഞ്ഞു നിൽക്കുന്ന ഒരു കരിനാഗം അതിന്റെ കണ്ണുകൾ ടോർച്ചിന്റെ വെട്ടത്തിൽ മാണിക്യംപോലെ തിളങ്ങി. അമ്മയുടെ ഗന്ധം....

ശങ്കരേട്ടൻ കൈതപ്പൂവ് സാവധാനത്തിൽ അടർത്തിമാറ്റി. കൈതോലയുടെ മുള്ള് കൊണ്ടാണോ അതൊ കരിനാഗം കൊത്തിയതാണോ അയാളുടെ കൈവിരലുകളിൽ നിന്ന് ചോരപൊടിഞ്ഞു. വേദനയും..... എങ്കിലും അമ്മയുടെ സുഗന്ധം അയാളെ മയക്കത്തിലേക്ക് നയിക്കുകയായിരുന്നു..... സ്നേഹം മുലപ്പാലിൽ ചാലിച്ച് ചുംബിക്കും പോലെ......

■



(പേജ് 7ൽ നിന്ന് തുടർച്ച)

**ഋഷിയുടെ അച്ഛൻ**

വുകൂടാതെ ചീന്തിയെറിഞ്ഞു. എന്നാൽ വീട്ടിൽ ആരാധനയുമായെത്തുന്ന സാഹിത്യാസ്വാദകരെ ഉറ്റ ചങ്ങാതികളാക്കി മാറ്റുകയും ചെയ്തു. അവരിൽ നിന്നും അകലം പാലിച്ച് സ്വയം ദന്തഗോപുരത്തിൽ വസിക്കുന്നത് കാക്കനാടന് അസാധ്യമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ ആർക്കും എപ്പോഴും സ്വാഗതം. സാഹിത്യം രാഷ്ട്രീയം, ശാസ്ത്രം തുടങ്ങി ഏതു വിഷയവും എത്രനേരം വേണമെങ്കിലും സംസാരിക്കും. തന്റെ വാക്കുകൾ കേട്ടുകൊണ്ടിരിക്കുന്നവരെ എപ്പോഴും ആദരിച്ചുകൊണ്ടാവും ആ ഭാഷണം.

37 ഓളം നോവലുകളും നിരവധി കഥകളും എഴുതി. അവയിൽ ചെമ്പേരിയെന്ന കുടിയേറ്റ ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകൾ ആയിരുന്നു. 'ഒറോത' എന്ന നോവൽ കണ്ണൂർ ജില്ലയിലെ ചെമ്പേരി എന്ന കിഴക്കൻ മലയോര ഗ്രാമത്തെ കാക്കനാടൻ അത്രയേറെ സ്നേഹിച്ചിരുന്നു. ചെമ്പേരിയിലും അരീക്കമലയിലും കുടിയേറ്റക്കാരായി എത്തിയ തന്റെ ബന്ധുക്കളെ കാണാൻ ഇടയ്ക്കെല്ലാം അവിടെയെത്തുക പതിവായിരുന്നു.

"ചെമ്പേരിപ്പുഴയുടെ തീരത്ത് ഞങ്ങൾ ഇരുന്നു. ഒറോതയെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു." എന്നാണ് നോവൽ തുടങ്ങുന്നതുതന്നെ. അവസാനഅദ്ധ്യായത്തിൽ ഒരു യുഗസംക്രമത്തിന്റെ ധ്വനി ഗാംഭീര്യത്തോടെ ഇങ്ങനേയും എഴുതി. "ഇന്ന് ചെമ്പേരി സമ്പൽസമൃദ്ധമാണ്. ഇവിടെ മനുഷ്യർക്ക് വേണ്ടതൊക്കെയുണ്ട്. വേണ്ടാത്തതുമുണ്ട്".

ഒറോതയുടെ ആമുഖത്തിൽ പുസ്തകം തന്റെ അമ്മക്ക് സമർപ്പിച്ചുകൊണ്ട് കാക്കനാടൻ എഴുതിയിരുന്നു. 'ഇന്നുവരെ എന്റെ രചനആർക്കും ഞാൻ സമർപ്പിച്ചിട്ടില്ല. ഇക്കുറി ഞാൻ സമർപ്പിക്കട്ടെ. - തൊണ്ണൂറ്റി ഒമ്പതിലെ വെള്ളപ്പൊക്കത്തെക്കുറിച്ച് എനിക്ക് പറഞ്ഞുതന്ന ചെറുപ്പം മുതൽ എനിക്ക് വിവരം പകർന്നുതന്ന ഒറോതയുടെ സൃഷ്ടിയിൽ ഏറ്റവും കൂടുതൽ പങ്കാളിത്തമുള്ള എന്റെ അമ്മയ്ക്ക്!"

20-ാം നൂറ്റാണ്ടിലെ മലയാള സാഹിത്യത്തിലെ ഏറ്റവും വലിയ വിക്ഷോഭം സൃഷ്ടിച്ച സാഹിത്യ സംഭാവനയായിരുന്നു. ആധുനികതാവാദം (മോഡേണിസം) 1930കൾ മുതൽ സോദ്ദ്യേശമായ സാമൂഹ്യ പരിവർത്തനത്തിന് ഉതകുന്ന, സാധാരണക്കാർക്ക് എളുപ്പത്തിൽ ആസ്വദിക്കാവുന്ന രചനകളായിരിക്കണം കഥകളും നോവലും കവിതയും എന്നൊക്കെ യുള്ള ധാരണ പ്രബലമായിരുന്നു. ഇങ്ങനെയുള്ള വിചാരം ദുർബലമായിക്കൊണ്ടിരുന്ന 1960 കളുടെ തുടക്കത്തോടെയാണ് മലയാളത്തിൽ ആധുനികതാവാദം ഉദ്ഭവിക്കുന്നതെന്ന് ഡോ. കെ.എസ്. രവികുമാർ. കഥയിൽ മാധവിക്കുട്ടിയും കാക്കനാടനും എം.പി. നാരായണപ്പിള്ളയുമായിരുന്നത്രെ ഈ വാദഗതിയുടെ പ്രധാനവാക്കുകൾ. എഴുപതുകളിൽ കാക്കനാടന്റെ ശ്രീചക്രവും നീലഗ്രഹണവും പോലുള്ള കഥകൾ ഭാഷാപരമായ പുതുമയ്ക്കപ്പുറം ഭാരതീയ ആദ്ധ്യാത്മീകാനുഷ്ഠാനങ്ങളുടെ തലത്തെക്കൂടി ആവിഷ്ക്കരിക്കാൻ ശ്രമിച്ചു. കഥയിൽ കണ്ടതിൽ നിന്നു കൂടുതൽ മൂർത്തവും വ്യക്തവുമായിരുന്നു നോവലിൽ ആധുനികതയുടെ രംഗപ്രവേശം. അസ്തിത്വവാദപരമായ ദർശനമുൾക്കൊള്ളുന്ന മലയാള നോവലിലെ ആദ്യ ആവിഷ്ക്കാരം ഒരു വേള കാക്കനാടന്റെ 'സാക്ഷിയാവാമെന്നും ഡോ. രവികുമാർ.

കേശവദേവിനെപ്പോലുള്ള നവോത്ഥാനകാലത്തിന്റെ പ്രതിനിധികളായ മുതിർന്ന എഴുത്തുകാരുമായി നേർക്കുനേരെ പോരാടിച്ചുകൊണ്ടായിരുന്നു താൻ ഉൾപ്പെടുന്ന ആധുനികതാവാദികളായ എഴുത്തുകാർക്കൊരു നിലപാടുതറ യൊരുക്കാൻ കാക്കനാടൻ യത്നിച്ചത്. ഫ്രാൻസ് കാഫ്കയിൽ നിന്നും കാക്കനാടനിലേക്കുള്ള ദൂരം വളരെ കുറവാണെന്ന് പ്രൊഫ. സി. ശശീധരക്കുറുപ്പും നിരീക്ഷിച്ചുകണ്ടു. എം. കൃഷ്ണനായരുടെ അഭിപ്രായത്തിൽ കാക്കനാടൻ ഉൾപ്പടെയുള്ളവരുടെ സാഹിത്യസംഭാവനകൾ വിദേശ ഇറക്കുമതിയായിരുന്നു. എന്നാൽ ജീവിതം വിദേശത്തായാലും സ്വദേശത്തായാലും അതു മനുഷ്യന്റെ ജീവിതം തന്നെയാണ്. യശഃ ശരീരനായ കെ.പി. അപ്പൻ നിരീക്ഷിച്ചത്.

1969ൽ നീൽ ആംസ്ട്രോങ് ചന്ദ്രനിൽ കാലുകുത്തിയപ്പോൾ അത് അമേരിക്കയുടെ വിജയമായി ആരും കണ്ടില്ല. മറിച്ച് മാനവരാശിയുടെ മൊത്തം വിജയമായിട്ടാണ് ആഘോഷിച്ചത്. അതുപോലെ എതുതരം രചനാശൈലി എവിടെ നിന്നു കടംകൊണ്ടാലും ആവിഷ്ക്കിക്കുന്നത് കേരളീയന്റെ മാത്രം ജീവിതകഥയല്ല ലോക ജനതയുടെ മൊത്തം ജീവിതാവസ്ഥകളത്രെ.

കാക്കനാടന്റെ എഴുതി പൂർത്തിയാക്കാതിരുന്ന നോവലാണ് ക്ഷത്രിയൻ. പൂർത്തിയായ ഭാഗങ്ങൾ ഏറെക്കാലമായി അദ്ദേഹം നിധി പോലെ സൂക്ഷിക്കുന്നു. വർഷങ്ങൾക്കുമുമ്പാണ് എഴുതിത്തുടങ്ങിയത്. സ്വന്തം വേരുകൾ തേടിപോകുന്ന അസ്വസ്ഥനായ ഒരു യുവാവിന്റെ കഥയായിരുന്നു അത്. സമശീർഷരായ പലരും പലകുറി അതെഴുതിത്തീർക്കാൻ നിർബന്ധിക്കുമായിരുന്നു. എന്നാൽ പ്രായം 76 പിന്നിട്ടിട്ടും ക്ഷത്രിയൻ പൂർത്തിയായില്ല. ഇതെഴുതി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ പിന്നെ സ്വന്തം ജീവിതത്തിന് പ്രസക്തിയില്ലെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാവാം. സമൂഹത്തിന്റെ ഭാഗമായിരുന്നിട്ടും സമൂഹവുമായി എപ്പോഴും സംഘർഷത്തിലേർപ്പെടുന്ന ഒരേകാന്തപഥികന്റെ ജീവിത സമസ്യകളാണ് ഇതിലെ പ്രമേയം എന്നുമാത്രം പറഞ്ഞ് കാക്കനാടൻ ക്ഷത്രിയനെകുറിച്ചുള്ള അന്വേഷണങ്ങൾക്ക് അർദ്ധവിരാമമിടുകയാണ് പതിവ്.

കൊല്ലത്തെ പൊതു സ്മശാനമാണ് എന്നും കലഹിച്ച ആ സ്നേഹധനന്റെ ഭൗതികശരീരം ഇക്കഴിഞ്ഞ ഒക്ടോബറിൽ രണ്ടു കയ്യും നീട്ടി ഏറ്റുവാങ്ങിയത്. കൊല്ലം നഗരത്തെ ആഴത്തിൽ പ്രണയിച്ച ആളായിരുന്നു കാക്കനാടൻ. കൊല്ലം കമ്പോളവും തങ്കശ്ശേരിയിലെ വിളക്കുമരവും ബീച്ചും ചിന്നക്കടയും കുഞ്ഞമ്മപ്പാലവും വഴികളും ജനങ്ങളുമെല്ലാം അദ്ദേഹത്തിനെന്നും പ്രിയങ്കരമായിരുന്നു.

■

## സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ





അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്



സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956



എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

## ശാരദ



ഇൻഡസ്ട്രീയൽസ്



കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
Mob: 9846412070



## മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.
പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.



*Mob: 9387029919, 9287306802*

**Velliparamba, 5th Mile, Calicut - 8**



## വിജയ കിണർ വർക്സ്



തോട്ടുമ്മാരം, കിണാശ്ശേരി
ഫോൺ: ബൈജു – 9847459081, 9387523281

കോൺക്രീറ്റ് മതിലുകൾ, കിണറുകൾ,
വാട്ടർ ടാങ്ക്, സെപ്റ്റിക് ടാങ്ക് എന്നിവയ്ക്ക് സമീപിക്കുക.

കഥ

# രാധ

അഷിത കാവുംപട്ടം




നട്ടുച്ചനേരത്ത് പുനത്തിലെ കോയകുട്ടിക്കാന്റെ പറമ്പിലെ കവുങ്ങിൻ ചുവട്ടിൽ നിന്നും അടയ്ക്കാപെറുക്കി മടിയിൽ തിരുകിവെച്ച് വേഗത്തിൽ നടക്കുന്നതിനിടയിൽ ഒന്ന് കണ്ണോടിച്ചു. ആരേയും കാണാത്തതിനാൽ രാധയ്ക്ക് ആശ്വാസമായി. രണ്ടു ദിവസമായി വെറും വെറ്റിലയും പുകയിലയും നൂറും കൂട്ടി മുറുക്കുന്നു. മൊയ്തൂക്കാന്റെ കടയിലാണെങ്കിൽ അടയ്ക്കയ്ക്ക് തീ പിടിച്ച വിലയാണ്. പക്ഷെ പൊന്നിൽ വിലയാണെങ്കിലും രാധയ്ക്ക് ഉറങ്ങും വരെ ചവയ്ക്കാതിരിക്കാൻ കഴിയില്ല.

വെയിൽ കത്തിക്കാളുകയാണ്. വെയിലിന് മഞ്ഞകാമല പിടിച്ചവന്റെ കണ്ണിന്റെ നിറമാണ്. രാധ വേഗത്തിൽ നടന്നു. അരി അടുപ്പത്തിട്ടാണ് അടയ്ക്കപെറുക്കാനിറങ്ങിയത്. റേഷനരി ആയതുകൊണ്ട് പെട്ടെന്നു വേകും. രാധ ഓടി.

രാധയ്ക്ക് പ്രായം 45നോട് അടുക്കുമെങ്കിലും, വെളുത്ത് മെലിഞ്ഞ് നീണ്ട ശരീരമുള്ള രാധയെ കണ്ടാൽ ഒരു 39 അത്രയേ തോന്നു. രണ്ട് കുട്ടികളും ഭർത്താവും അടങ്ങുന്ന രാധയുടെ വീട്ടിൽ വേറെ ഉള്ളത് എങ്ങോ നിന്ന് വലിഞ്ഞുകേറിവന്ന ഒരച്ചി പൂച്ചയും മക്കളുമാണ്. രാധയുടെ വീട്ടിലെത്തിയപ്പോൾ ഇപ്പോഴത് മൂന്നുപെറ്റു.

പൂച്ച കുടുംബത്തിലെ അംഗങ്ങൾ കൂടി വന്നപ്പോൾ രാധ എല്ലാ പൂച്ചകളേയും ചാക്കിൽ കെട്ടി കിഴക്കെപ്പാട്ടെ കാടിനുള്ളിൽ കൊണ്ടിട്ടതാണ്. പക്ഷെ എന്തുഫലം രാധ വീട്ടിലെത്തും മുൻപേ പൂച്ച വീട്ടിൽ ഹാജരായി തന്റെ കുടുംബാംഗത്വം രേഖപ്പെടുത്തി.

നേരം പുലർന്ന് ഉറങ്ങുന്നതുവരെ രാധ അടുക്കളയിൽ കയറി വരുന്ന പൂച്ചകളുമായി യുദ്ധമാണ്. യുദ്ധം മുറുകുന്നത് രാത്രി 6.30 മുതൽ 8.30 വരെയുള്ള ടി.വി. സീരിയൽ സമയത്താണ്. അപ്പോൾ പൂച്ച വന്നാൽ രാധ ഭദ്രകാളിയാകും. 25 വർഷത്തെ ദാമ്പത്യം, രാധയ്ക്ക് വിവാഹം ഒരിക്കലും സൗഭാഗ്യമായിരുന്നില്ല. അടിമപണി ചെയ്യുന്നതിനുള്ള തിരിച്ചറിയൽ കാർഡുപോലെ രാധയുടെ കഴുത്തിൽ താലി മാല തൂങ്ങിക്കിടന്നു. ഒപ്പം വർഷങ്ങളോളം നീണ്ടുനിൽക്കുന്ന കരാറു രേഖപോലെ രാധയുടെ സീമന്ത രേഖയിലെന്നു സിന്ധൂര രേഖ മായാതെ നിലനിന്നു.

വീടിന്റെ അകം ചാണകം മെഴുകാനുള്ളതുകൊണ്ട് രാധ ഇന്ന് ജോലിചെയ്തിരുന്ന വീട്ടിൽ നിന്ന് അവധി പറഞ്ഞതാണ്. വാർപ്പുകഴിഞ്ഞ് അടുക്കളയ്ക്കും, പൂമുഖത്തുമായി 2 വാതിലും, പോളവെച്ചിട്ടില്ലാത്ത ജാലകങ്ങളും ഉള്ളതാണ് രാധയുടെ വീട്. വീടിന്റെ ചുമരിൽ രാധയും മോനും വെറ്റിലയിൽ തേച്ച നൂറിന്റെ ശിഷ്ട ഭാഗം തേയ്ക്കുമ്പോഴുണ്ടാകുന്ന വെള്ള കളറല്ലാതെ ചുമര് ഇന്നേവരെ കുമ്മായം കണ്ടിട്ടില്ല. എങ്കിലും രാധയുടെ വീട്ടിൽ ഭർത്താവിനും മക്കൾക്കുമായി 3 ക്യാമറാ സെറ്റും മോന് ഒരു ബജാജിന്റെ ബൈക്കും ഉണ്ട്.

രാധ പൊട്ടിയ ബക്കറ്റെടുത്ത് ശശിയേട്ടന്റെ വീട്ടിലേക്ക് ചാണകമെടുക്കാൻ പോയി. ചന്ദ്രന്റേയും, ശശിയുടെയും വീട്ടിൽ പശുവുണ്ട്. കഴിഞ്ഞ തവണ തറമെഴുകാൻ ചാണകമെടുത്തത് ചന്ദ്രേട്ടന്റെ വീട്ടിൽ നിന്നാണ്. പക്ഷെ ചാണകം കലക്കി കഴിഞ്ഞപ്പോൾ വല്ലാത്തൊരു നാറ്റം. ആ ദുർഗന്ധം മാറ്റാനായി രാധ കുറച്ചു മണ്ണെണ്ണ കൂട്ടി തേച്ചു. എന്നാൽ രണ്ടു ദിവസത്തിനുശേഷം ഭർത്താവ് കുപ്പിയിൽ മണ്ണെണ്ണ കാണാത്തതിൽ രാധയോട് വഴക്കിട്ടു. പതിവുപോലെ രാധ ഒന്നും മിണ്ടിയില്ല.

വീട്ടിലുള്ള എല്ലാ പണിയും, എന്തിന് ഉച്ചയ്ക്കുള്ള ഊണും തരപ്പെടുത്തിയാണ്. രാധ മറ്റൊരു വീട്ടിലേക്ക് വീട്ടുജോലിക്കുപോകുന്നത്. ആ തിരക്കിനിടയിൽ കറിയിൽ അൽപം ഉപ്പുകൂടിയാൽ രാധയ്ക്ക്ന്ന് കെട്ടിയോന്റെ വായിൽ നിന്നും വളരെയധികം ചീത്ത കേൾക്കാം. വർഷങ്ങളായി ഇങ്ങനെ ചീത്ത കേൾക്കുന്ന രാധയ്ക്ക് ഇപ്പോഴത് സ്ക്കൂൾ കുട്ടികൾക്ക് ദേശീയ ഗാനം എന്നപോലെ സുപരിചതമാണ്. എങ്കിലും രാധയ്ക്ക് ഒന്നിലും ഒരു പരാതിയില്ല. എല്ലാം കേട്ടും അനുസരിച്ചും ഒരു വളർത്തുനായയുടെ ദൈന്യതയോടെ സ്വയം സമർപ്പിച്ച് രാധ ആ വീട്ടിൽ ജീവിച്ചു.

ചാണകം മെഴുകി നടുനിവർത്തുമ്പോഴാണ് രാധ ഓർത്തത്. കുഞ്ഞിമൊയ്തിക്ക പശുവിന് പുല്ലരിയാൻ പറഞ്ഞിരുന്നു. രാധ കൈ കഴുകി അരിവാളും എടുത്ത് ഇറങ്ങി. മീൻകാരൻ അഷറഫ് വരാനുള്ള സമയമായി. രാധ മേശപ്പുറത്തുവെച്ച 20 രൂപ എടുത്ത് മടിയിൽ തിരുകി. അഷറഫിന്റെ കൂക്ക് കേട്ട് രാധ റോഡിലേക്കിറങ്ങി

രാധയേക്കാൾ മുന്നിലെത്തിയത് അച്ചിപൂച്ചയാണ്.

ആകെ ആ നാട്ടിലേക്കു വരാറുള്ള ഒരേ ഒരു മീൻകാരൻ അഷ്റഫാണ്. അതിനാൽ ആ നാട്ടിലെ സ്ത്രീകളെല്ലാരും ശ്രീകൃഷ്ണ ജയന്തിക്ക് ശോഭയാത്ര കാത്തുനിൽക്കുംപോലെ ഓരോ വഴിയിൽ നിൽപ്പുണ്ടാകും.

വാങ്ങിയ മീൻ മൂടിവെച്ച ശേഷം രാധ പുല്ലരിയാൻ ഇറങ്ങി. വെളുത്തുമെലിഞ്ഞ രാധയുടെ കൈ നിറയെ ഇപ്പോൾ വെയിലു കൊണ്ട് കരുവാളിച്ചിരുന്നു. കൈനിറയെ മുള്ളുകൊണ്ട് വരഞ്ഞ പാടുകളും ഉണ്ട്.

പുല്ല് പകുതി അരിഞ്ഞ രാധ അലക്കാനുള്ള തുണിയെടുത്ത് അലക്കുകല്ലിനടുത്തേക്ക് നടന്നു. അലക്കി കഴിഞ്ഞിട്ടുവേണം ബാക്കികൂടി പുല്ലരിയാൻ എന്ന ചിന്തയോടെ രാധ വേഗം പണിതുടങ്ങി. അലക്കുന്നതിനിടയിൽ 'ക്ടക്' എന്ന ശബ്ദം കേട്ട് രാധ സോപ്പുപത മാറ്റി നോക്കി.

"ന്റെ മുത്തപ്പാ. ഇതും പൊട്ടിയോ.....?"

രാധയുടെ ബ്രാസിയറിന്റെ കൈപൊട്ടിയതാണ്. ആകെ രണ്ടെണ്ണമേ ഉണ്ടായിരുന്നുള്ളൂ. അതിലൊന്നിന്റെ കൈയ്യാണ് പൊട്ടിയത്. രാധ നിരാശയോടെ അലക്കിയ വെള്ളം ഒഴിച്ചുകളഞ്ഞു.

രാത്രി കിടക്കുന്നതിന് മുൻപ് രാധ കെട്ടിയോനോടായി പറഞ്ഞു 'പിന്നെ, എന്റെ ബ്രെയിസിയറിന്റെ കൈ പൊട്ടിപ്പോയി. ഇനി ആകെ ഒരെണ്ണമേ ഉള്ളൂ. നാളെ അങ്ങാടിയിൽ പോകുമ്പോൾ എനിക്ക് ഒന്നെങ്കിലും വാങ്ങിച്ചു തരണം".

'ഉം' അയാൾ മൂളി.

ആഴ്ച രണ്ടു കഴിഞ്ഞു. രാധ തന്റെ ഒരേ ഒരു ബ്രാസിയർ കുളിക്കുന്നതിന് തൊട്ടുമുൻപ് അലക്കി അതു തന്നെ ധരിച്ചു. നനഞ്ഞ ബ്രാസിയർ പിന്നെ ഉണങ്ങുന്നത് രാധയുടെ നെഞ്ചിന്റെ ചൂടുതട്ടിയാണ്. ദിവസവും അലക്കിയും പിഴിഞ്ഞും അതും പിഞ്ഞി തുടങ്ങിയതു കണ്ടപ്പോൾ രാധയ്ക്ക് ആധികേറി.

ഒരു ദിവസം രാധ വീട് പണി കഴിഞ്ഞ് വരാൻ നേരം വീട്ടുകാരിയോട് തനിക്കിടാൻ രണ്ട് ബ്രസിയർ ചോദിച്ചു. പെൻസിൽ പോലിരിക്കുന്ന രാധയ്ക്ക് ഒരു അരിച്ചാക്കിന്റെ വണ്ണമുള്ള ആ സ്ത്രീയുടേത് എങ്ങനെ ചേരാനാണ് എന്നൊന്നും രാധ ചിന്തിച്ചില്ല. രാധ അത് വാങ്ങി കൂട്ടത്തിൽ ഏറ്റവും ചെറുത് ഒന്നുകൂടി തുന്നിക്കൂട്ടി അവൾ ഉപയോഗിക്കാൻ എടുത്തു.

ദിവസങ്ങൾ നീണ്ടുപോയി. ഒരു വൈകുന്നേരം രാധയുടെ ഭർത്താവ് ഒരു പൊതി രാധയ്ക്ക് കൊടുത്തു. അവൾ അത് തുറന്നുനോക്കി. അവൾ ആവശ്യപ്പെട്ട സാധനം രാധയുടെ ചുണ്ടിൽ വേദനയുടെ ഒരു പുഞ്ചിരി ജനിച്ചു.

"ഇപ്പോഴിത് വേണ്ടായിരുന്നു. കിട്ടാത്തപ്പോൾ ഞാൻ രണ്ടെണ്ണം പണിയെടുക്കുന്ന വീട്ടിൽ നിന്നും വാങ്ങിയിട്ടുണ്ടായിരുന്നു,."

"വന്ന് വന്ന് നിനക്ക് അഭിമാനം ഇല്ലാതായോടി....." അയാൾ നിലത്തേയ്ക്ക് നീട്ടി തുപ്പി.

"അവൾ വാങ്ങി വന്നിരിക്കുന്നു........

അയാൾ എന്തൊക്കെയോ പുലച്ചിക്കൊണ്ടിരുന്നു. മകനും ഒപ്പം കൂടി.

പക്ഷെ രാധയുടെ മകൾ മാത്രം മൗനം പാലിച്ചു. കാരണം അവൾ ഒരു സ്ത്രീ ആയതുകൊണ്ടാവും.

രാധയുടെ ചെവികളിൽ ഇതൊന്നും എത്തിയില്ല. കേട്ടുശീലിച്ച കാതുകൾക്ക് രണ്ടിനും അവളിലെ നിസ്സംഗത മതിലുകൾ കെട്ടിയിരുന്നു.


രാധ ആ പൊതിയെടുത്ത് ഭദ്രമായി സൂക്ഷിക്കാൻ അലമാരയ്ക്കടുത്തേക്ക് നടന്നു. അവൾ ആ പൊതിയെടുത്ത് കഞ്ഞിവെള്ളം മുക്കി തേച്ചുവെച്ച സാരിക്കിടയിൽ തിരുകിവെച്ചു. വീണ്ടും അടുത്ത പ്രഭാതത്തിൽ സൂര്യനോടൊത്തുണരാൻ വേണ്ടി കിടന്നു.

■

# പവർലിഫ്റ്റിംങ്ങ്



ഹിമാചൽ പ്രദേശിൽ വെച്ചുനടന്ന നാഷ്ണൽ മാസ്റ്റേഴ്സ് പവർലിഫ്റ്റിംങ് മത്സരത്തിൽ കേരളത്തിന് വേണ്ടി ഇരട്ട സ്വർണ്ണവും ജംഷഡ് പൂരിൽ വെച്ചു നടന്ന ഫെഡറേഷൻ കപ്പ് പവർലിഫ്റ്റിംങ്ങ് മത്സരത്തിൽ കേരളത്തിന് വേണ്ടി സിൽവർ മെഡലും കരസ്ഥമാക്കിയ 'കാലിക്കറ്റ് ബാർബൽ ക്ലബ്' അംഗം ടി.ജെ. മാത്യൂ.



ആലപ്പുഴയിൽ വെച്ചുനടന്ന സംസ്ഥാന പവർലിഫ്റ്റിംങ് മത്സരത്തിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയ എം.പി. അനിൽകുമാർ, എ. ഗണേശൻ, ഓ ടി.ജെ. മാത്യൂ, (മുൻനിരയിൽ) സി. ജയരാജ്, ബാബുജി, ശ്രീരാജ് പി.പി. പിൻനിരയിൽ കാലിക്കറ്റ് ബാർബൽ ക്ലബ് അംഗങ്ങളാണ്



# കുമിളകളെ സാക്ഷി



വി.കെ. സുധാകരൻ

രാമഭദ്രൻ നല്ല അദ്ധ്യാനിയായിരുന്നു. പ്രദേശത്തുകാർക്ക് വിറക് കീറാനും മണ്ണ് കിളയ്ക്കാനും എന്നു വേണ്ട എല്ലാതരം നാടൻ ജോലികൾക്കും അവൻ തന്നെ വേണം. ആദ്യഭാര്യ ഒരു മഴക്കാലത്ത് വീട്ടുമുറ്റത്തെ ആൾമാറയില്ലാത്ത കിണറിൽ വീണു മരിച്ചതിന് ശേഷം അവൻ ഏകനായി ജീവിതം കഴിഞ്ഞുവരവേ പ്രദേശത്തുകാരുടെ നിർബന്ധത്തിന് വഴങ്ങി മറ്റൊരു വിവാഹം കഴിച്ചു. മഴക്കാലമായാൽ ജോലി കുറയും. അങ്ങിനെഒരു മഴക്കാലത്ത് വൈകുന്നേരം ദമ്പതിമാർ അവരുടെ കൊച്ചു കൂരയിൽ ഇരിക്കുന്ന സമയം തോരാതെ പെയ്യുന്ന മഴ ഇറയിൽ നിന്ന് മുറ്റത്ത് പതിക്കുമ്പോഴുണ്ടാകുന്ന കുമിളകളെ നോക്കിയിരുന്നു. രാമഭദ്രൻ ഒന്ന് ചിരിച്ചു. ആ ചിരിയിൽ എന്തോ കാര്യമുണ്ടെന്ന് മനസ്സിലാക്കിയ ഭാര്യ നിങ്ങളെന്തിനാണ് ചിരിച്ചതെന്ന് ചോദിച്ചു. 'ഏയ് ഒന്നുമില്ല' എന്ന മറുപടിയായിരുന്നു. ഭദ്രന് വൈകുന്നേരം തുടങ്ങിയ ഭാര്യയുടെ പലപ്രാവശ്യമുള്ള ചോദ്യത്തിന് ഒടുവിൽ രാത്രിയിലെപ്പോഴോ ആ സത്യം തുറന്നുപറയേണ്ടിവന്നു. ഈ രഹസ്യം ആരോടും പറയരുത് നീ.. ഇത് പോലെ ഒരു മഴക്കാലത്ത് ആദ്യഭാര്യയും ഞാനും തമ്മിൽ കലഹമായി കലശലായ ദേഷ്യം വന്ന ഞാൻ മർദ്ദിച്ച് അവളെ മുറ്റത്തേക്ക് തള്ളി അവൾ അലറിയപ്പോൾ ഞാൻ വായപൊത്തി എപ്പോഴോ കൈയെടുത്തപ്പോൾ അവൾ അവസാനശ്വാസത്തിൽ പറഞ്ഞു. 'കുമിളകളെ ഇതിന് നിങ്ങളാണ് സാക്ഷി' കുമിളകൾക്കെവിടുന്ന് സാക്ഷിപറയാൻ കഴിയും അത്കൊണ്ടാണ് ഞാൻ ചിരിച്ചത്..

നേരം പുലർന്നു. ആസ്വകാര്യം ഭാര്യ അയൽപക്കത്ത്കാരോട് പറഞ്ഞു. പിന്നീടത് നാട്ടിൽ പാട്ടായി വിവരമറിഞ്ഞ് പോലീസ് എത്തി ഭദ്രനെകൈയ്യാമം വെച്ച് ആളുകൾകൂടിനിൽക്കെ തെരുവിലൂടെ കൊണ്ട് പോയി ആൾകൂട്ടത്തിൽ നിന്ന് ആരോ പറഞ്ഞു

കുമിളകൾക്കും സാക്ഷിയാവാം.....

■

## ഒരിടത്തേക്കുള്ള വഴികൾ

(പേജ് 22ൽ നിന്ന് തുടർച്ച)

കേൾക്കുന്നു.

അങ്ങനെയൊക്കെ ആലോചിച്ചപ്പോൾ മാങ്ങിമിയമ്മയ്ക്കു ആത്മാർത്ഥമായൊന്നു കരയണമെന്നുതോന്നി. അങ്ങേരുള്ള കാലത്താണ് ആത്മാർത്ഥമായി കരഞ്ഞത്. എന്നും ആത്മാർത്ഥമായ കരച്ചിലായിരുന്നു. കള്ളക്കരച്ചിലറിഞ്ഞു കൂടായിരുന്നു. ആട്ടും തുപ്പും അടിയും ചവിട്ടുമേൽക്കുമ്പോൾ കള്ളക്കരച്ചിൽ കരയാം. കൂട്ടിലാക്കി പുകയിട്ടു അടച്ചു പൂട്ടിയാൽ കള്ളക്കരച്ചിൽ കരയാനാവില്ല.

ഭർത്താവൊരു ചാരനായിരുന്നു. രാജ്യം വെട്ടിമുറിക്കുന്നതുവരെ സ്വാതന്ത്ര്യസമര സേനാനി. അതിനുശേഷം വേറിട്ടുപോയ രാജ്യത്തിനുവേണ്ടിയുള്ള ചാരപ്പണി. ചാര സംഘത്തിന്റെ തലവനായിരുന്നു. വർഗ്ഗീയ സംഘട്ടനങ്ങളുണ്ടാക്കി രാഷ്ട്രത്തിന്റെ അഖണ്ഡത തകർക്കുന്ന പണിയായിരുന്നു മൂപ്പർക്ക്. സ്ഫോടക വസ്തുക്കളും വെടിയുണ്ടകളും നോട്ടുകെട്ടുകളും ഒപ്പം വെച്ച് എന്നെ കെട്ടിപ്പിടിച്ചുറങ്ങുന്ന ആ സ്നേഹശൂന്യന്റെ, ഭീകരന്റെ ചൂടേറ്റ് എനിക്കു പൊള്ളി. അസഹ്യമായപ്പോൾ ഞാൻ ഒളിച്ചോടി.

പിന്നെ കുറച്ചുകാലം തെരുവു ജീവിതം നഗരങ്ങൾ മാറി മാറി, ഹോട്ടലുകൾ മാറി മാറി, ആണുങ്ങൾ മാറി മാറി യൗവ്വനം വാർദ്ധക്യത്തിലെത്തിയപ്പോൾ സ്നേഹിക്കാൻ ദാഹം. എല്ലാതെറ്റുകളും ഏറ്റു പറഞ്ഞു കരയാനാഗ്രഹിച്ചു. കേൾക്കാനൊരാളുവേണം. ഹൃദയം ഒരാൾക്കെങ്കിലും തുറന്നുകാണിക്കണമെന്നാശിച്ചു. ശരീരത്തിനുപകരം ഹൃദയത്തിനൊരവകാശിയെ തേടി.

ഇപ്പോൾ ആലോചിക്കുമ്പോൾ പേടി 2063ൽ ഞാൻ മരിക്കുമ്പോൾ എന്തായിരിക്കും അവസ്ഥ എന്നാലോചിക്കുമ്പോളാണ്.

2063 വരെ എങ്ങനെജീവിക്കുമെന്ന ചോദ്യമല്ല എന്നെ കുഴക്കുന്നത്. സപ്തതിയും പിന്നിട്ട് വീണ്ടും അൻപതുകൊല്ലം കഴിഞ്ഞ് 120 വയസ്സു പൂർത്തിയായിട്ടെ മരിക്കൂ എന്നാണ് മങ്ങിണിയമ്മ നിശ്ചയിച്ചിരിക്കുന്നത്.

എല്ലാ മരണങ്ങളും നിശ്ചയിക്കുന്നത് ഈശ്വരനാണെന്നോർത്തപ്പോൾ തന്റെ വിഡ്ഢിത്തമോർത്ത് അവർ സഹതപിച്ചു.

അവർ സ്വയം പരിഹസിച്ചു. പൊട്ടിച്ചിരിച്ചു. ആ ചിരി ഉറക്കെ ഉറക്കെയായത് അവരറിഞ്ഞില്ല.

ആളുകൾ നോക്കിനിൽക്കെ നിലം തൊടാതെയുള്ള ഓട്ടം.

ഓടിഓടി കാറിന്നടിയിൽ പെട്ടു പിടഞ്ഞു ജീവൻ പോകുന്നതിനിടക്ക് അതിൽ നിന്നിറങ്ങിയ ആൾ അവരെ തിരിച്ചറിഞ്ഞു. അവർ മരിക്കുകയാണെന്നറിഞ്ഞപ്പോൾ എസ്കോർട്ടു പോലീസുകാർ ചാടിവീണു മന്ത്രിയെ രക്ഷിച്ചു.

ഒരു പ്രതികാരം പോലെ മാങ്ങിണിയമ്മ പിന്നെ അനങ്ങിയില്ല.

## V.S. BUTTON HOLES WORKS

Ummalathoor,
Ph: 9947486673, 9539005681

## India's No - 1 AKSHAYA WATER PROOFING

29/851, Kottoli, Mavoor Road,Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*
*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

## NEW LIFE DRESSES

*Methottuthazham, Kozhikode -673007*
*Mob: 9947758670, Prop: Baburaj*

## WRANGLER MENS WEAR

Mankave, Calicut - 7
Ph : 9847446995

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130
**WHOLE SALE DEALER OF ANCHOR PLYWOOD**
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

## Sree Lakshmi Enterprises

24/1410-D, Thalikulangara, Mankave,
Calicut - 673 007
Ph: Off: 9847140046
Mob: Ramesh : 9847005566

Dealers in
Johnson & Johnson, PEDI GREE (Dog & Cat Food)

## MANAMKULAM TIMBERS

Chalappuram P.O., Calicut-673 002, Kerala
Whole sale and Retail dealer of All types of Timber logs & sizes, Nilotika sizes available
Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

## Highness Cool Refrigeration & Air Conditions

NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator, Washing*
washing Machine, Spray Painting, etc.)
***Mob: 9349810003***

## GLAMOUR GENTS WEAR

Naluparambil Complex, Mankave, Calicut - 7
9847756569

*Pants, Jeans, Shirt, T-Shirts etc....*

## DHANALAKSHMI Jewellery

P.V.S. Shopping Complex,Cheriya Mankave - 7
Phone : 2331737, Resi : 2324410
Mob: M.C. Vinod Kumar - 9847070204

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

കഥ

# നരേന്ദ്രൻ സർവ്വേയർ



ശശിരാജൻ ജി.

രണ്ടുമാസം മുമ്പാണ് പുതിയ സർവ്വേയറായി നരേന്ദ്രൻ ഞങ്ങളുടെ ഓഫീസിലേക്ക് സ്ഥലംമാറി വന്നത്. അൽപം നരച്ച കുറ്റി തലമുടിയും കട്ടി കണ്ണടയുമുള്ള അദ്ദേഹം വന്നപ്പോൾ തന്നെ ചെയിൻ മാനായിരുന്ന സരള ചേച്ചി പറയുന്നതു കേട്ടു. "ആള് കൊള്ളാം, ഇനി എനിക്ക് ഫീൽഡിൽ പോകാമല്ലോ" ഇതിനുമുമ്പേ ഉണ്ടായിരുന്ന വാസന്തി സർവ്വേയർ പുരുഷ ചെയിൻമാൻമാരെ മാത്രമേ ഫീൽഡിൽ കൊണ്ടുപോകാറുള്ളൂ. അതുകൊണ്ട് സരളചേച്ചി ഡെസ്പാച്ചിൽ സഹായിക്കാൻ നിൽക്കും.

സർവ്വേയിൽ വന്നപാടെ ഒരാഴ്ചത്തേക്ക് ലീവ് ചോദിച്ചപ്പോൾ തഹസിൽദാർ പറയുന്നതു കേട്ടു "ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവർക്ക് സ്ഥലം അക്വയർ ചെയ്യണം. ലീവെടുത്താൽ ശരിയാവില്ല, ഉടനെപണി തുടങ്ങണം" സർവ്വേയർ ഒന്നും പറഞ്ഞില്ല. ഒഴിഞ്ഞുകിടന്ന ഒരു കസേരയിൽ ആരോടും ഒന്നും മിണ്ടാതെ താടിക്കു കയ്യും കൊടുത്ത് വിദൂരതയിലേക്ക് കണ്ണും നട്ടിരുന്നു. ഏതു പുരുഷ ഉദ്യോഗസ്ഥർ വന്നാലും ആദ്യം ചെന്ന് പരിചയപ്പെടാറുള്ള സരള ചേച്ചി പതിവുപോലെ ചെന്ന് അദ്ദേഹത്തോട് സംസാരിച്ചു. വളരെ പതുക്കെ സംസാരിച്ച സർവ്വേയർ പറയുന്നത് എനിക്ക് വ്യക്തമായി കേട്ടില്ല. ഉച്ചക്ക് ഭക്ഷണം കഴിക്കുമ്പോഴാണ് ഗോസിപ്പുകളും മറ്റു കാര്യങ്ങളും പറയാറ് "സർവ്വേയറുടെ മോൻ ഒന്നാം ക്ലാസിലാ പഠിക്കുന്നത്. ഭാര്യക്ക് ജോലിയില്ല. അച്ചനും, അമ്മയും, അനിയനും ഒക്കെയുള്ള ഒരു കൂട്ടുകുടുംബത്തിലാ താമസം" സരള ചേച്ചി പറഞ്ഞു, എന്തിനും ഏതിനും വിലയുള്ള ഈ കാലത്ത് ചില വില്ലാതെ തമാശ പറയാൻ ഓഫീസിൽ സരള ചേച്ചി തന്നെ വേണം. ഞാനടക്കമുള്ള ആണുങ്ങൾ എപ്പോഴും സരളചേച്ചിയെ ചുറ്റിപറ്റി കാണും. അൽപം അശ്ലീലം കലർന്ന ഫലിതം പറയുമ്പോൾ അവരും, ഞങ്ങളും അതാസ്വദിക്കും.

സർവ്വേയർ പിറ്റേ ദിവസം മുതൽ വന്നില്ല.

ഗ്രാന്റ് ചെയ്യാത്ത ലീവ് ലെറ്റർ അറ്റൻഡൻസ് രജിസ്റ്ററിൽ ഇരിക്കുന്നതു കണ്ടു. എസ്റ്റാബ്ലിഷ് ക്ലാർക്ക് പ്രശാന്ത് അയാളെ ഫോണിൽ വിളിച്ചെങ്കിലും റേഞ്ച് ഉണ്ടായിരുന്നില്ല. "ഇനി വരുമ്പോൾ ലാന്റ് നമ്പർ വാങ്ങണം, അല്ലാതെ അയാളെ ബന്ധപ്പെടാൻ എന്താ ചെയ്യാ കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടാൽ മറുപടി എന്താ പറയാ" തഹസിൽദാർ പിറുപിറുത്തു.



"മനുഷ്യനല്ലേ പെട്ടെന്ന് എന്തെങ്കിലും അത്യാവശ്യം വന്നിട്ടുണ്ടാവും. പുതിയ ഓഫീസല്ലേ വിളിച്ചു പറയാൻ പറ്റിയിട്ടുണ്ടാവില്ല" സരളചേച്ചിക്ക് എന്തിനും ഏതിനും ഒരു ന്യായീകരണമുണ്ട്. ഒരാഴ്ച കഴിഞ്ഞിട്ടും നരേന്ദ്രൻ സർവ്വേയർ വന്നില്ല. ഇതിനു മുമ്പ് ജോലിചെയ്ത താലൂക്കാഫീസിൽ വർക്ക് ഡയറിയും പ്രോഗ്രസ്സ് റിപ്പോർട്ടും കൊടുക്കാത്തതിനാൽ സർവ്വേയർക്ക് ചാർജ്ജ് മെമ്മോയുമായി വന്ന പ്യൂണാണ് പറഞ്ഞത്. "സർവ്വേയർ ഇങ്ങിനെയാണ് അവിടെയും, വന്നാൽ വന്നു പോയാൽ പോയി എന്ന മട്ട്. അതുകൊണ്ടാണ് അവിടുന്ന് മാറ്റിയത്.

ഒരു തിങ്കളാഴ്ച ഉച്ചസമയം. ഞങ്ങൾ ഭക്ഷണം കഴിച്ച് സരള ചേച്ചിക്കുചുറ്റും തമാശകൾ പറഞ്ഞ് ഇരിക്കുകയായിരുന്നു. ഒരു സ്ത്രീ കടന്നുവന്നു. കണ്ണുകളിൽ ദയനീയ ഭാവം, സരളചേച്ചിയോടാണ് അവർ ചോദിച്ചത്. "തഹസിൽദാരില്ലേ?"

"ഇല്ല പുറത്ത് പോയതാണ്, എന്താ വിശേഷിച്ച്"

"ഞാൻ ഈ ഓഫീസിൽ ജോലിചെയ്യുന്ന നരേന്ദ്രന്റെ ഭാര്യയാണ്"

"എന്താ നരേന്ദ്രൻ സർവ്വേയർ വരാത്തത്?"

''ഇവിടെ പണിയില്ല എന്നാണ് പറഞ്ഞത്. പണ്ടൊക്കെ ബുധനാഴ്ച ഓഫീസിലേക്ക് പോകുമായിരുന്നു, ഇപ്പോൾ അതും കാണാനില്ല, മൊബൈൽ റേഞ്ച് ഇല്ലാത്ത സ്ഥലത്ത് കൊണ്ടുവെക്കും. അപ്പോഴാ എനിക്ക് സംശയം

തോന്നിയത്" സർവ്വേയറുടെ ഭാര്യപറഞ്ഞു.

"പെട്ടെന്ന് തീർക്കേണ്ട പണിയുണ്ട്. തഹസിൽദാർ കളക്ടർക്ക് റിപ്പോർട്ട് ചെയ്യാൻ പോവാ'' ഞങ്ങൾ പറഞ്ഞു. "ഞാൻ ഇവിടെ വന്നവിവരം നിങ്ങളാരും പറയേണ്ട. ഞാൻ നാളെ മുതൽ പറഞ്ഞുവിടാം"

"വീട്ടിൽ എന്താ ചെയ്യാ" പ്രശാന്ത് ചോദിച്ചു. '

'എപ്പോഴും കമ്പ്യൂട്ടർ നോക്കിയിരിക്കും. ചോദിച്ചതിനുമാത്രമേ മറുപടിയുള്ളൂ. പണ്ടേ സംസാരം കുറവാ ഇപ്പോ അതും ഇല്ല്യ. വീട്ടുകാര്യങ്ങൾ ഒന്നും നോക്കില്ല. ഒരു ഉത്തരവാദിത്വവും...." ആ സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞു. പിന്നെ ഓഫീസിലെ ചർച്ച നരേന്ദ്രൻ സർവ്വേയറെ കുറിച്ചായി. എല്ലായിടത്തും ഇങ്ങിനെയാണോ എന്നറിയില്ല, ഞങ്ങളുടെ ഓഫീസിന്റെ പ്രത്യേകത കൊണ്ടായിരിക്കാം ഇനി കുറെ ദിവസത്തേക്ക് ചർച്ച ചെയ്യാൻ ഒരു വിഷയമായി.

"അയാൾക്ക് പ്രേമനൈരാശ്യമായിരിക്കും. അതോണ്ടാവും കല്ല്യാണം കഴിക്കാൻ വൈകിയത്" ഞാൻ പറഞ്ഞു. "കല്ല്യാണം കഴിക്കാനല്ല, കുട്ടിയുണ്ടാവാനാ വൈകിയത്. അയാൾ അന്നുമുതൽക്കേ താടിക്കുകയ്യും കൊടുത്ത് ദൂരേക്ക് നോക്കി ഇരിന്നി
ട്ടുണ്ടാവും"

സരള ചേച്ചിയുടെ തമാശ കേട്ടപ്പോൾ ഞങ്ങൾക്ക് ചിരിയടക്കാൻ പറ്റിയില്ല.

പിറ്റേന്ന് ഞങ്ങളെയെല്ലാവരെയും ഞെട്ടിച്ചുകൊണ്ട് സർവ്വേയർ വന്നു. ഒന്നും സംഭവിക്കാത്തമട്ടിൽ ഒഴിഞ്ഞ കസേരയിൽ താടിക്കുകയ്യും കൊടുത്ത് വിദൂരതയിലേക്ക് കണ്ണുനട്ടിരുന്നു. അയ്യാളുടെ കണ്ണുകളിൽ തീഷ്ണഭാവം ജ്വലിക്കുന്നതുകണ്ടു. എനിക്ക് അയാളോട് ഒന്നും സംസാരിക്കാൻ തോന്നിയില്ല. എസ്റ്റാബ്ലിഷ് ക്ലാർക്ക് പ്രശാന്ത് അയ്യാളോട് സംസാരിച്ചു. ലാന്റ് ഫോൺ നമ്പർ എഴുതിവാങ്ങിച്ചു. തഹസിൽദാർ തിരുവനന്തപുരത്ത് കോൺഫറൻസിന് പോയതിനാൽ പലരും നേരത്തേ ഓഫീസിൽ നിന്നും മുങ്ങിയിരുന്നു. സർവ്വേയർ അന്ന് മുഴുവൻ സമയവും ഓഫീസിൽ ഇരുന്നു. പിറ്റേദിവസം മുതൽ വീണ്ടും അയാൾ ഓഫീസിൽ വന്നില്ല. തഹസിൽദാർ സർവ്വേയറെ ലാന്റ് നമ്പറിൽ വിളിച്ചെങ്കിലും ലൈൻ കിട്ടിയത് ഏതോ സ്കൂളിലേക്കാണ്. "അയാൾ നമ്പർ തെറ്റിച്ച് മനപ്പൂർവ്വം എഴുതി തന്നതാവും. തഹസിൽദാർ ആരോടന്നില്ലാതെ പറഞ്ഞു. നരേന്ദ്രൻ സർവ്വേയരുടെ വാർത്തകൾക്ക് പ്രാധാന്യം കുറഞ്ഞു വന്നു. അതിനിടെ പുതിയ ചർച്ചാവിഷയം കിട്ടി. പുതിയ പ്രമോഷൻ സീനിയോരിറ്റി ലിസ്റ്റും ചില ജീവനക്കാരുടെ സ്ഥലമാറ്റവും. സരള ചേച്ചിമാത്രം അപ്പോഴും പുതിയ ഗോസിപ്പുതേടിക്കൊണ്ടിരുന്നു. ''ഇൻസ്പെക്ഷൻ സെക്ഷനിലെ രുഗ്മിണി ഇന്നലെ ബാത്ത്റൂമിൽ ചർദ്ദിക്കുന്നത് കണ്ടു. ഗൾഫിന്ന് അവളുടെ ഭർത്താവ് വന്നിട്ട് രണ്ടുവർഷത്തോളമായി.... എനിക്കെന്തോ വശപിശകുപോലെ" മറ്റു രണ്ടു പെൺസ്റ്റാഫുകളും സരള ചേച്ചിയുടെ സംസാരത്തിൽ പങ്കുചേർന്നു. എനിക്കപ്പോഴും നരേന്ദ്രൻ സർവ്വേയറെ ആരും ഓർക്കുന്നില്ലല്ലോ എന്നതായിരുന്നു ചിന്ത. ഓഫീസ് ദിവസങ്ങൾ പതിവുപോലെ പോയ്കൊണ്ടിരുന്നു. താലൂക്ക് ഓഫീസിൽ ജോലി ചെയ്യുന്ന റവന്യൂ ഇൻസ്പെക്ടർ ബാലൻസാർ വന്നപ്പോഴാണ് പറഞ്ഞത്.

"നിങ്ങൾ പോയില്ലേ നരേന്ദ്രന്റെ വീട്ടിൽ"

"എന്താ നരേന്ദ്രൻ സർവ്വേയർക്ക്...."

ഞാൻ ചോദിച്ചു.

"അപ്പോ നിങ്ങളാരും അറിഞ്ഞില്ലേ" കമ്പ്യൂട്ടർ കീബോർഡിൽ ചലിച്ചുകൊണ്ടിരുന്ന എന്റെ വിരലുകൾ നിശ്ചലമായി. ഓഫീസ് മൊത്തത്തിൽ നിശബ്ദമായി. "അയാൾ രണ്ടുദിവസം മുമ്പ് മരിച്ചു. ആത്മഹത്യയായിരുന്നു." പിന്നെ ബാലൻ സാർ പറഞ്ഞതൊന്നും എനിക്ക് ശ്രദ്ധിക്കാൻ പറ്റിയില്ല. ഞാൻ കാണാത്ത എനിക്കറിയാത്ത അയാളുടെ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുടെ നിഷ്കളങ്ക മുഖവും, അയാളുടെ ഭാര്യയുടെ ദയനീയ മുഖവുമായിരുന്നു മനസ്സിൽ. മരിച്ചുപോയെങ്കിലും എനിക്കയാളോട് ദേഷ്യം തോന്നി. സരളചേച്ചി കണ്ണുതുടച്ചു സ്വയം പറയുന്നതുകേട്ടു. "ഈ ആണുങ്ങൾ അല്ലെങ്കിലും ഇങ്ങനെയാ....വീട്ടിലിരിക്കുന്നവരെ പറ്റി ഒരു ചിന്തയുമില്ല" ഇനി പുതിയ കാര്യങ്ങൾ കിട്ടുന്നതുവരെ ഓഫീസിൽ ഒരു ചർച്ചമാത്രമായി നരേന്ദ്രൻ സർവ്വേയറുടെ മരണം.

■




താജു
Ph: 9388989877
9447275877

സജു
Ph: 9388989899
9447329961

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന പഞ്ചായത്തിൽ കഴിഞ്ഞ 40 വർഷമായി പ്രവർച്ചിരുന്ന ബൈജു നാഴ്സറി ഗാർഡൻസന്റെ (കേരള അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം) സഹോദരസ്ഥാപനമാണ്. കോഴിക്കോട് കല്ലുത്താൻ കടവ് പാലത്തിന് സമീപമുള്ള ഷാജു നേഴ്സറി ഗാർഡൻസ്.

സഹോദരൻമാരായ രാജുവിന്റെയും സജുവിന്റെയും നിരന്തര ഉത്സാഹവും ചെടികളോടുള്ളസ്നേഹവുമാണ് ഷാജു നഴ്സറി ഗാർഡൻസ് എന്നൊരു സംരംഭത്തിന് കാരണമായത്. വർഷങ്ങൾക്ക് മുൻപുണ്ടായ ഒരപകടത്തിൽ നഷ്ടപ്പെട്ട സഹോദരൻ ഷാജുവിന്റെ ഓർമ്മയ്ക്കായി തുടങ്ങിയ ഷാജു നഴ്സറി മറ്റു നഴ്സറികളെ ഏറെ മുന്നിലെത്തി കഴിഞ്ഞിരിക്കുന്നു.

കഴിഞ്ഞ പത്തവർഷത്തിനകം വളരെ ശ്രദ്ധേയമായ പ്രകടനമാണ് ഷാജു നഴ്സറി ഗാർഡൻസ് നടത്തുയത്. 2005, 06, 07, 08 വർഷങ്ങളിൽ സ്വപ്നനഗരിയുടെ ഫ്ളവർഷോയിൽ (കാലിക്കറ്റ് അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി) ഒന്നാംസ്ഥാനം ലഭിക്കുകയും കണ്ണൂർ എം.എസ്.പി. ഗ്രൗണ്ടിൽ നടന്ന ഫ്ളവർഷോയിൽ ഒന്നാം സ്ഥാനം കിട്ടുകയും ചെയ്തു.

- ഫുട്ബോൾഗ്രൗണ്ട്, ക്രിക്കറ്റ് ഗ്രൗണ്ട് എന്നിവയിൽ പുല്ലുവെച്ചു പിടിപ്പിക്കുന്നതിൽ വിദഗ്ദർ
- വീടുകളിൽ വിവധതരം ചെടികളും, പുല്ലുകളും ഉപയോഗിച്ച് ലാന്റ് സ്കേപിംഗ് ചൊയ്തുകൊടുക്കുന്നു.
- മെക്സിക്കൻ, കൊറിയൻ, ബെർമുഡ ഗ്രാസ്സ് എന്നിവ മൊത്തമായും ചില്ലറയായും വിൽക്കപ്പെടുന്നു.

# 23 STUDIO Snaps

**Daffodil Arcade / Kunnathpalam / Olavanna Junction / Calicut - 673019**
**Studio : 9567584923, Mob: 9895311923**
**Email: shams23studiosnaps@yahoo.com**

- Wedding Photo graphy,
- Album Designing,
- B/W to color returning Jobs,
- Video coverage,
- Photo Album to VCD,
- Driving Licence Card,
- Identity Cards,
- Photo Scaning,
- DVD writing



**Digital Photos within 10 minutes**

# YES KEY ELECTRICALS & ENGINEERING WORKS



***Puthiyapalam, Calicut***

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്ത്കൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunilkumar Mob: 9847390950
Ph: 0495-2702073, Resi: 9048594525



# Lens

**DIGITAL STUDIO & VIDEO**

**Kunnathupalam, Calicut - 14**
**Mob: T. Ramesh - 9387289665**

**Photography, Video Coverage, Lamination**

# HASBI TOURS & TRAVELS




***Meenchanda, Areekkad, Calicut - 27***
***Mob: Sahir - 9895999100***
***9895350141***

Mob: Sreejesh K.V.
9447446008
8606464700
0495 4040104

# Occassions

**Do it with flowers**

**Near Y.M.C.A. Junction,**
**Kannur Road,**
**Calicut - 673 001**

email:
occassions.flowers@gmail.com




# FRIENDS

***SPRAY PAINTING WORKS***

**Malaparamba, Kozhikode - 673 009**
**Mob: 9495411642**

കഥ

# വൃന്ദാവനം ലോഡ്ജ്

**എം.എം. ബഷീർ**



നഗരത്തിലെ വൃന്ദാവനം ലോഡ്ജിൽ താമസം തുടങ്ങിയിട്ട് രണ്ട് മൂന്ന് ദിവസം കഴിഞ്ഞിരിക്കുന്നു. ഡോക്ടർ സത്യപാലൻ എന്നൊരാളെ തേടിയിറങ്ങിയ ഞാൻ, അയാളെ ഇതുവരെ കണ്ടെത്താനോ, അയാളെകുറിച്ച് വല്ല ഡീറ്റേഴ്സോ, ശേഖരിക്കാനും എനിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. വൃന്ദാവനം ലോഡ്ജിൽ ഇടക്കിടെ വരാറുള്ള സത്യപാലൻസാറ് ലോഡ്ജിലെ നൂറ്റിരണ്ടാം മുറിയിൽ മറ്റുള്ള അസിസ്റ്റന്റ് ഡോക്ടർമാരുമായി ഒരു നേരമ്പോക്കിനുവേണ്ടി എത്താറുണ്ടെന്ന് എന്റെ സുഹൃത്ത് ജയപ്രകാശ് എന്നോട് പറഞ്ഞതായി ഞാനോർക്കുന്നു. ഞാൻ വാച്ചിലേക്ക് നോക്കി. സമയം രാത്രി ഒൻപത് മണി കഴിഞ്ഞിരിക്കുന്നു. ചീവീടുകളുടെയും, മറ്റും ശബ്ദം എന്നെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. പൂർണ്ണമായും തുറന്നുകിടന്ന ജനലുകൾ അടച്ചപ്പോൾ തെല്ലൊരാശ്വാസം തോന്നി. "പത്തിരുപത് കിലോമീറ്റർ ദൂരം യാത്ര ചെയ്ത ക്ഷീണം എന്നെ വല്ലാതെ തളർത്തി. ഞാനെന്റെ തോൾസഞ്ചി തുറന്ന് നേരത്തെ കരുതിയിരുന്ന വാട്ടർ ബോട്ടിലെടുത്ത് തുറന്ന് ആർത്തിയോടെ ഒരു കവിൾ വെള്ളം കുടിക്കുമ്പോഴായിരുന്നു പെട്ടെന്ന് ഡോർ തുറന്ന് റൂംബോയ് അകത്തേക്ക് കടന്നുവന്നത്. എന്നെ കണ്ടപാടെ നമസ്ക്കാരം സാർ, എന്നോട് റൂംബോയി പറഞ്ഞു. നമസ്ക്കാരം ഞാൻ തിരിച്ച് പറഞ്ഞു. സാറെ കഴിക്കാൻ വല്ലതും? ഇനിയും വൈകിയാൽ സാറ് പട്ടിണിയാവും? ഭവ്യതയോടെ നിഷ്കളങ്കമായ ചിരിവിടർത്തി റൂംബോയ് എന്നോട് ചോദിച്ചു. ഞാൻ കുറച്ച് മുമ്പ് ഭക്ഷണം കഴിച്ചതാ" ഇനിയൊന്നും എനിക്ക് വേണ്ട താങ്ക്സ്, തനിക്ക് വല്ലതും? ഞാൻ റൂംബോയിയോട് ചോദിച്ചു. ഞാൻ, സാറ് ഇവിടെ വരുന്നതിന് അരമണിക്കൂർ മുമ്പ് ഭക്ഷണം കഴിച്ചതാ!! തൊട്ടടുത്ത റൂമിലെ ഒരു സായിപ്പ് എന്നെ വിളിച്ചുവരുത്തി, സായിപ്പിന്റെ കൂടെ ഒരത്യുഗ്രൻ സദ്യ കഴിച്ചിട്ടാ ഞാൻ സാറിന്റെ അടുത്തേക്ക് വന്നത്. എനിക്കും ഒന്നും വേണ്ട!! റൂംബോയി പറഞ്ഞു. എന്നാലിനി നമുക്ക് രണ്ട് പേർക്കും, കുറച്ച് നേരം സംസാരിച്ചിരിക്കാം, സഞ്ചിയിൽ നിന്നും ഒരു ഡയറിയെടുത്ത് സത്യപാലൻസാറിന്റെ അഡ്രസ്സെഴുതിയ പേജുകൾ ഓരോന്നായി മറിച്ചുനോക്കിക്കൊണ്ട് ഞാൻ റൂംബോയിയോട് പറഞ്ഞു. സാറ് എവിടുന്നാ? സാറിനെഇതിന് മുമ്പ് ഇവിടെ കണ്ടിട്ടില്ലല്ലോ? സാറ് ആരെ അന്വേഷിച്ചിറങ്ങിയതാ? എന്റെ കൈയിലുള്ള ഡയറിയിലേക്ക് സൂക്ഷിച്ചു നോക്കിക്കൊണ്ട് റൂംബോയി എന്നോട് ചോദിച്ചു. പെട്ടെന്നൊരു മറുപടി പറയാൻ ഞാൻ ശ്രമിച്ചെങ്കിലും, എന്റെ സമനില തെറ്റിയതു പോലെ എനിക്ക് തോന്നി. എന്തോ ഓർത്തിട്ടെന്ന പോലെ സ്തംബധയായി നിന്ന എന്നെ, എന്റെ തോളിൽ തട്ടിക്കൊണ്ട് റൂംബോയി എന്നോട് പറഞ്ഞു. സാർ, എന്തുപറ്റി സാറെ, ഞാൻ സാറിനെപറ്റി കൂടുതൽ അറിയാൻ വേണ്ടി ചോദിച്ചെന്നേയുള്ളൂ. എന്റെ ഭാഗത്ത് എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ പൊറുക്കണം, എന്റെ അരികിലേക്കായ് വന്ന് നിന്ന് കൊണ്ട് പതിഞ്ഞസ്വരത്തിൽ റൂംബോയി എന്നോട് പറഞ്ഞു തുടങ്ങി. എന്നോട് ഒന്നും തോന്നരുത്, ഇവിടെ മാവോയിസ്റ്റുകൾ താമസം തുടങ്ങിയിട്ടുണ്ടെന്നും, അവരെ കണ്ടവരുണ്ടെന്നുമൊക്കെയാ കേട്ടുകേൾവി. സാറ് ആ കൂട്ടത്തിലല്ല എന്നെനിക്കറിയാം, എന്നാലും മാവോയിസ്റ്റ്കളുണ്ടെന്ന കാര്യം എന്നോട് ആദ്യം വന്ന് പറഞ്ഞത് ചായക്കടക്കാരൻ കൃഷ്ണൻ കുട്ടിയാ!! ഒന്ന് കരുതിയിരിക്കുന്നത് നല്ലതാ. ഏത് സമയത്താണെന്നറിയില്ല. ഒരു ആക്രമണം ഏത് സമയത്തും പ്രതീക്ഷിക്കാം. ഈ ഭൂമിമലയാളത്തിൽ സാറെയുള്ളൂ ഇനി അറിയാൻ ബാക്കി. റൂംബോയി പറഞ്ഞ് നിർത്തിയതും, എന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഒരു ഭയവും, എന്റെ കണ്ണുകളിൽ മാവോയിസ്റ്റ്കളുടെ ഒരു ചിത്രം തന്നെ രൂപപ്പെട്ടു. താൻ മാവോയിസ്റ്റുകളെക്കുറിച്ച് പറഞ്ഞത് നന്നായി. അവരെയൊക്കെ ഒന്ന് കാണാൻ തന്ന്യാ ഞാൻ ഇവിടെ വന്നതും, മാവോയിസ്റ്റുകളെ ഞാനും കണ്ടിട്ടില്ല. അവരെക്കുറിച്ച് പഠനം നടത്താനും, അവരുടെ ഉത്ഭവം എവിടെ നിന്നുമാണെന്നും കൂടുതൽ അറിയാനുമാണ് ഞാൻ ഇവിടെ വന്നതും, താമസം തുടങ്ങിയതും. ഞാൻ അസ്തമിച്ചുപോയ ആത്മധൈര്യം വീണ്ടെടുത്തുകൊണ്ട് റൂം ബോയിയോട് വളരെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. എന്റെ വാക്കുകൾ കേട്ട് അവന്റെ നിഷ്കളങ്കമായ മനസ്സിൽ

ഒരു മാവോയിസ്റ്റ് ഉണർന്നത്പോലെ ചിന്താമഗ്നനായി നിൽക്കുന്നത് ഞാൻ കണ്ടു. ചുമരിൽ തറച്ചുവെച്ച ഒരു ഭടന്റെ ഫോട്ടോയിലേക്ക് എന്റെ ദൃഷ്ടി പതിഞ്ഞു. അവന്റെ മനസ്സിൽ ഒളിഞ്ഞുവന്ന മാവോയിസ്റ്റിനെഞാൻ തോളിൽ തട്ടിക്കൊണ്ട് ഉണർത്തി. അവർ സ്വപ്നത്തിൽ നിന്നുണർന്ന പോലെ ചുറ്റും നോക്കിക്കൊണ്ട് എന്റെ മുഖത്തേക്ക് നോക്കി ചിരിച്ചു.

സാറെ ഞാനൊന്ന് ചോദിച്ചോട്ടെ സാറിന്റെ പേരെന്താണ്. ഇതുവരെ പറഞ്ഞിട്ടില്ലല്ലോ? എന്താ സാറിന്റെ പേര്? എന്റെ പേരറിയണമെന്ന ആകാംക്ഷയോടെ റൂംബോയി എന്നോട് ചോദിച്ചു. ജെയിംസ് ആൽബർട്ട്, നാട്ടിലെല്ലാവരും ജെയിംസെന്ന് വിളിക്കും. ഞാൻ പറഞ്ഞു. ഇനി തന്റെ പേരെന്താന്ന് പറ? ഞാൻ അവനോട് ചോദിച്ചു. എന്റെ പേര് വർഗ്ഗീസ് കുര്യൻ, എറണാകുളത്താ താമസം, ഇവിടെ വന്നിട്ട് ഒന്ന് രണ്ട് മാസം കഴിഞ്ഞതേയുള്ളൂ. എന്റെ കയ്യിലുണ്ടായിരുന്ന വാട്ടർ ബോട്ടിൽ വാങ്ങി ഒരു കവിൾ വെള്ളം കുടിച്ചുകൊണ്ട് അവൻ എന്നോട് പറഞ്ഞു. എറണാകുളത്ത് എവിടെയാ? ഞാൻ വർഗ്ഗീസിനോട് ചോദിച്ചു. ടൗൺഹാളിനടുത്തുള്ള ഒരു ചെറിയ വില്ലേജിലാ താമസം. വർഗ്ഗീസ് എന്നോട് പറഞ്ഞു. എന്നാ പിന്നെ സാറ് കിടന്നൊ സംസാരിച്ചിരുന്നാൽ സമയം പോവുന്നതറിയില്ല. വർഗ്ഗീസ് തന്റെ വാച്ചിലേക്ക് നോക്കി പറഞ്ഞു. ഇനി രാവിലെ കാണാം. ഗുഡ്നൈറ്റ് എന്നും പറഞ്ഞ് മുറിയിൽ നിന്നും പുറത്തിറങ്ങി പോകുന്നതിനിടെ, എന്തോ പറയാനായി എന്റെ അരികിലേക്ക് വീണ്ടും തിരിച്ചുവന്ന് വർഗ്ഗീസ് എന്നോട് പറഞ്ഞു.

സാറിന് എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ എന്നോട് പറയാൻ മടിക്കണ്ട എന്തുവേണമെങ്കിലും ഞാൻ ചെയ്ത് തരാം. എന്നു പറഞ്ഞ് മുറിയിൽ നിന്നും പുറത്തേക്കിറങ്ങി പോവുന്ന വർഗ്ഗീസിനോട് ഞാൻ പറഞ്ഞു. തന്നെപോലെ ഒരാളെയാ ഞാൻ അന്വേഷിക്കുന്നതും തന്നെ ആവശ്യം വരുന്ന സമയത്ത് ഞാൻ അറിയിക്കാം. ഓ.കെ. ഗുഡ്നൈറ്റ് എന്നും പറഞ്ഞ് ഞാൻ വർഗ്ഗീസിനെപറഞ്ഞുവിട്ടു. വാട്ടർ ബോട്ടിലെടുത്ത് ഒരു കവിൾ വെള്ളം കുടിച്ച് ലൈറ്റ് ഓഫ് ചെയ്ത് ജനലിനോട് ചേർന്നുള്ള കട്ടിലിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഞാൻ മലർന്ന് കിടന്നു. ഒരു മയക്കത്തോടെ എന്റെ കണ്ണുകൾ മെല്ലെ അടഞ്ഞു പൂർണ്ണചന്ദ്രൻ മേഘക്കീറുകൾക്കിടയിലൂടെ നീങ്ങിയപ്പോൾ, ഇരുട്ട് പരന്നത് എന്റെ കണ്ണുകളെയും ഹൃദയത്തെയും ഒരു പോലെ ഭയവിഹ്വലതയിലേക്ക് നയിച്ചു.

നേരം പുലർന്ന് വരുന്നതേയുള്ളൂ, കതകിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടാണ് ഞാനുണർന്നത്. ഒരു നേരമ്പോക്കിനുവേണ്ടി വർഗ്ഗീസുമായി ഒത്തിരിനേരം സംസാരിച്ചിരുന്നത് കാരണം വളരെ വൈകിയാണ് ഞാനുറങ്ങാൻ കിടന്നത്, പെട്ടെന്ന് കട്ടിലിൽ നിന്നും ചാടിയെഴുന്നേറ്റ് പുറത്തുള്ള ആളോട് ഞാൻ ചോദിച്ചു. ആരാ? എന്തുവേണം? സാറെ, ഇത് ഞാനാ ജെയിംസ് സാറെ, വർഗ്ഗീസ്, സാറെ കതക് തുറന്നാട്ടെ!! കതക് തുറക്കുന്നതും കാത്ത് പുറത്ത് നിൽക്കുന്ന വർഗ്ഗീസ് പറഞ്ഞു. ഞാൻ മെല്ലെ കതക് തുറന്നു. ഇളം നീല നിറത്തോടു കൂടിയ ഫുൾസ്ലീവ് ഷർട്ടും, കറുത്ത പാന്റും, ബ്രൗൺ നിറത്തിൽ തലയിൽ ഒരു തൊപ്പിയും അണിഞ്ഞു നിൽക്കുന്ന വർഗ്ഗീസിനെയാണ് കണ്ടത്. ഉടനെവർഗ്ഗീസ് എന്നെ നോക്കി പറഞ്ഞു. ഗുഡ് മോണിംഗ് സാർ, ഞാനും തിരിച്ച് വർഗ്ഗീസിനോട് പറഞ്ഞു. ഗുഡ്മോണിംഗ്, സാറിന് ചായയോ, കോഫിയോ, എന്താ വേണ്ടത്? വർഗ്ഗീസ് എന്നോട് ചോദിച്ചു!! ഉടനെഞാൻ പറഞ്ഞു. എന്തായാലും വർഗ്ഗീസിന്റെ ഇഷ്ടം, എന്തായാലും ഞാൻ കുടിക്കണമല്ലോ ഞാൻ പറഞ്ഞുനിർത്തിയതും വർഗ്ഗീസ് എന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു. എന്നാ പിന്നെ കോഫി ആവാലോ....ല്ലേ എന്നും പറഞ്ഞ് വർഗ്ഗീസ് തിരിച്ച് പോയി.

ഒരു ചെറിയ കപ്പിൽ കോഫിയുമായി തിരിച്ചുവന്ന വർഗ്ഗീസ് എന്നോട് പറഞ്ഞു. റൂം നമ്പർ നൂറ്റിരണ്ടിൽ ആരൊക്കെയോ വന്നിട്ടുണ്ടല്ലോ ജെയിംസ് സാറെ, കഴിഞ്ഞയാഴ്ചയിലും അവർ ഇവിടെ വന്നിരുന്നു. അവർ എത്ര പേരുണ്ടെന്ന് വർഗ്ഗീസിനറിയോ? ഞാൻ ചോദിച്ചു. പത്തിരുപത് പേരെങ്കിലും കാണും. കയ്യിലുള്ള കപ്പ് എനിക്ക് നേരെ നീട്ടിക്കൊണ്ട് വർഗ്ഗീസ് എന്നോട് പറഞ്ഞു. കോഫി ഒരു കവിൾ കുടിച്ച ശേഷം കപ്പ് മേശപ്പുറത്ത് വെച്ച് ഞാൻ നേരെ റൂം നമ്പർ നൂറ്റിരണ്ടിലേക്ക് നടന്നു. പിറകെ വർഗ്ഗീസും നൂറ്റിരണ്ടാം മുറിയുടെ അടുത്തെത്തി, അകത്തേക്ക് കടക്കുന്നതിന് മുമ്പായി മുറിയിലുള്ളവരെ ഞാനൊന്ന് നിരീക്ഷിച്ചു. ശരീരത്തോട് ഇഴുകിച്ചേർന്ന പാന്റും ഇൻസൈഡ് ചെയ്ത മുറിക്കൈയ്യൻ ഷർട്ടും ധരിച്ച ഒരാൾ എന്റെ അരികിലേക്ക് വന്ന്കൊണ്ട് എന്നോട് ചോദിച്ചു. ആരാ നിങ്ങൾ? എന്തു വേണം? ഒരു പരിചയപ്പെടലെന്നോണം അയാൾക്ക് കൈകൊടുത്ത് കൊണ്ട് ഞാൻ പറഞ്ഞു. ഞാൻ ജെയിംസ് ആൽബർട്ട് കോട്ടയത്തുനിന്ന് വരുന്നു. എന്താ നിങ്ങളുടെ ആവശ്യം? ആരെയാ താങ്കൾക്ക് കാണേണ്ടത്? ഒറ്റശ്വാസത്തിൽ അയാളെന്നോട് ചോദിച്ചു. ഡോക്ടർ സത്യപാലൻ എന്നൊരാളെയാണ് എനിക്ക് കാണേണ്ടത്. അയാൾ ഇവിടെ വരാറുണ്ടെന്നും, രാത്രി ഇവിടെ തങ്ങാറുണ്ടെന്നും, എന്റെ സുഹൃത്ത് ജയപ്രകാശ് എന്നോട് പറഞ്ഞിട്ടുണ്ട്. പക്ഷേ, അയാളെ ഞാൻ നേരിൽ കണ്ടിട്ടില്ല. അയാൾ ഇവിടെ വന്നിട്ടുണ്ടെങ്കിൽ, എന്ന് ഞാൻ പറഞ്ഞു നിർത്തിയതും അയാൾ പൊട്ടിച്ചിരിക്കാൻ തുടങ്ങി. അയാളുടെ ഗാംഭീര്യം നിറഞ്ഞ പൊട്ടിച്ചിരി എന്നിൽ ഒരു ആശയക്കുഴപ്പം സൃഷ്ടിച്ചു. ചിരിച്ചുകൊണ്ടിരിക്കുന്ന അയാളുടെ മുഖത്തേക്ക് ഞാനൊന്ന് നോക്കി. പെട്ടെന്ന് അയാൾ ചിരി നിർത്തി എന്റെ മുഖത്തേക്ക് നോക്കി അയാളെന്നോട് പറഞ്ഞു. താങ്കളുദ്ദേശിക്കുന്ന ഡോക്ടർ സത്യപാലൻ ഞാനാണ്. എന്താ താങ്കൾക്ക് വേണ്ടത്? അയാൾ പറഞ്ഞുനിർത്തിയതും, പെട്ടെന്ന് ഞാനയാളുടെ കാൽക്കൽ വീണുകൊണ്ട് ക്ഷമാപണം എന്ന പോലെ പറഞ്ഞു. എന്നോട് ക്ഷമിക്കണം സർ, താങ്കളുടെ അമ്മ സുമതി ടീച്ചർ മരിച്ചിട്ട് ഇന്നെക്ക് നാലഞ്ച് ദിവസം കഴിഞ്ഞിരിക്കുന്നു. മരണവിവരം യഥാസമയം സാറിനെഅറിയിക്കാൻ കഴിയാത്തതിൽ വളരെ വിഷമമുണ്ട്. സാറിനോട് ഞാൻ ക്ഷമ ചോദിക്കുന്നു. ഉടനെഅയാളെന്നെ പിടിച്ചെഴുന്നേൽപ്പിച്ച് ആശ്ലേഷിച്ചുകൊണ്ട് പറഞ്ഞു. ഞാൻ നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു. വളരെ വൈകിയാണെങ്കിലും മരണവിവരം എന്നെ അറിയിക്കാൻ താങ്കൾ കാണിച്ച ആത്മാർത്ഥതയെ ഞാനാദ്യമായി അഭിനന്ദിക്കട്ടെ. എന്നും പറഞ്ഞുകൊണ്ട് ഡോക്ടർ എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരയാൻ തുടങ്ങി. ■

കവിത

# മരണമെന്ന ആത്മ സുഹൃത്ത്

എ.ആർ.ഡി. ബാലൻ
പെരുമണ്ണ

മരണമേ മാടിവിളിക്കും നീ-
മനുഷ്യന്റെ സന്തത സഹചാരിയല്ലയോ
നിഴലായ്യെന്നെന്നും പിൻതുടരും-
ആത്മസുഹൃത്തും നീയല്ലയോ.

മണ്ണിനോട് മല്ലടിച്ചീ ജീവിതം നയിക്കും
മണ്ണിന്ന് വേണ്ടി കലഹിച്ചി കലഹിച്ചി
പോരാടിമരിക്കും
ആറടി മണ്ണാണ് നിനക്ക് സ്വന്തമെന്ന്
അറിയാതെ പോയതെന്തേ മനുഷ്യാ

ശിശുവായ് നീ ജനിച്ചപ്പോഴെയവൻ
നിന്റെ കൂട്ടുകാരൻ
കൗമാരപ്രായത്തിലും വാർദ്ധക്യക്കാലത്തിലും
കടന്നുവന്നിടുന്ന കൂട്ടുകാരൻ

ഉടുതുണിയില്ലാതെ പിറന്നു നീ
ഊരിന്ന് വേണ്ടി ഉടുത്തുനടന്നു നീ
ഉണ്ണും നേരവും ഉറങ്ങും നേരവും
ഉറ്റ സുഹൃത്തിനെമറന്നുപോയോ
മരണമെന്ന ഉറ്റ സുഹൃത്തിനെന്നീ
മറന്നുപോയോ


കവിത



മിനി
കുന്നമംഗലം

പുഴയിലെ വെള്ളത്തിൽ തുള്ളിക്കളിക്കുന്ന
മഴത്തുള്ളി കിലുക്കം കാതോർത്തിരിക്കുന്ന
പ്രണയിനി ഒരു വട്ടം കൂടി ചിന്തിച്ചുപോയി
പ്രണയമാം നൗകയിൽ കൈകോർത്തു
കൂടിയ പ്രേയസി ദൂരത്തുപോയോ,
മാനുഷനിവിടെയോ മാനസം എവിടെയോ
മറ്റാർക്കോ വേണ്ടി ജീവിച്ചു തീർക്കയോ
തുഴഞ്ഞു തുഴഞ്ഞു കൈ കുഴഞ്ഞൊരീ
പ്രേയസി എന്തിനോ വേണ്ടി തുഴ തുടരുന്നതോ
ലക്ഷ്യമില്ലാതെയായ് ഈ യാത്ര പോകുന്നു
ഏവനും ഈ പുഴക്കക്കരെയുണ്ടുതാൻ
തുഴ വീണു പോയതും നൗക മറിഞ്ഞതും
നീന്തി തുടിച്ചു കരകയറേണമോ
എന്തിനുവേണ്ടി കര പറ്റണം എന്ന്
ആർക്കുവേണ്ടി കൂടി ചിന്തിച്ചു പോകുന്നു
എങ്കിലും നീന്തി കരകയറാൻ കണ്ണുനനച്ച്
നിശ്ചയിച്ചനേരം, മധ്യഭാഗം വരെ
നീന്തി തുടിച്ചു കൈകുഴഞ്ഞനേരം സ്വയം
ചിന്തിച്ചു ഒത്തമധ്യത്തിൽ ആണ്ടു
പോകണമതു നിശ്ചയം ഈശ്വരനല്ല
അതുവിധിയുമല്ല, പ്രമാണിമാരുടെ
വിധിയത് കാതോർക്കിൻ

## പ്രണയനൊമ്പരം



കവിത

# സമാഗമം

സി.പി. നിഷ

അങ്കണപ്പൂന്തോട്ടത്തിൽ മങ്കമാരെല്ലാം ചേർന്ന്
ഷാനിമോളും കൂടെ അങ്കംവെട്ടിക്കൊണ്ട്
ആമ്പലക്കുളം തീർത്തു.
അമ്പലക്കുളത്തിങ്കൽ താമരയും വന്നു
പിന്നെ പിടിപ്പതു പൂച്ചെടികളുമെത്തി.
പൂങ്കാവനത്തിന്റെ ചാരുത കണ്ടു ഞാൻ
അന്തംവിട്ട് മിഴിച്ചുനിന്നു.
നിന്റെ കഴിവിനെപാടി പുകഴ്ത്തുവാ-
നെന്റെ മാനസം വെമ്പൽപൂണ്ടു.
എങ്കിലും ഷാനിയോട് എങ്ങനെചൊല്ലേണ്ടു
തങ്കവും താരയും കേൾക്കുകില്ലേ?
നേതൃത്വപാടവം ഓർത്തുനിൽക്കെ
ഞാൻ നിന്റെ മാതൃത്വകാര്യങ്ങൾ ഓർത്തുപോയി.
മുപ്പതോ നാൽപതോ അമ്പതോ ആകട്ടെ
അപ്പുതൻ അമ്മയായ് വാഴുക നീ.
ചൈതന്യമില്ലാത്ത ചാരുതയില്ലാത്ത
നിന്നെ ഞാൻ തമസ്സിലെ ദീപമായ് ആരാധിപ്പൂ.
വാരിപ്പുണരുവാൻ മോഹമുണ്ടെങ്കിലും
കോരിത്തരിക്കുവാൻ പാടില്ലല്ലോ.
ഗൾഫിൽ ഞാൻ വന്നിട്ട് കൊല്ലം മൂന്നാകുന്നു.
മാസത്തിൽ മുപ്പത് നാളും ഞാൻ സ്വപ്നത്തിൽ വാഴുന്നു
നിസ്വാർത്ഥ പ്രേമത്തിന്റെ ഗദ്ഗദവുംപേറി
സുസ്മേരവദനനായ് വാഴുന്നു മണൽക്കാട്ടിൽ
ചുട്ടുപൊള്ളുന്ന ചൂടിൽ നെട്ടോട്ടമോടുമ്പോഴും
മടുക്കാതെ ഞാൻ ചിന്തിപ്പൂ നിന്നെമാത്രം.
തെല്ലും താമസിയാതെ കൂര ഞാൻ തയ്യാറാക്കാം
മുട്ടുമടക്കി നീ ശാന്തമായ് പ്രാർത്ഥിച്ചാലും
നീയൊരു പാവം അരയത്തിപ്പെണ്ണെങ്കിലും
മായയാൽ ഞാൻ അക്ബർതൻ പിൻഗാമിയായ്
നാമൊന്നു ചിന്തിയ്ക്കുന്നു. പ്രവർത്തിയ്ക്കുന്നു
പക്ഷെ, വന്നുചേരുന്നതോ മറ്റൊരു വിധി.
എങ്കിലും നമ്മുടെ കൂര കെട്ടിപ്പൊക്കുവാൻ
ചോരനീരാക്കുന്നു ഞാൻ അർക്കനസ്തമിപ്പോളം
മറ്റൊന്നുമില്ലെനിക്കോതുവാൻ തെറ്റുകളുണ്ടെങ്കിൽ
പൊറുത്താലും നീ എന്റെ സ്വന്തം ഷാനീ....

കവിത

# ഒത്തുകളി

ജിനി. കെ.

ഞാൻ
ഭൂമിക്കു കുറിതൊട്ടത്
മഴയിൽ
വേനൽ ചാലിച്ച്.
ഞാൻ
നിന്നെ
സിന്ദൂര മണിയിച്ചത്
എന്റെ
ചോരയുടെ
ചുവപ്പ്
വറ്റിച്ചെടുത്ത
തരികൾ ചാലിച്ച്.
ഇപ്പോളും
വേനൽ മഴയും
ഒത്തുകളിക്കുന്നത്
നമുക്കിടയിൽ
ഒഴുകുന്ന
നദിയുടെ
തീരങ്ങളിൽ.

**കഥ**

# അച്ഛനെകണ്ടെത്തി

മൈമൂനാസ് വെള്ളിമാട്കുന്ന്



രാത്രിയിൽ കിടന്നിട്ടും മനുവിനുറക്കം വന്നില്ല. വിവിധ ചിന്തകളാൽ മനസ്സുലഞ്ഞാടി. വിനയയുമായുള്ള ബന്ധം എന്തുകൊണ്ടാണ് ദീപക്കിനോട് പറയാൻ കഴിയാതിരുന്നത്. ദീപക്ക് തന്റെ സുഹൃത്തും വഴികാട്ടിയുമൊക്കെയാണ്. എല്ലാ കാര്യങ്ങളും അവനോട് തുറന്നുപറയാറുള്ളതാണ്. എന്നിട്ടും താനെന്തേ ഇക്കാര്യം ഒളിച്ചുവച്ചു. മനുവിന്റെ മനസ്സിൽ നീറ്റലനുഭവപ്പെട്ടു.

ദീപക് ഗൾഫിൽ നിന്നും അവധിക്ക് വരുമ്പോൾ ഓരോ പ്രാവശ്യവും എന്തെങ്കിലുമൊക്കെ തനിക്കായി കൊണ്ടുവരാറുണ്ട്. ഇത്തവണ ഒരു മൊബൈൽ ഫോണാണ് അവൻ തനിക്ക് സമ്മാനിച്ചത്. ഒരു ടാക്സി ഡ്രൈവറായ തന്റെ കഷ്ടപ്പാടിനെക്കുറിച്ചൊക്കെ അവനറിയാം. ഒരു സഹോദരനെപ്പോലെ പലസഹായങ്ങളും അവൻ ചെയ്ത് തന്നിട്ടുണ്ട്. എന്നിട്ടും അവനോട് കള്ളം പറയേണ്ടി വന്നിരിക്കുന്നു. അല്ലെങ്കിലും ഒരു പെണ്ണിനെ സ്നേഹിക്കുന്നത് തെറ്റാണോ.....? തന്റെ വീട്ടിലെ സ്ഥിതിയോർത്താൽ ഇത്തരം ആശകളൊന്നും വച്ചുപുലർത്താൻ പാടില്ലാത്തതാണ്. തനിക്ക് ഉത്തരവാദിത്വങ്ങൾ വളരെയേറെയുണ്ട്.

വിനയയെ പരിചയപ്പെടാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ചവനോർത്തു. ദീപക് ഇത്തവണ നാട്ടിലെത്തിയപ്പോൾ കുടുംബസമേതം മനുവിന്റെ കാറിൽ ഒരു ബന്ധുവീട്ടിൽ പോയിരുന്നു. അവിടെ വെച്ച് അടുത്ത വീട്ടിലെ പെൺകുട്ടിയെ ദീപക്കാണ് മനുവിന് പരിചയപ്പെടുത്തിക്കൊടുത്തത്. വീട്ടിലെത്തിയിട്ടും മനുവിന്റെ മനസ്സിൽ ആ പെൺകുട്ടി നിറഞ്ഞുനിന്നു. അവളുടെ ചിരിയിൽ ഒരു പ്രത്യേകതയുണ്ടായിരുന്നു. ഒരിക്കൽ കൂടി കാണാൻ കഴിഞ്ഞെങ്കിലെന്നവനാശിച്ചു.

പിന്നീടൊരിക്കൽ യാദൃച്ഛികമായി വിനയയെ ടൗണിൽ വെച്ച് കാണാനിടയായി. ആദ്യത്തെ അമ്പരപ്പ് മാറിയപ്പോൾ അവർ സംസാരിച്ചുതുടങ്ങി. ഷോപ്പിംങ്ങിനു വന്നതാണെന്നും വീട്ടിലേക്ക് പോവുകയാണെന്നും അവൾ പറഞ്ഞു. പിന്നീട് മൊബൈൽ വഴി അടുത്തറിഞ്ഞപ്പോൾ പ്രണയം അവർക്കിടയിലേക്ക് ഒരഥിതിയായെത്തി. പിന്നീട് പലവട്ടം അവർ കണ്ടുമുട്ടി.

മൂന്ന് മാസത്തെ അവധി കഴിഞ്ഞ് ദീപക് ഗൾഫിലേക്ക് തിരിച്ചുപോവുമ്പോൾ യാത്രപറയാനായി മനുവിന്റെയടുത്തെത്തി. സംസാരത്തിനിടയിൽ അവൻ ചോദിച്ചു.

"അന്ന് പരിചയപ്പെട്ട ആ പെൺകുട്ടിയെ നീ പിന്നീട് കണ്ടിരുന്നോ മനൂ....?" "ഒരിക്കൽ ടൗണിൽ വെച്ച് കണ്ടിരുന്നു." മനു പറഞ്ഞു.

"ഇനി കണ്ടാൽ അതികം അടുക്കാനൊന്നും പോവണ്ടകെട്ടോ" ദീപക് ഉപദേശിച്ചു.

"കണ്ടു എന്നല്ലാതെ ഞാൻ സംസാരിച്ചിട്ടില്ല."

കള്ളം പറയുമ്പോൾ മുഖത്ത് പ്രതിഫലിക്കാതിരിക്കാൻ മനുവിനു നന്നേ പ്രയാസപ്പെടേണ്ടിവന്നു. ദീപക് യാത്രപറഞ്ഞ് പോയി.

തന്റെ വീട്ടുകാർ ഇതറിഞ്ഞാലുള്ള സ്ഥിതിയെന്താണ്. അവൻ തന്റെ കുടുംബത്തെക്കുറിച്ചോർത്തു. മരത്തിൽ നിന്ന് വീണ് നട്ടെല്ലൊടിഞ്ഞ് കിടക്കുന്ന സ്നേഹമയിയായ അച്ഛൻ. മംഗല്യ ഭാഗ്യത്തിനായി പ്രതീക്ഷയോടെ കാത്തുകഴിയുന്ന ചേച്ചി. കൊച്ചുകുട്ടികളെപ്പോലെ നിഷ്ക്കളങ്കമായി ചിരിക്കുന്ന മന്ദബുദ്ധിയായ അനിയത്തി. ഇതിനിടയിൽ കിടന്ന് വീർപ്പുമുട്ടുന്ന അമ്മ. തന്റെ ഏക വരുമാനം മാത്രമാണ് ഈ കുടുംബത്തിനുള്ളത്. തന്നെ ആശ്രയിച്ചു കഴിയുന്ന നാലു ജീവിതങ്ങൾ. ഈ സ്ഥിതിയിൽ ഒരു പെണ്ണിനെസ്വന്തമാക്കുന്നത് ചിന്തിക്കാൻപോലുമാവില്ല. എന്നുകരുതി സ്നേഹിച്ച പെണ്ണിനെമറന്നുകളയാനാവുമോ....? അവൻ മറിച്ച് ചിന്തിച്ചു നോക്കി.

ഈയ്യിടെയായിട്ട് വിവാഹത്തെക്കുറിച്ച് മാത്രമേ വിനയക്ക് പറയാനുള്ളു. എത്രയും പെട്ടെന്ന് വിവാഹം നടത്താനവൾ തിടുക്കം കൂട്ടിക്കൊണ്ടിരുന്നു. അതുകേൾക്കുമ്പോൾ തന്നെ മനുവിന് പേടിയാണ്. പെട്ടെന്നൊരു വിവാഹത്തെക്കുറിച്ചോർക്കാനേആവുമായിരുന്നില്ല. ഒരാറുമാസമെങ്കിലും കഴിയട്ടെ എന്ന് പറഞ്ഞിട്ടവൾക്ക് സ്വീകാര്യ

മായില്ല. മനു ഓർത്തു. ചേച്ചിയുടെ കല്ല്യാണം കഴിയാതെ ഞാനെന്റെ കാര്യം നോക്കിയാൽ നാട്ടുകാരെക്കൊണ്ട് പറയിപ്പിക്കലാവും. അതിനിടവരുത്തണോ....? പക്ഷെ കുടുംബത്തെ ഓർക്കാതെ ഒരു ബന്ധം തുടങ്ങിക്കഴിഞ്ഞു. ഇനിയതു പറിച്ചുകളയാനാവില്ല. സ്നേഹത്തിന്റെ വേരുകൾ വളർന്നു കഴിഞ്ഞിരിക്കുന്നു. വെട്ടിമാറ്റാനാവാത്ത വിധം. ഇനി പിൻതിരിയുന്നത് ആ കുട്ടിയോടുചെയ്യുന്ന ക്രൂരതയായിരിക്കും.

ഒരു ദിവസം മനു അവളോട് ചോദിച്ചു. “നമ്മൾ പരിചയപ്പെട്ടിട്ട് മൂന്ന് മാസം കഴിഞ്ഞതല്ലെയുള്ളൂ. ഇത്രപെട്ടെന്ന് കല്ല്യാണം വേണമെന്ന്’’ നീയെന്താ നിർബന്ധം പിടിക്കുന്നത്. ചേച്ചിയുടെ വിവാഹം കഴിയാതെ നിന്നെ വീട്ടിലേക്ക് കൊണ്ടുപോവാൻ കഴിയില്ല. എന്റെ വീട്ടിലെ സ്ഥിതിയൊക്കെ ഞാൻ നിന്നോട് പറഞ്ഞതല്ലെ.

“അമ്മ നിർബന്ധിച്ചിട്ടാണ് മനു.... അമ്മയാണ് പെട്ടെന്ന് കല്ല്യാണം വേണമെന്ന് പറയുന്നത്.” വിനയ പറഞ്ഞു.

“എത്ര കാത്തിരിക്കേണ്ടിവന്നാലും നീയെന്റേതുമാത്രമായിരിക്കുമെന്ന് അമ്മയെ പറഞ്ഞ് മനസ്സിലാക്ക്”

‘‘‘അതല്ല മനു...... എനിക്ക്”...........ബാക്കി പറയാൻ അവൾ പ്രയാസപ്പെട്ടു.

“നിനക്കെന്നെ പിരിഞ്ഞിരിക്കാൻ കഴിയില്ല. അതല്ലെ നീ പറഞ്ഞുവന്നത്. നീയൊന്നുകൊണ്ടും വിഷമിക്കണ്ട. നിനക്കു ഞാനുണ്ട്.’’ എന്തൊക്കെ പറഞ്ഞിട്ടും വിനയ വാശിയിൽ തന്നെ. ആസ്ഥിതിയിൽ മനുവിന്റെ വീട്ടുകാരറിയാതെ അവളെ രജിസ്റ്റർ വിവാഹം നടത്താനുള്ള ഏർപ്പാട് ചെയ്യേണ്ടിവന്നു.

രജിസ്ട്രറിൽ ഒപ്പിടുമ്പോൾ മനുവിന്റെ കൈ വല്ലാതെ വിറച്ചു. അരുതാത്തതെന്തോ ചെയ്യുന്ന ഭാവമായിരുന്നു അവന്. അത് കണ്ട് സുഹൃത്തുക്കൾ ധൈര്യമില്ലാത്തവൻ എന്ന് പറഞ്ഞ് പരിഹരിച്ചു.

ഒരു വാടക വീട് ശരിയാവുന്നതുവരെ വിനയ അവളുടെ വീട്ടിൽത്തന്നെ നിൽക്കാമെന്ന് തീരുമാനമായി. മനു സ്വന്തം വീട്ടിലേക്ക് തിരിച്ചുപോന്നു. വീട്ടുകാരെ അഭിമുഖീകരിക്കാൻ മനുവിന് വൈമനസ്യമുണ്ടായിരുന്നു. ചേച്ചിയുടെ മുഖത്തേക്കുനോക്കുമ്പോൾ താനെന്തോ വലിയതെറ്റ് ചെയ്താണ് വന്നതെന്ന തോന്നലിൽ മനസ്സുരുകി. വേണ്ടായിരുന്നു. ഇവരെയൊന്നും അറിയിക്കാതെ ഇങ്ങനെയൊരുകള്ളക്കളി കളിക്കേണ്ടായിരുന്നു. അച്ഛൻ കിടക്കുന്ന മുറിയിലേക്ക് നടക്കുമ്പോൾ തളർന്നുവീഴുമെന്നവനുതോന്നി.

“വേദനയ്ക്ക് കുറവുണ്ടോ അച്ഛാ......?”

വാക്കുകൾ പതറാതിരിക്കാൻ നന്നേ ശ്രമിച്ചു. എന്നിട്ടും......

“എന്ത് കുറവ് മോനെ. ശരീരത്തേക്കാൾ വേദനമനസ്സിനാണ്. രേവതിയെ ഒരു ഭവനത്തിലാക്കിയാലല്ലെ നിനക്കൊരു ജീവിതമുണ്ടാക്കാൻ പറ്റൂ”.... അച്ഛൻ പലതും പറഞ്ഞുകൊണ്ടിരുന്നു. അവിടെ നിന്നെങ്ങിനെയെങ്കിലുമൊന്നോടി രക്ഷപ്പെടാൻ അവനാഗ്രഹിച്ചു. മനസ്സിലൊരു തീഗോളം വന്ന് ചുറ്റിത്തിരിയുന്നതുപോലെ തോന്നി. വീട്ടുകാരോടാലോചിക്കാതെ ഒരു സൂചനപോലും അവർക്കുകൊടുക്കാതെ ഇത്ര ധൃതിപിടിച്ചൊരു തീരുമാനം എടുക്കേണ്ടായിരുന്നു.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഗൾഫിൽ നിന്നും ദീപക്കിന്റെ ഫോൺ വന്നു. പലതും പറഞ്ഞ കൂട്ടത്തിൽ അവൻ ചോദിച്ചു. “വിനയയെക്കുറിച്ച് വല്ല വിവരവും നീയറിഞ്ഞോ....? അവളുടെ കഥ ഞാൻ നിന്നോട് പറഞ്ഞിട്ടില്ലല്ലോ.....? അന്നേ പറയണമെന്ന് കരുതിയതാണ്. സാഹചര്യം ഒത്തുവന്നില്ല.”

“എന്ത് കഥ....”? മനുവിന്റെ ചോദ്യത്തിൽ ഒരമ്പരപ്പുണ്ടായിരുന്നു. “മൂന്നാല് മാസം മുൻപ് അവളൊരാളുടെ കൂടെ ഒളിച്ചോടിയിരുന്നു.” ഹൃദയത്തിൽ ഒരഗ്നിജ്വാല കത്തിപ്പടരുന്നതായി മനുവിനനുഭവപ്പെട്ടു. തളർച്ചയോടെ അവൻ ചോദിച്ചു.

“എന്നിട്ട്......”?

ഒരാഴ്ച കഴിഞ്ഞപ്പോൾ അയാളെ ഉപേക്ഷിച്ച് സ്വന്തം വീട്ടിലേക്ക് തിരിച്ചുപോന്നു. അപ്പോഴാണറിയുന്നത് താൻ ഗർഭിണിയാണെന്ന്. ആ സമയത്താണ് നമ്മളവളെ കാണുന്നത്. ഇപ്പോൾ അവളുടെ വയറ്റിൽ കിടക്കുന്ന കുഞ്ഞിന് ഒരച്ഛനെതേടിപ്പിടിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. ഒന്നും മിണ്ടാനാവാതെ ഒരു പ്രതിമപോലെ മനു തരിച്ചുനിന്നു.

■

കവിത

# പുള്ളുവത്തി


**ശിവദാസൻ ചെമ്മണ്ട**



**ആറ്റുനോറ്റോരുണ്ണി പിറന്നു**
**സ്വർണ്ണത്തിൻ നിറമുള്ള പൊന്നുണ്ണി**
**അമ്പാടിവീട്ടിലെ കടിഞ്ഞോൽ മുത്ത്**
**കണ്ടാൽ നല്ലൊരു കൽക്കണ്ട കനി**
**അമ്മതൻ മാറിൽ മയങ്ങുന്ന പൊന്നുണ്ണി**
**പാടിയുറക്കുന്ന പൊന്നമ്മ**
**കുഞ്ഞിന്റെ ജന്മദിനത്തിൽ തുടങ്ങുന്ന**
**പുള്ളുവപെൺകൊടി പാടിടുന്നു**
**ഉണ്ണി പിറന്നു പൊന്നുണ്ണി പിറന്നു**
**ഓമനച്ചേലുള്ള പൊന്നുണ്ണി**
**കണ്ടാലഴകുള്ള കാന്താരി**
**തൊട്ടാൽ തുടിക്കുന്ന തങ്കക്കനി**
**മുറ്റത്ത് പൂത്തറ ഒരുങ്ങീടുന്നു**

**പൂക്കൾകൊണ്ടും അരിമാവുകൊണ്ടും**
**കുരുത്തോലകൊണ്ടുള്ള തോരണങ്ങൾ**
**സുഗന്ധം പരത്തുന്ന ചന്ദനത്തിരികൾ**
**അച്ഛനുമമ്മയും പൂമുഖ തിണ്ണയിൽ**
**ഉണ്ണിയെ ഉണ്ണാനായി ഒരിക്കീടുന്നു**
**തങ്കക്കുടത്തിന്റെ ജന്മദിനത്തിനായ്**
**പുള്ളുവപെൺകൊടി പാടിടുന്നു**
**ആയുരാരോഗ്യം ലഭിച്ചിടട്ടെ**
**ആനന്ദലഹരിയിൽ ആറാടിടട്ടെ**
**അലങ്കാര ദീപങ്ങൾ മിന്നിത്തിളങ്ങുമ്പോ**
**വീണയിൽ പൂക്കുന്ന രാഗാർദ്ര ഭാവങ്ങൾ**
**രണ്ടുപേർ ചേർന്നുള്ള ശബ്ദസങ്കൽപ്പങ്ങൾ**
**മാണിക്യമുത്തിന്റെ നാവേറ് പാടുന്നേ**
**വീടിൻ വിളക്കിന്റെ നാവേറ് പാടുന്നേ**


VOTE FOR
PLECE HELP


എടിയെയ്......
കോഴിക്കോട്
മത്സരിക്കുന്ന
സ്ഥാനാർത്ഥികൾ
നമ്മളെക്കാളും
ഗതിയില്ലാത്തവരാടീ....
ബംഗ്ലാദേശ്
കോളനി


ഇതുവരെ നേതാക്കളുടെ
വിശുദ്ധ ഭാണ്ഡ വാർത്തകൾ
കേൾക്കുവല്ലായിരുന്നോ ?
ഒന്ന് കുളിച്ചിട്ട് വരാം



കഴിഞ്ഞ 5. വർഷം
എവിടെയിരുന്നു. ?
M.P
ജനവിധി-2014

കഥ

# ദൈവം യാത്രയാവുന്നു.



രാജേഷ് തിരുവിച്ചിറ



കലിയൻ പടിയിറങ്ങിയ ഒരു കർക്കിടക സന്ധ്യയിൽ ദൈവം ശ്രീകോവിലിനകത്തെ സ്വർണ്ണവിഗ്രഹത്തിൽ നിന്നും അദൃശ്യനായി തന്റെ പ്രിയ സൃഷ്ടിയായ മനുഷ്യരുടെ നന്മയും തിന്മയും സുഖങ്ങളും ദുഃഖങ്ങളും നേരിട്ടുകാണുവാൻ തെരുവിലേക്കിറങ്ങി.

തെരുവിലെ പ്രധാനനിരത്തിൽ ഒരു വലിയ ആൾക്കൂട്ടം കണ്ട് ദൈവം അങ്ങോട്ടു നടന്നു. കൈകളിൽ മാരകായുധങ്ങളുമേന്തി സമുദായങ്ങളുടെ പേരിൽ പോർവിളിനടത്തുന്ന കുറെ മനുഷ്യരുടെ ഇടയിലാണ് ദൈവം ചെന്നുപെട്ടത്. ആരോട് എന്തുപറഞ്ഞ് സമാധാനിപ്പിക്കണമെന്നറിയാതെ ദൈവം കുഴങ്ങി. പരസ്പരം പോർവിളി നടത്തുന്ന മനുഷ്യരുടെ ഇടയിൽ സമുദായങ്ങളെ തിരഞ്ഞ് ദൈവം തളർന്നു.

സൃഷ്ടിക്കുമ്പോൾ മനുഷ്യനെമാത്രം സൃഷ്ടിച്ചദൈവം സമുദായങ്ങളെക്കുറിച്ച് അജ്ഞനായിരുന്നു.

പരസ്പരം പടവെട്ടിമരിക്കുന്ന സ്വന്തം മക്കളെ കണ്ടുനിൽക്കാൻ മനക്കരുത്തില്ലാതെ ആ അദിപിതാവ് നിറഞ്ഞ കണ്ണുകളോടെ ആൾകൂട്ടത്തിന്നിടയിൽ നിന്നും പുറത്തുകടന്നു. പെട്ടന്നായിരുന്നു മഴ പെയ്യാനാരംഭിച്ചത് ഇടിവെട്ടി തിമർത്തുപെയ്യുന്ന കർക്കിടക മഴയിലൂടെ ദൈവം ഏകനായി യാത്ര തുടർന്നു.

യാത്രയുടെ മൂകമായ വേളയിലെതിലോ അടുത്തുള്ള വ്യവസായ ശാലയിൽ നിന്നും സൈറൺ മുഴങ്ങിയപ്പോഴാണ് ദൈവം നേരം പുലരുവാനായ കാര്യം ഓർത്തത്. ശാന്തിക്കാരൻ നമ്പൂതിരി ഇപ്പോൾ തന്നെ പൂജിക്കുവാനെത്തുമല്ലോ എന്നോർത്ത് ദൈവം ശ്രീകോവിലിനരികിലേക്ക് തിരക്കിട്ട് തിരിച്ചുനടന്നു. ശ്രീകോവിലിനരികിലെത്തിയ ദൈവം അമ്പരന്നു നിന്നുപോയി. ശ്രീകോവിലിന്റെ വാതിലുകൾ മലർക്കെ തുറന്നിട്ടിരിക്കുന്നു. തനിക്കുപ്രവേശിക്കേണ്ട സ്വർണ്ണ വിഗ്രഹം അപ്രത്യക്ഷമായിരിക്കുന്നു. അമ്പരപ്പിൽ നിന്നും മോചിതനായ നിമിഷം ദൈവം അൽഭുതം കൊണ്ട് കോരിത്തരിച്ചുപോയി തന്റെ അരുമയായ മനുഷ്യന്റെ വളർച്ചയിൽ. തന്നെ പോലും കൈകളിലെടുത്ത് രായ്ക്കുരായ്മാനം കടന്നുകളയുവാൻ യോഗ്യരായ മനുഷ്യകുലത്തിന് നല്ലതുമാത്രം വരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ദൈവം ക്ഷേത്രത്തിന്റെ പടികളിറങ്ങി അരയാൽ വൃക്ഷങ്ങൾ അതിരുകൾ തീർത്ത ക്ഷേത്രകുളത്തിന്റെ കരയിലൂടെ ദൈവം കിഴക്കോട്ടുനടന്നു. തായമ്പകയും സ്വർണ്ണതിടമ്പുമില്ലാത്ത ആ യാത്രയ്ക്ക് കർക്കിടക കാറുകൾ മൂടിയ പുലർകാല സൂര്യന്റെ ഇരുണ്ട മുഖം മാത്രം സാക്ഷിയായി.

■

## വിഷ്ണുലോകം

ഒരുവട്ടം കൂടിഞ്ഞാൻ ശിശുവായ് ജനിക്കട്ടെ?
അമ്മേ! നിന്നുദരമാം വിഷ്ണുലോകത്തിൽ
ചെമ്പട്ടിൽ പൊതിഞ്ഞൊരു താമരയല്ലിപോൽ
നീലകാശത്തിൽ നൂൽവള്ളിയിൽ തൂങ്ങി
ആകാശ ഗംഗയിലെ അഗ്നിപുഷ്പങ്ങളോട്
കണ്ണിറുക്കി
കണങ്കാൽ കൊണ്ടീ ഭൂമിയെ തിരിയ്ക്കാം
കരബലം കൊണ്ടീ മാനം മറയ്ക്കാം
നീർഗള നാദത്തിൽ ഭൂലോകം നടുക്കാം
മാരിവില്ലിൻ വർണ്ണക്കൊമ്പത്തൂഞ്ഞാലാടാം
മന്ദം നീങ്ങും മുകിൽ മാലകളെ തട്ടിയൊരുക്കാം
നീലാഴിതത്തിലെ മത്സ്യക്കൊട്ടാരത്തിൽ രാജാവാവം
മാണിക്യക്കല്ലിൽ കിരീടം ധരിക്കാം.
മായച്ചിറകിൽ പറന്നുയരാം....
ആരാമത്തിൽ പതിയെ ഉറങ്ങാം.
കുണുങ്ങിച്ചിരിക്കും പൂക്കളോടൊപ്പം
കണ്ണാരം പൊത്തിക്കളിച്ചു നടക്കാം
ഒരുവട്ടം കൂടിഞാൻ ശിശുവായ് ജനിക്കട്ടെ?
നിന്നുദരമഞ്ചമാം വിഷ്ണു ലോകത്തിൽ....




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode